"യോഹന്നാൻ അവരോടു പറഞ്ഞു: ഞാൻ നിങ്ങളെ വെള്ളംകൊണ്ടു സ്നാപനം ചെയ്യുന്നു. എന്നാൽ നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മദ്ധ്യേ നിൽക്കുന്നുണ്ടു. എന്റെ പിന്നാലെ വരുന്നവനെങ്കിലും എന്റെ മുമ്പനാകുന്ന അവൻ. അവന്റെ ചെരിപ്പുകളുടെ ചരടഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല. യോർദ്ദാന്നക്കരെ യോഹന്നാൻ സ്നാപനം നൽകിക്കൊണ്ടിരുന്ന ബെഥാന്യായിലാണ് ഇവയെല്ലാം സംഭവിച്ചതു്."

—യോഹന്നാൻ I: 26-28

# സത്യദീപം

"ഭക്തിയുള്ള ആത്മാവ് നിശ്ശബ്ദതയിലും ശാന്തതയിലും പുരോഗമനം ചെയ്യുകയും വേദഗ്രന്ഥങ്ങളിലെ രഹസ്യങ്ങളെ പഠിക്കുകയും ചെയ്യുന്നു. അവിടെ ആ ആത്മാവ് രാത്രിതോറും തന്നെ കഴുകി ശുദ്ധമാക്കുന്നതിനായുള്ള അശ്രുപ്രവാഹത്തെ കണ്ടെത്തുന്നു, തന്റെ സ്രഷ്ടാവുമായി കൂടുതൽ പരിചയം സമ്പാദിക്കുന്നതിനായി ലോകബഹളങ്ങളിൽനിന്നു കൂടുതൽ അകന്നുജീവിക്കുകയും ചെയ്യുന്നു."

—ക്രിസ്ത്വാനുകരണം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293 | 1957 ഡിസംബർ 11 —ബുധനാഴ്ച | Vol. 31, No 18

# "കന്യകാമറിയത്തിന്റെ വിമലഹൃദയം"


(ഡോക്ടർ പോൾ വി. പീററർ, ഐ. എച്ച്. എം.)

"ലോകം മുഴുവനിലും എന്റെ വിമലഹൃദയത്തോടുള്ള ഭക്തി സ്ഥാപിക്കുന്നതിനു് ദൈവം ആഗ്രഹിക്കുന്നു" (1917 ജൂലൈ 13-ലെ ദർശനം.)

ഈശോയുടെ ആരാദ്ധ്യമായ പരിശുദ്ധഹൃദയത്തോടുള്ള ഭക്തി കഴിഞ്ഞാൽ പിന്നെ ഒരു മാതൃകാ കത്തോലിക്കനു് ഏററവും ഹൃദ്യമായിത്തീരേണ്ടതു് മേരിയുടെ വിമലഹൃദയത്തോടുള്ള ഭക്തിയാണു്. മിശിഹായുടെ പരിപാവനമായ ഹൃദയം കഴിഞ്ഞാൽ പിന്നെ ദൈവത്തിനു് ഇത്രയും പ്രിയങ്കരമായിത്തീർന്നിട്ടുള്ള യാതൊരു ഹൃദയവും ഉണ്ടായിട്ടില്ല. ഇത്രയധികം വരപ്രസാദങ്ങൾ സ്വീകരിച്ചതോ—പൂർണ്ണതയുടെ അത്യുച്ചിയിൽ എത്തിച്ചേർന്നിട്ടുള്ളതോ—ആയ ഒരു ഹൃദയം ഇല്ലതന്നെ. പരിശുദ്ധ ദൈവസ്നേഹത്താൽ തുടിച്ചിരുന്നതും നിറഞ്ഞിരുന്നതും ആയി മറെറാരു ഹൃദയം നാം കാണുകയില്ല. മനുഷ്യജാതിയുടെനേരെ ഇത്രയധികം സഹതാപം പ്രദർശിപ്പിക്കുന്ന യാതൊരു ഹൃദയവും ഇതേവരെ ഉണ്ടായിട്ടില്ല.

വിമലഹൃദയഭക്തിയുടെ വിഷയം രണ്ടാണു്. ഒന്നു് ഭൗതികവും മറേറതു് ആദ്ധ്യാത്മികവും. ഭൗതികമായതിനു് ദ്വിതീയസ്ഥാനവും ആദ്ധ്യാത്മികമായതിനു് പ്രഥമസ്ഥാനവുമാണു് വേദശാസ്ത്രപണ്ഡിതന്മാർ നിർദ്ദേശിച്ചുകൊടുത്തിട്ടുള്ളതു്. അവതീർണ്ണനായ ദൈവസുതന്റെ മാതാവിന്റെ ശാരീരികഹൃദയമാണു് ഇതിന്റെ ഭൗതികവിഷയം, അഥവാ ചിഹ്നം. ആദ്ധ്യാത്മികവിഷയമോ എന്നാൽ മേരിയുടെ ആദ്ധ്യാത്മികഹൃദയം (Spiritual Heart) ആണു്. അതേ, തീവ്രമായ സ്നേഹത്താൽ ജ്വലിക്കുന്ന—തീക്ഷ്ണതയേറിയ ദൈവസ്നേഹത്താൽ ആളിക്കത്തുന്ന മരിയയുടെ ദൈവസ്നേഹമാണു് ഇതിന്റെ പരിപാവനമായ വിഷയം. വർദ്ധമാനമായി ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു ചൂളയിൽ നിന്നെന്നപോലെ എല്ലാ മനുഷ്യരേയും ഗ്രസിക്കുവാൻ ഈ അഗ്നി പുറപ്പെടുന്നു. "ഉപവി" (Charity)യെന്നു പറയുന്ന സ്നേഹത്തിന്റെ തികവിൽനിന്നു അതു പുറപ്പെടുന്നു. എത്ര കൂടുതലായി ദൈവത്തെ അവൾ സ്നേഹിക്കുന്നുവോ അത്ര കൂടുതലായി അവിടുത്തെ കുഞ്ഞുമക്കളായ മനുഷ്യരേയും സ്നേഹിക്കുന്നതിനവൾ നിർബന്ധിക്കപ്പെട്ടവളാണു്.

മിശിഹായുടെ ഭൗതികഹൃദയം ആർദ്രമായ സ്നേഹത്തിന്റെ ഇരിപ്പിടമെന്നോണം ജ്വാലകളെ വമിക്കുന്ന ഒരു ശാരീരികഹൃദയമായിട്ടത്രെ ചിത്രീകരിച്ചിരിക്കുന്നതു്. ക്രിസ്തുവിന്റെ വിജയപതാകയായ കരിശിന്റെ ചിഹ്നവും അതിൽ കാണുമാറുണ്ടു്. മറിയത്തിന്റെ വിവിധസുകൃതങ്ങളെ ചിത്രീകരിക്കുന്നതിനു് ഒരു പുഷ്പമുടി അതിനെ മകുടംചൂടുന്നു. അതു് ഒരു വലിയ വാളിനാൽ ഭേദിക്കപ്പെട്ടതായി ചിത്രകാരന്മാർ രേഖപ്പെടുത്തുന്നുണ്ടെങ്കിലും "ഫാത്തിമായിൽവച്ചു് ലൂസി ദർശിച്ച മേരിയുടെ വിമലഹൃദയം വാളുകൊണ്ടു് ഭേദിക്കപ്പെട്ടതല്ലെന്നു് അവൾ പ്രത്യേകം പറയുന്നുണ്ടു്. 1925 ഡിസംബർ 10-ാംനു കന്യകാമറിയം ലൂസി ഒരു ഡൊറോത്തി കന്യാസ്ത്രീയായിരിക്കവേ, ഉണ്ണീശോയോടുകൂടി അവൾക്കു് പ്രത്യക്ഷയായി തദവസരത്തിൽ അതു മുള്ളുകളാൽ വലയംചെയ്യപ്പെട്ടിരുന്നതു് അവൾ കണ്ടു. അത്തരുണത്തിൽ നമ്മുടെ ദിവ്യരക്ഷകൻ അവളോടു് ഇപ്രകാരം പറഞ്ഞു: "നിന്റെ ഏററവും പ. അമ്മയുടെ വിമലഹൃദയത്തോടു് നീ സഹതാപമുള്ളവളായിരിക്കുക മുള്ളുകളാൽ വലയംചെയ്യപ്പെട്ടിരിക്കുന്നതും, നന്ദിഹീനർ ഓരോ വിനാഴികയിലും കുത്തിത്തുളയ്ക്കുന്നതും ആയ ഹൃദയത്തെ നീ ദർശിക്കുക പരിഹാരപ്രവൃത്തികളാൽ അതിനെ ആശ്വസിപ്പിക്കുന്നതിനു് അധികംപേരില്ലെന്നു് നീ സദാ സ്മരിക്കണം." മനുഷ്യവർഗ്ഗത്തോടുള്ള മരിയയുടെ സ്നേഹം, ദിവ്യരക്ഷകനു് മനുഷ്യരോടുള്ള അനന്തസ്നേഹത്തിന്റെ ഒരു ഏകദേശച്ഛായ വഹിക്കുന്നുണ്ടു്. അവിടുന്നു് നീതിമാന്മാരെയെന്നതിനേക്കാൾ പാപികളെ അന്വേഷിച്ചുവന്നു ആകയാൽ അവൾക്കും, നീതിമാന്മാരുടെ നേരെ സ്നേഹമുണ്ടെങ്കിലും, അവരുടെ ദുഃഖദുരിതങ്ങളിൽ സഹതാപം പ്രദർശിപ്പിക്കുന്നുവെന്നു വരികിലും. പാപികളോടു് അവൾക്കുള്ള സ്നേഹവും സഹതാപവും അതിനേക്കാൾ നൂറുമടങ്ങു് വർദ്ധിച്ചതാണു്. നമ്മുടെ സാന്മാർഗ്ഗികാധഃപതനം കാണുമ്പോൾ അവളുടെ മാതൃഹൃദയം വെന്തുനീറുകതന്നെ ചെയ്യുന്നു. പാപികളോടവൾ അനുകമ്പകാണിക്കുന്നതു് അവരുടെ യോഗ്യതകൊണ്ടല്ല, പ്രത്യുത അവർക്കു് അവളെക്കൊണ്ടുള്ള ആവശ്യംകൊണ്ടാണു്.



സ്വപിതാവിനാൽ ഒററിക്കൊടുക്കപ്പെട്ട
വേദസാക്ഷിണി വി. ലൂസി
(തിരുനാൾ—ഡിസമ്പർ 13)

മനുഷ്യവർഗ്ഗം മരിയയുടെ വിമലഹൃദയത്തോടു ഭക്തി പ്രദർശിപ്പിക്കുന്നതിനുള്ള ഒരു പ്രത്യേക കാരണം സഹതാപസമ്പൂർണ്ണമായ ഒരു ഹൃദയം അവളിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നതത്രെ. അതു് കരുണാർദ്രമാണു്; നന്മനിറഞ്ഞതാണു്; മനുഷ്യന്റെ ബുദ്ധിമുട്ടുകളുടെ കാഴ്ചമാത്രയിൽ അലിഞ്ഞുപോകുന്നതാണു്; ഏററം പ്രധാനമായി മനുഷ്യനെ അനുതാപത്തിലേക്കു ആകർഷിക്കുന്നതാണു്; അവൾ കാരുണ്യത്തിന്റെ മാതാവാണു്; പാപികളുടെ സങ്കേതമാണു്; പീഡിതരുടെ ആശ്വാസമാണു്; നിരാശയിൽനിന്നു് അവൾമൂലം രക്ഷപെട്ട ആത്മാക്കൾ അനേകസഹസ്രമാണു്. നരകസർപ്പത്തിന്റെ വായിൽനിന്നു അവൾ പിടിച്ചുപറിച്ചെടുത്തവരുടെ സംഖ്യയും കുറവല്ല; ദുർന്നടത്തയുടെ ദുർഗ്ഗന്ധപൂരിതമായ ശവക്കുഴിയിൽനിന്നു് അവൾ വലിച്ചുകയററിയവരുടെ എണ്ണം ഊഹിക്കുവാൻതന്നെ ആർക്കുകഴിയും?

അവൾ സഹതാപസമ്പൂർണ്ണയായിരിക്കുന്നതിനുള്ള നിദാനം അവളുടെ വരപ്രസാദാധിക്യമാണു്. അവൾ നന്മപൂർണ്ണയാണു്; തെല്ലും സംശയമില്ല. അവളുടെ സുകൃതസമ്പൂർണ്ണത ഗ്രഹിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഈ നന്മപൂർണ്ണതയാണു് അവളെ ദൈവത്തോടടുപ്പിക്കുകയും ദൈവികമാക്കിത്തീർക്കുകയും ചെയ്യുന്നതു്. മററുള്ളവർ നന്മയുള്ളവരാണു്. പക്ഷെ ഭാഗികമായ നന്മകൾ മാത്രമേ അവർക്കുള്ളൂ. എന്നാൽ മറിയം നന്മപൂർണ്ണയാണു്. അവൾ വരപ്രസാദവിഭൂഷിതയും നന്മനിറഞ്ഞവളുമാകുന്നുവെന്നു് ഗബ്രിയേൽ അതിദൂതന്റെ അഭിവാദ്യം വ്യക്തമാക്കുന്നുണ്ടല്ലോ? "രാജകന്യകേ" എന്ന വിശിഷ്ടനമസ്കാരത്തെപ്പററി വി. അല്ഫോൻസിന്റെ വിശദീകരണം മുഴുവനും ഇവിടെ സ്മർത്തവ്യമാണു്. "നിന്നാൽ കൈവിടപ്പെട്ടതായി ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല." എന്നുള്ള വി. ബർണ്ണാർദിന്റെ "എത്രയും ദയയുള്ള മാതാവേ!" എന്ന ജപത്തിൽനിന്നുള്ള ഉദ്ധാരണം ഭുവനപ്രസിദ്ധമല്ലയോ? നമ്മുടെ പ: അമ്മയുടെ സങ്കേതത്തിങ്കൽ ഏതുനേരവും ഓടിച്ചെല്ലുന്നതിനു് എന്താണു നാം ഭയപ്പെടുവാനുള്ളതു്? അവളിൽ കർക്കശതയുടെ കണികപോലും കാണുമാറില്ല മാധുര്യത്തിന്റെ തികവത്രെ നാം അവളിൽ ദർശിക്കുന്നതു്. അവൾ പാലും തേനും എവർക്കും നൽകുന്നു. വേദപുസ്തകം മുഴുവനും പരിശോധിക്കുക. അവളിലാകട്ടെ, അവളുടെ സാദൃശ്യങ്ങളിലാകട്ടെ, കാഠിന്യത്തിന്റേയും കോപത്തിന്റേയും ലാഞ്ഛനപോലും കാണുകയില്ല. ഇതിനാൽ കാരുണ്യം വഴിഞ്ഞൊഴുകുന്നവളായി അവളെ നാം കാണുന്നുവെന്നുവരികിൽ അതിലെന്താണു അതിശയിപ്പാനുള്ളതു്? ആ കാരുണ്യമൂർത്തിതന്നെയല്ലയോ പുതിയ നിയമത്തിന്റെ ഏക മദ്ധ്യസ്ഥയായി അവളെ നമുക്കു കല്പിച്ചുതന്നതു്. അതിനാൽ ആ ജീവകാരുണ്യമൂർത്തിയോടും അവിടുത്തെ കാരുണ്യമാതാവിനോടും എന്നെന്നും നാം നന്ദിയുള്ളവളായിരിക്കണം. "ഡാൻറി"യുടെ മരിയയെപ്പററിയുള്ള പ്രശംസാഗീതം ലോകപ്രസിദ്ധമാണു്. ബലഹീനരായ ഞങ്ങൾക്കു നീ ദൈവസ്നേഹത്തിൽ മദ്ധ്യാഹ്നസൂര്യൻപോലെയാണു്. ഈ താഴ്‌വരയിൽ ജീവിക്കുന്ന മർത്ത്യരായ ഞങ്ങൾക്കു പ്രതീക്ഷയുടെ സജീവമായ പ്രേരണാശക്തിയാണു്. നിന്നോടു പ്രാർത്ഥിക്കുന്നതിനു് ഞങ്ങളെ സാദ്ധ്യമാക്കുന്നതു നിന്റെ നന്മയാണു്. നിന്നിലാകുന്നു കാരുണ്യം. നിന്നിലാകുന്നു അനുകമ്പ. മഹത്തരമായ വിശാലഹൃദയവും നിന്നിൽതന്നെ. സൃഷ്ടികളിൽ കാണുന്ന ഗുണവിശേഷങ്ങളെല്ലാം ഒന്നായി നിന്നിൽ ഞാൻ ദർശിക്കുന്നു.

മരിയയുടെ വിമലഹൃദയത്തിന്റെ നന്മ നാനാദിഗന്തങ്ങളിലും പ്രകീർത്തിതമാണെന്നു പ്രസ്താവിച്ചുവല്ലോ. ഈ നന്മ മററുള്ളവർക്കു നന്മചെയ്യണമെന്നുള്ള ആഗ്രഹത്തോടുകൂടിയ ഉത്കൃഷ്ടനന്മയാണു്. ഇതിനാലാണു് അവളോടു പ്രാർത്ഥിച്ചവർക്കാർക്കും പ്രാർത്ഥിതം സാധിക്കാതെ വന്നിട്ടില്ലെന്നു വി. ബർണ്ണാർദു പ്രകീർത്തിക്കുന്നതു്. വിട്ടുവീഴ്ചകൾ ചെയ്യുന്ന നന്മയാണു് മരിയക്കുള്ളതു്. ഏതു പാപിയും അവിടെ സ്വീകാര്യമാണു്. അനുതാപത്തിന്റെ കണിക കാണിച്ചിട്ടുള്ളവരിലാരാണു് ആ മാതൃഹൃദയത്തിൽ സ്വീകാര്യനായിത്തീരാത്തുള്ളതു്? അവളുടെ ജീവകാരുണ്യത്തെ വെല്ലുവാൻ ആർക്കും സാധിക്കുകയില്ല. അവളിൽനിന്നാശ്വാസംപ്രാപിക്കാത്തതായും ആരുമില്ല.

മരിയയുടെ കാരുണ്യത്തിന്റെ ഒരു പ്രത്യേകത അതു് മാതൃഹൃദയ

(ശേഷം 8-ാംപേജിൽ)

# ചെറുകഥ

## “എനിക്കു ദാഹിക്കുന്നു”

(മിസ് റോസമ്മ, പൊന്നാമററം, കോഴിക്കോട്)

സമയം നാലുമണിയാകാറായിട്ടുണ്ട്. ജെയിംസ് ആരേയോ പ്രതീക്ഷിക്കുന്ന മട്ടിൽ ഇടയ്ക്കിടയ്ക്കു ജനാലപ്പഴുതിലൂടെ ഉറിച്ചുനോക്കിക്കൊണ്ടിരിക്കയാണ്. പിന്നീട് കസാലയിൽ വന്നിരുന്ന് ഒരു മാസികയെടുത്തു നിവർത്തി. മുഖം പ്രസന്നമാണെങ്കിലും സൂക്ഷിച്ചു നോക്കിയാൽ ദുഃഖത്തിന്റെ ചില നേരിയ രേഖകൾ വ്യക്തമായിരുന്നു. ആത്മാർത്ഥതനിറഞ്ഞ ഒരു മനുഷ്യസ്നേഹി തന്റെ പ്രിയപ്പെട്ട സഹോദരിയുടെ സ്കൂളിൽനിന്നുള്ള വരവിനെ പ്രതീക്ഷിച്ചിരിക്കയാണ്.

ഗ്രേസിയും ജെയിംസും സഹോദരീസഹോദരന്മാരാണ്. അച്ഛനും അമ്മയും ഇഹലോകവാസം വെടിഞ്ഞിട്ട് കാലങ്ങൾ കുറെ കഴിഞ്ഞുപോയി. അങ്ങനെ അമ്മയുടെ പരിലാളനസുഖം ആസ്വദിക്കുവാൻ ഗ്രേസിക്ക് ഭാഗ്യമുണ്ടായില്ല. തന്റെ കുഞ്ഞനുജത്തിയെ ജെയിംസിനെ ഏല്പിച്ചിട്ട് അമ്മ അവസാനമായി പറഞ്ഞ വാക്കുകൾ അവൻ അപ്പോഴും സ്മരിക്കുന്നുണ്ടായിരുന്നു. “മകനേ, ജെയിംസ്, ഞാൻ പോകയാണ്. എന്റെ... ഗ്രേസിയുടെ അച്ഛനും അമ്മയും ഇനി നീയാ...ണ്, കേട്ടോ?” ആ നീറുന്ന സ്മരണകൾ അവന്റെ മസ്തിഷ്കത്തിൽ എപ്പോഴും ശീതാഭിഷേകംചെയ്തുകൊണ്ടിരുന്നു. ആയിരമായിരം സംഭവപരമ്പരകൾ അതിനെ ആവരണംചെയ്തു. എന്നിട്ടും ജെയിംസിന്റെ മനസ്സിൽനിന്നും അത് പരിപൂർണ്ണമായി മായുന്നില്ല.

പെട്ടെന്ന് എന്തോ ഒരു ശബ്ദം, അല്ല ഒരു കുയിൽനാദം. ജെയിംസ് എഴുന്നേററ് നാലുപാടും നോക്കി. ആരേയും കാണുന്നില്ല. “അച്ചായാ...” മൃദുലകോമളമായ ആ വിളി വീണ്ടും മുഴങ്ങുന്നു. ജെയിംസ് രണ്ടാമതും എഴുന്നേററുചെന്നു നോക്കി. അപ്പോഴും മുന്നനുഭവംതന്നെ. “അച്ചായാ” ഗ്രേസിയുടെ അവ്യക്തമധുരമായ ശബ്ദം! ഇത്തവണ ആ സുമധുരധ്വനിയിൽ ജെയിംസ് തന്റെ കുഞ്ഞുസോദരിയെ ദർശിച്ചു. അദ്ദേഹം അവിടെയെല്ലാം നോക്കി. പക്ഷെ എങ്ങും നിശ്ശബ്ദത. തന്റെ കൊച്ചുസഹോദരി ഗ്രേസി തന്നെ കളിപ്പിക്കയാണെന്നു അദ്ദേഹത്തിനു ബോദ്ധ്യമായി. അദ്ദേഹം അവളെ സ്നേഹപൂർവ്വം വിളിച്ചു: “ഗ്രേസീ...ഗ്രേസീ” യാതൊരു പ്രതിശബ്ദവും ഇല്ല. അദ്ദേഹം വീണ്ടും ഉറക്കെ വാത്സല്യപൂർവ്വം വിളിച്ചു. അപ്പോഴും പഴയ അനുഭവംതന്നെ. അദ്ദേഹത്തിന്റെ ക്ഷമയററു. കവിൾത്തടങ്ങൾ കോപംകൊണ്ടു തുടുത്തു. “അവൾ...അവൾ...അവൾ വരട്ടെ” അദ്ദേഹം പൂർവ്വാധികം കോപകലുഷിതനായി തന്റെ പൂർവ്വസ്ഥാനത്തു ഉപവിഷ്ടനായി.

പാവം ഗ്രേസിയുണ്ടോ ഇതറിയുന്നു. അവൾ പൊട്ടിച്ചിരിച്ചുകൊണ്ട് ഓടിവരുന്നു. എന്നാൽ പൊടുന്നനവെ തന്റെ സഹോദരന്റെ ഈ ഭാവഭേദംകണ്ട് ആ പിഞ്ചുബാലിക ഞെട്ടി. എന്നും പുഞ്ചിരിയിൽ പൊതിഞ്ഞ മധുരവചസ്സുകളാൽ തന്നെ ഓടിവന്നു ആലിംഗനംചെയ്യുന്ന ആ കൈകൾ എവിടെ? അവളുടെ പ്രസന്നവദനം അരുണിമപൂണ്ടു. അവൾ ആശങ്കയും ആശ്ചര്യവും കലർന്ന ഭാവത്തിൽ അദ്ദേഹത്തെ മാറിമാറി നോക്കി. ക്രമേണ അവൾ വിങ്ങിവിങ്ങിക്കരഞ്ഞു. “അച്ചായൻ എന്നോടു... പിണ....ങ്ങിയ ...” ആ വാചകം പൂർത്തിയാക്കുവാൻ അവൾക്കു കഴിഞ്ഞില്ല. ഇത്തരുണത്തിൽ ജെയിംസിന്റെ നിയന്ത്രണശക്തി പൊട്ടിത്തകർന്നുപോയി. തന്റെ സഹോദരിയുടെ ആ നിഷ്കളങ്കബാഷ്പപ്രവാഹത്തിൽ അദ്ദേഹവും അലിഞ്ഞുപോയി. അദ്ദേഹം ഓടിച്ചെന്നു് തന്റെ സഹോദരിയെ സഗാഢം പുണർന്നു.

X X X

വർഷങ്ങളേയും ആഴ്ചകളേയും പിന്നിട്ടുകൊണ്ട് കാലചക്രം മുമ്പോട്ടുനീങ്ങി. ജീവിതത്തിൽ പല പരിവർത്തനങ്ങളും സംഭവിച്ചു. ആ പഴയ ഗ്രേസിയല്ല ഇന്നത്തെ ഗ്രേസി. ഇന്നവൾ ഒരു ഹൈസ്കൂൾ വിദ്യാർത്ഥിനിയാണ്. കൗമാരദശയിൽനിന്നും യൗവനത്തിലേക്ക് അവൾ കാലൂന്നിയിരിക്കയാണ്. യൗവനമലർവാടിയിലെ ഒരു വിടരാത്ത കുസുമമായി അവൾ ശോഭിച്ചു. അവളുടെ സ്വതസിദ്ധമായ പുഞ്ചിരിയിൽ പൊതിഞ്ഞ ഗാംഭീര്യം പല യുവാക്കളേയും ഹതോത്സാഹരാക്കിയിട്ടുണ്ട്. അവളുടെ ആ ഗാംഭീര്യത്തിന്റെ മുമ്പിൽ പല യുവാക്കളും ചൂളിപ്പോയിട്ടുണ്ട്. സ്കൂളിൽ ചെന്നാൽ ഗ്രേസി അവളുടെ കൃത്യനിർവ്വഹണത്തിൽ വ്യാപൃതയായിരിക്കും. അവൾ മററുള്ളവർക്ക് ഒരു സന്മാതൃകയായിരുന്നു. അവളുടെ സഖിമാരുടെ ഏതു സുഖദുഃഖങ്ങളിലും പങ്കുകൊള്ളുവാനുള്ള അവളുടെ വിശാലമനസ്കത ഒന്നു വേറെതന്നെയായിരുന്നു. അവർക്കു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുവാൻ അവൾ സദാ ഉൽസുകയായിരുന്നു. ഇൗവക കാരണങ്ങളാൽ അവൾ ആ സ്കൂളിലെ അദ്ധ്യാപകന്മാരുടേയും മററുള്ളവരുടേയും കണ്ണിലുണ്ണിയായിത്തീർന്നു. സാധാരണ യുവസുന്ദരികളിൽ കാണുന്ന വിമർശനവാചാലതമാത്രം അവളെ തീരെ സ്പർശിച്ചിട്ടില്ലായിരുന്നു.

നനവററു കരിഞ്ഞുകൊണ്ടിരുന്ന മുന്തിരിവള്ളിയുടെ ഭാവിയെക്കുറിച്ച് മേഘങ്ങൾ ചിന്തിച്ചില്ല. അവർ ആനന്ദഭരിതരായി വാനത്തിന്റെ വിരിമാറിൽ സ്വച്ഛന്ദം വിഹരിക്കുകയാണ്. എന്നാൽ അങ്ങകലെ കൊടുമുടികളോടൊത്തു് ഒരു കാർമുകിലുണ്ടായി, കനിവാർന്നു വിങ്ങിക്കരയുവാൻ, ആ മുന്തിരിച്ചുവടുകൾക്ക് തന്നെത്തന്നെ ജലധാരയായി അർപ്പണംചെയ്യുവാൻ.

ജെയിംസ് പാവങ്ങളുടെ കഷ്ടസ്ഥിതിയോർത്തു് പലപ്പോഴും അതിനു ഒരു പോംവഴി കണ്ടുപിടിക്കുവാൻ തലപുകഞ്ഞാലോചിച്ചു. പാവങ്ങൾക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുവാൻ അദ്ദേഹം സന്നദ്ധനായി. സുഹൃത്തുക്കൾ വിനോദങ്ങളിലും, വിരുന്നുകളിലും, അട്ടഹാസങ്ങളിലും അങ്ങനെ സുഖത്തിന്റെ കൊടുമ്പിരിയിൽക്കിടന്നു നട്ടംതിരിയുമ്പോൾ പാവം ജെയിംസ് മാത്രം അവശലക്ഷങ്ങളെക്കുറിച്ച് കണ്ണീർപൊഴിക്കും. തന്റെ രക്തത്തിന്റെ രക്തവും മജ്ജയുടെ മജ്ജയുമായ സഹജീവികളുടെ കഷ്ടാനുഭവങ്ങൾ കണ്ട് അദ്ദേഹത്തിന്റെ ഹൃദയം ഉരുകും. “ജഗദീശ്വരാ, യാതനയനുഭവിക്കുന്ന എന്റെ ഈ സഹോദരങ്ങളെ അവിടുന്നു കാണുന്നില്ലേ?” അദ്ദേഹം അറിയാതെ ആ സുന്ദരവദനത്തിൽനിന്നും അടർന്നുവീഴുന്ന സുവർണ്ണവചിപികളാണിവ.

“സേവാസദനം!” ജെയിംസിന്റേയും അതുപോലെ വിശാലമനസ്കരായ പലരുടേയും ഏകോപിച്ചുള്ള അക്ഷീണപരിശ്രമഫലമായി ഉയർന്നുപൊങ്ങിയ ഒരു സാധുജനമന്ദിരം. ദരിദ്രർക്കും, അവശർക്കും, രോഗികൾക്കും ഒരു സങ്കേതമായി അതുയർന്നു.

ഗ്രേസിയും വത്സയും ആത്മാർത്ഥസഖിമാരാണ്. സ്കൂളിൽ പോകുന്നതും വരുന്നതുമെല്ലാം അവർ ഒരുമിച്ചുതന്നെ. ഗ്രേസി വരുവാൻ അല്പതാമസമുണ്ടെങ്കിൽ വത്സ ആ ആൽമരച്ചുവട്ടിൽനിന്നും ഉറക്കെ സ്നേഹസമന്വിതമായ രീതിയിൽ വിളിക്കും: “ഗ്രേസീ......” ഗ്രേസി പോരായോ......?”

ആ ശബ്ദത്തിൽ നിഷ്കളങ്കസ്നേഹത്തിന്റേയും ആത്മാർത്ഥതയുടേയും ഇൗരടികൾ മുഴങ്ങിക്കേൾക്കാമായിരുന്നു. ആ യുവസുന്ദരികൾ ദൃഷ്ടിയിൽനിന്നും മറയുന്നതുവരെ ജെയിംസ് തന്റെ സഹോദരിയിൽ ചില മോഹനപ്രതീക്ഷകൾ കണ്ടുകൊണ്ട് അവളെത്തന്നെ നോക്കിനില്ക്കും. വത്സ പലപ്പോഴും ഗ്രേസിയുടെകൂടെ അവളുടെ വീട്ടിൽ പോകാറുണ്ട്. എന്നാൽ വത്സ ഗ്രേസിയെ തന്റെ വീട്ടിൽ കൊണ്ടുപോകുവാൻ എന്നും ക്ഷണിക്കും. പക്ഷെ ഗ്രേസി “നാളെയാകട്ടെ” എന്നുള്ള പല്ലവിയാൽ ആ ക്ഷണത്തെ മനപ്പൂർവ്വം നീട്ടിക്കൊണ്ടുപോവുകയാണ് പതിവ്.

“സേവാസദന”ത്തിലെ മുഖ്യപ്രവർത്തകർ ജെയിംസും വത്സയുടെ സഹോദരനായ രാജനുമാണ്. രാജൻ സഹജീവികളെയെല്ലാം സ്വസഹോദരങ്ങളായി പരിഗണിക്കുന്ന ഒരു പ്രകൃതിഗായകൻ. ജെയിംസും രാജനും പണ്ടേ സ്നേഹിതന്മാരാണ്. “സേവാസദനം” ഇത്ര അഭിവൃദ്ധിയിൽ എത്തിച്ചേർന്നതുതന്നെ ഇവരുടെ അശ്രാന്തപരിശ്രമംകൊണ്ടാണ്.

അങ്ങനെയിരിക്കെ ഒരു ആകസ്മികസംഭവമുണ്ടായി; ജെയിംസിനു ഒരു ചെറിയ പനി പിടിപെട്ടു; കുറേശ്ശെ തലവേദനയും. ഓരോ ദിവസം ചെല്ലുംതോറും പനി വർദ്ധിക്കുവാൻതുടങ്ങി. ഒടുവിൽ പനി “ടൈഫോയിഡാ”യി മാറി. ഇത്തരുണത്തിൽ അബലയായ ഗ്രേസിയുടെ ചിന്താഗതികൾ ഊഹിക്കയാണുത്തമം. ചികിത്സകൾ മുറയ്ക്കു നടന്നു. അന്വേഷകർ ധാരാളം. ഒരാഴ്ചയ്ക്കുശേഷം പനി കുറയുവാൻതുടങ്ങി. എന്നാലും രാജൻ തുടർന്നു അന്വേഷണം നടത്തിക്കൊണ്ടിരുന്നു. ഗ്രേസി തന്റെ സഹോദരനെ എപ്പോഴും പരിചരിച്ചുകൊണ്ടിരിക്കും. ഒരു ദിവസം രാജൻ വന്നപ്പോൾ തന്റെ സഹോദരനെ പരിചരിച്ചു നില്ക്കുന്ന ശാലീനയായ ആ യുവതരുണിമാത്രമാണവിടെയുണ്ടായിരുന്നതു്.

“ജെയിംസ്, പനി ഇന്നു് എങ്ങനെയുണ്ട്?” എന്ന ചോദ്യവുമായി രാജൻ മുറിക്കുള്ളിൽ പ്രവേശിച്ചു. പെട്ടെന്നു് ഒരു മിന്നൽപ്പിണർപോലെ ഗ്രേസി അപ്രത്യക്ഷയായി. രാജൻ തന്റെ കൈത്തലം ജെയിംസിന്റെ നെററിത്തടത്തിൽവച്ചുനോക്കി. അനന്തരം രണ്ടുപേരും കുറെനേരത്തെ സംഭാഷണത്തിനുശേഷം പിരിഞ്ഞു.

അന്നു വൈകുന്നേരം ജെയിംസ് സന്ധ്യാനമസ്കാരങ്ങൾക്കുശേഷം ഗ്രേസിയോടു് ഒരു പാട്ടുപാടാൻ പറഞ്ഞു. തന്റെ സഹോദരന്റെ ഏതാവശ്യങ്ങളേയും ഉടനടി നടത്തിക്കൊടുക്കുവാൻ തയ്യാറുള്ള അവളുണ്ടോ അതിനമാന്തം വിചാരിക്കുന്നു. അവൾ പാടി. ആ സംഗീതധോരണിയിൽ ജെയിംസിന്റെ ഹൃദയം കോരിത്തരിച്ചു. തന്റെ സഹോദരിയുടെ ഗാനമാധുരിയിൽ ജെയിംസ് സ്വയം അഭിമാനിച്ചു അതിനുശേഷം ആ സഹോദരീസഹോദരന്മാർ ഒരു സംഭാഷണത്തിലേർപ്പെട്ടു.

ജെയിംസ്:- “നമ്മുടെ രാജൻ എത്ര നല്ലവനാണ്! എനിക്കുവേണ്ടി അവനെത്രമാത്രം കഷ്ടപ്പെട്ടു! ഒരു സ്നേഹസമ്പന്നൻ! സ്നേഹിക്കുവാൻകൊള്ളാവുന്ന ഒരു യുവകോമളൻ! എന്താ ഗ്രേസീ, അങ്ങനെതന്നെയല്ലേ?”

“ആവാം” അവൾ പറഞ്ഞു.

“എന്താ! അതിൽ സംശയം? അവന്റെ സേവനങ്ങൾ നീ കാണുന്നില്ലേ?” ജെയിംസ് അല്പനേരത്തെ ആലോചനയിൽ മുഴുകിയിരുന്നു. വീണ്ടും പറഞ്ഞു: “നിനക്കവനെ ഇഷ്ടമല്ലേ?”

“തീർച്ചയായും” ഗ്രേസി ഉറപ്പിച്ചുപറഞ്ഞു.

ജെയിംസിന്റെ മുഖത്തു ആശയുടെ ഒരു കിരണം വീശിയതു് ഗ്രേസി ശ്രദ്ധിച്ചതേയില്ല. “അപ്പോൾ നീയവനെ സ്നേഹിക്കുന്നുണ്ടല്ലോ?”

“അതിനെന്താണു സംശയം?” അവൾ പ്രതിവചിച്ചു ഒരു ചെറുപുഞ്ചിരി അവളുടെ മുഖകമലത്തെ ശോണിമമാക്കി.

ജെയിംസ് എന്തോ ആലോചനയോടെ “നീ ഏതു നിലയിലാണ് അദ്ദേഹത്തെ സ്നേഹിക്കുന്നതു്?”

“എന്റെ ഒരു സഹോദരനെപ്പോലെ” അവൾ ധൈര്യപൂർവ്വം പറഞ്ഞു.

അന്നത്തെ സംഭാഷണം അങ്ങനെ അവസാനിച്ചു.

ആഴ്ചകളേയും മാസങ്ങളേയും പിന്നിട്ടുകൊണ്ടു് കാലചക്രം പിന്നേയും മുമ്പോട്ടുനീങ്ങി. ജെയിംസിനെ പനി രണ്ടാമതും ബാധിച്ചു; അതു വളരെ ശക്തിയായി. ഇത്തവണ സംഗതി ഗൗരവമാണെന്നു് വൈദ്യന്മാർ വിധിയെഴുതി. ചികിത്സയും പരിചരണങ്ങളും ഭംഗിയായി നടന്നുവെങ്കിലും ദിനം അനുദിനം വർദ്ധിച്ചുവന്നു. ഗ്രേസി സമീപത്തുതന്നെയുണ്ട്. വത്സ, രാജൻ തുടങ്ങിയവർ ഉല്ക്കണ്ഠയോടെ നോക്കിനില്ക്കുന്നു.

അന്നൊരു ശനിയാഴ്ചയായിരുന്നു, സമയം സന്ധ്യയോടടുക്കുന്നു. എങ്ങും കരാളമായ ഭീകരത. ഒരു ദീപം ഊർദ്ധ്വഗതിയിൽ കത്തിക്കൊണ്ടിരുന്നു. പെട്ടെന്നു് ആ ഏകാന്തതയിൽനിന്നും ഒരു സ്വരം: “എനിക്ക് അന്ത്യകൂദാശകൾ തരിക!” ജെയിംസിന്റെ നാവുകൾ വരളുന്നു. അശ്രുകലുഷിതമായ നയനങ്ങളോടെ ഗ്രേസി ജെയിംസിന്റെ നാവിൽ അവസാനമായി വെള്ളം പകർന്നുകൊടുക്കുന്നു. രാജൻ ഇടയ്ക്കിടെ വൈദികൻ വരുന്നുണ്ടോയെന്നു പുറത്തേക്കു നോക്കുന്നുണ്ട്. ഗ്രേസി മോഹാലസ്യപ്പെട്ടു വീണു. വത്സ അവളെ താങ്ങിയെടുത്തു വേണ്ട പ്രഥമ ശുശ്രൂഷകൾ നടത്തി ജെയിംസിന്റെ അവസാനനിമിഷങ്ങൾ അടുത്തുവരുകയാണ്. കണ്ണുകൾ കൂടുതൽ തരളിതമായി. നാഡിസ്പന്ദനങ്ങളുടെ വേഗത വർദ്ധിച്ചു. ഇത്രയുമായപ്പോഴേക്കും വൈദികനും വന്നുചേർന്നു. ജെയിംസിനു അന്ത്യകൂദാശകൾ നൽകി. അദ്ദേഹം തന്റെ പാവനകരങ്ങളുയർത്തി ജെയിംസിനെ അനുഗ്രഹിച്ചു. ജെയിംസ് രാജന്റെ കൈ പിടിച്ചുകൊണ്ടു പറഞ്ഞു: “രാജാ, എന്റെ ഗ്രേസിക്ക് ഇനി ആരാണു ഗതി? അവളെ ദുഃഖി......” പെട്ടെന്നു അദ്ദേഹത്തിന്റെ കണ്ണുകൾ എന്നന്നേക്കുമായി അടഞ്ഞുപോയി.

സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിലേക്കു താണുകൊണ്ടിരുന്നു. ഗതജീവിയായ പകലിന്റെ മൃതദേഹം സംവഹിച്ചുകൊള്ളുവാൻ കദനഭരിതയായ സന്ധ്യ വന്നെത്തി. പക്ഷികൾ ചേക്കേറുവാൻ കൂടുകൾനോക്കി പറക്കുകയായി. സേവനത്തിന്റെ നീലാംബരത്തിൽ തെളിഞ്ഞുമിന്നിയ നക്ഷത്രങ്ങൾ ഓരോന്നായി മിഴിപൂട്ടി. എങ്ങും ഒരു മൂകത. പ്രശാന്തത. അഗാധമായ വിനയവും, വിശാലമായ പരസ്നേഹവും നിഷ്കളങ്കമായ ആ നയനങ്ങളിൽ കളിയാടിയിരുന്നു. കരുണപൊഴിയുന്ന ആ നോട്ടം, കരൾകുളിർപ്പിക്കുന്ന ആ മന്ദഹാസം, മധുരിമ ഇററിററുനില്ക്കുന്ന ആ സ്നേഹവചസ്സുകൾ. സർവ്വത്ര സ്വർഗ്ഗീയതയുടെ ഒരു നിഴലാട്ടമായിരുന്നു ആ മൃതദേഹത്തിലും അവശേഷിച്ചതു്.

ജെയിംസിന്റെ മരണശേഷം ഗ്രേസി എന്നും “സേവാസദന”ത്തിലാണ്. വത്സ എന്നും ഗ്രേസിയെ തന്റെ വീട്ടിൽ സുഖമായി വസിക്കുന്നതിനു നിർബന്ധിക്കാറുണ്ട്. പക്ഷെ അവൾ അതെല്ലാം ഒരു ചെറുപുഞ്ചിരിയോടെ ഉപേക്ഷിക്കുകയാണ്. അങ്ങനെയിരിക്കെ ഒരുദിവസം അവിടെ ഒരു ഗായകസംഘം വന്നുചേർന്നു. അവർ ഗ്രേസിയുടെ സ്വരമാധുരിയെപ്പററി മനസ്സിലാക്കി അവളെ തങ്ങളുടെ സംഘത്തിൽ ചേർക്കുവാൻ ശ്രമിച്ചു. എന്നാൽ അവൾ അവസാനമായി പറഞ്ഞു: “എനിക്കു എന്തെല്ലാം ബഹുമതികളും സ്ഥാനമാനങ്ങളും കിട്ടിയാലും ഞാൻ നിങ്ങളുടെ സംഘത്തിൽ ചേരുകയില്ല.” അവർ ഭഗ്നാശരായി മടങ്ങി.

ഗ്രേസി, അവൾ ബുദ്ധിമതിയാണ്. നടന്നുതെളിഞ്ഞ ചില വഴിത്താരകളുണ്ടെന്നും, അവിടം വിട്ടുപോയാൽ ലോകംതന്നെ അവഹേളിക്കുമെന്നും ലോകരുടെ മുമ്പിൽ താൻ പരിഹാസപാത്രമാകുമെന്നും അവൾക്കറിയാം. സംഗീതകലയുടെ വശീകരണശക്തി ഭാവിയിൽ തന്റെ ആത്മാവിനെക്കൂടി ക്ഷതപ്പെടുത്തിയേക്കുമെന്നു അവൾ ഭയപ്പെട്ടു.

ഇതിനകം രാജനു പല വിവാഹാലോചനകളും വന്നു. എന്നാൽ തന്റെ ആത്മസുഹൃത്തായ ജെയിംസിന്റെ അവസാനവാക്കുകൾ സ്മരിച്ചിട്ട് അയാൾ അതൊ

(ശേഷം 11-ാംപേജിൽ)

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ നഷ്ടപ്പെട്ട സാധനം തിരിയെ കിട്ടിയതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

എൻ. പി. വക്കി,
മേവെള്ളൂർ

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനുസമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്ക് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണ്.

# ആഗമനകാലം

(മാത്യു പുളിക്കൽ എസ്. ജെ.)

"വാനങ്ങൾ മഞ്ഞുതുള്ളിപൊഴിക്കയും മേഘങ്ങൾ നീതിമാനെ വർഷിക്കയും ചെയ്യട്ടെ." ലോകരക്ഷകനായ മിശിഹായുടെ വരവിനെ പ്രതീക്ഷിച്ച് ഏശയ്യാനിവ്യാ പാടിയ വാക്കുകളാണിവ. ഇരുപത്തഞ്ചുനോയമ്പു ആരംഭിച്ചിരിക്കുന്നു. ക്രിസ്തുമസ്സിനു മുൻപുള്ള നാലാഴ്ചവട്ടത്തെ "ആഗമനകാലം" എന്നാണു വിളിക്കാറു്. "ആഗമനം" എന്ന വാക്കിന്റെ അർത്ഥം "വരവു്" എന്നാണല്ലോ. അതുകൊണ്ടു് ആഗമനകാലം ആരുടേയോ വരവിനെ പ്രതീക്ഷിക്കുന്ന ഒരു കാലഘട്ടത്തെയാണു സൂചിപ്പിക്കുന്നതു്. ഡിസമ്പർമാസം ഒന്നാംതിയതിമുതൽ ഇരുപത്തഞ്ചാംതിയതിവരെയുള്ള ദിവസങ്ങൾ മനുഷ്യരക്ഷകനായ മിശിഹായുടെ വരവിനെ ലോകം പ്രതീക്ഷിച്ച കാലഘട്ടത്തെയാണു കുറിക്കുന്നതു്. എന്തിനാണു് മിശിഹാ ഈ ലോകത്തിലേക്കു വന്നതു്? അതിന്റെ പിന്നിൽ ചിന്തിപ്പിക്കുന്ന, സ്നേഹംനിറഞ്ഞ ഒരു ചരിത്രമുണ്ടു്.

അനന്തനന്മയായ ദൈവം തന്റെ നന്മയിലും സൗഭാഗ്യത്തിലും തന്നോടു ഭാഗഭാക്കാകുവാൻ വേണ്ടി മനുഷ്യനെ ഇല്ലായ്മയിൽ നിന്നു സൃഷ്ടിച്ചു. സകല ജീവജാലങ്ങളുടേയും അധിപനായി അവനെ നിയമിക്കുകയും ഐശ്വര്യത്തിന്റെ കലവറയായ "പറുദീസാ"യിൽ അവനെ താമസിപ്പിക്കുകയുംചെയ്തു. എന്നാൽ "ദൈവത്തെപ്പോലെയാകണം" എന്ന അത്യാഗ്രഹം ദൈവകല്പനകളെ ധിക്കരിക്കുവാൻ അവനെ പ്രലോഭിപ്പിച്ചു. ദൈവത്തെപ്പോലെയാകുവാൻ സ്വയം ശ്രമിച്ച ആദ്യനിമിഷത്തിൽതന്നെ മനുഷ്യൻ അവന്റെ അശക്തത മനസ്സിലാക്കി. കഷ്ടതകളും ബുദ്ധിമുട്ടുകളും അവന്റെ സന്തതസഹചാരികളായിത്തീർന്നു. കണ്ണുനീരിന്റെ താഴ്‌വരയിൽ അവൻ അലഞ്ഞുതിരിഞ്ഞു. വേദനനിറഞ്ഞ ഒരു ലോകത്തിൽ മനുഷ്യൻ ജീവിതസമരം ആരംഭിച്ചു. ശതാബ്ദങ്ങൾ പലതു പിന്നിട്ടു. മനുഷ്യർ എണ്ണാനാവാത്തവിധം പെരുകി. അവരുടെ സംഖ്യയോടൊപ്പം ദുഷ്ടതയും വർദ്ധിച്ചു. ജലപ്രളയത്താലും, അഗ്നിയാലും മനുഷ്യനെ ശിക്ഷിച്ച് അവന്റെ തെററിനെപ്പററി ശരിയായ ബോധം അവനിലുണ്ടാക്കുവാൻ ദൈവം ശ്രമിച്ചു.

അവന്റെ നിസ്സഹായാവസ്ഥയിൽനിന്നു കരേറുവാൻ മനുഷ്യൻ ആഗ്രഹിച്ചു. ദീർഘദർശികളുടെ പ്രവചനങ്ങളുടെ ബലത്തിൽ ലോകംമുഴുവനും, വിശിഷ്യ യഹൂദവംശവും രക്ഷകനായ മിശിഹായുടെ വരവിനെ അത്യാശയോടെ പ്രതീക്ഷിച്ചു. ദൈവകുമാരനെ ഒരുനോക്കു കാണുവാനും, അവിടുത്തെ സാമീപ്യത്തിൽ സന്തോഷിക്കുന്നതിനും അനേകായിരംപേർ ആഗ്രഹിച്ചു. ഇങ്ങനെ മനുഷ്യർ രക്ഷകനെ കാത്തിരുന്ന നൂററാണ്ടുകളെയാണു് ഇരുപത്തിനാലു ദിവസങ്ങൾ കുറിക്കുന്നതു്. പാപത്തിലാണ്ടുപോയ മനുഷ്യൻ, അനേകനൂററാണ്ടുകളിൽ അനുഭവിച്ച കഷ്ടതകൾനിമിത്തം അവന്റെ നിസ്സഹായതയേയും ദൗർഭാഗ്യത്തേയുംപററി നന്നായി മനസ്സിലാക്കണമെന്നും അതു് രക്ഷകന്റെ ജനനത്തോടുകൂടി അവന്റെ ശരണം മുഴുവനും ആ രക്ഷകനിൽ സമർപ്പിക്കുവാൻ അവനെ പ്രേരിപ്പിക്കണമെന്നുമായിരുന്നു ദൈവനിശ്ചയം. അതിനാൽ രക്ഷകനെ പ്രതീക്ഷിച്ച് മനുഷ്യൻ സ്വർഗ്ഗത്തിലേക്കു കണ്ണുകളെ ഉയർത്തിയപ്പോൾ ദൈവകല്പിതമായ സമയം സമാഗതമായി. ദൈവം സ്വപുത്രനെ ഭൂമിയിലേക്കയച്ചു. ദൈവത്തെപ്പോലെയാകുവാൻ ശ്രമിച്ച മനുഷ്യപുത്രരെ ദൈവപുത്രരാക്കുവാൻ, ദൈവപുത്രൻ മനുഷ്യപുത്രനായി ജനിച്ചു.

എന്നാൽ ആഗമനകാലവും നാമും തമ്മിലുള്ള ബന്ധമെന്താണു്? നമ്മുടെ നാട്ടിൽ ഏതെങ്കിലും ഒരു മഹാൻ അതിഥിയായി വരുമ്പോൾ എത്രമാത്രം ആനന്ദത്തോടുകൂടിയാണു് നാം അദ്ദേഹത്തെ സ്വീകരിക്കുക. അനേകം മാസങ്ങൾക്കു മുൻപുതന്നെ ആ അതിഥിയുടെ യോഗ്യതയനുസരിച്ച് ഒരുക്കങ്ങൾ ആരംഭിക്കും. തെരുവീഥികൾ അലങ്കരിക്കുകയും, എല്ലുവിധേനയും ആ അതിഥിയെ സന്തോഷിപ്പിക്കുവാൻ നാം ശ്രമിക്കുകയുംചെയ്യും. അതുപോലെ രാജാധിരാജനായ ദിവ്യനാഥനെ സ്വീകരിക്കുവാൻ നാം ഓരോരുത്തരും ഒരുങ്ങുവാനായിട്ടാണു് തിരുസ്സഭ "ആഗമനകാലം" നമുക്കു നൽകിയിട്ടുള്ളതു്. ഓരോ വർഷവും നാം ആചരിക്കാറുള്ള "പിറവിത്തിരുനാൾ" സ്വയം പരിത്യജിച്ച് മനുഷ്യസ്നേഹത്തെ പ്രതി ഭൂജാതനായ ദിവ്യനാഥന്റെ സ്മരണയെ നിലനിർത്തുകയാണു ചെയ്യുന്നതു്. നാം ദിവ്യകർബാന സ്വീകരിക്കുന്ന ഓരോ അവസരത്തിലും "പുൽക്കൂട്ടിലെ ആ പൊന്നുണ്ണി" തന്നെയാണു് നമ്മുടെ ഹൃദയത്തിലേക്കു വരുന്നതു്. അതുകൊണ്ടു് ആഗമനകാലത്തിലെ ഇരുപത്തിനാലുദിവസങ്ങൾപോലെ ഓരോ ദിവസങ്ങളിലെയും ഇരുപത്തിനാലുമണിക്കൂറുകളും ദിവ്യനാഥനെ സ്വീകരിക്കുവാനുള്ള ഒരുക്കത്തിനായി നാം വിനിയോഗിക്കണം.

പുണ്യപ്രവൃത്തികളാകുന്ന റോസപുഷ്പങ്ങൾകൊണ്ടു് നമ്മുടെ ഹൃദയമാകുന്ന "അൾത്താര" നാം അലങ്കരിക്കണം. സ്വാർത്ഥതയ്ക്കെതിരായി പടപൊരുതി, നമ്മുടെ സുഖതൃഷ്ണയെ കുരുതികഴിച്ച്, ആ രക്തത്താൽ ഒരു ചുവപ്പുപട്ടു് ആ അൾത്താരയ്ക്കു ചുററും നാം വിരിക്കണം. ഉപവിപ്രവൃത്തികളാകുന്ന മുത്തുമണികളെ, പരിശുദ്ധതയാകുന്ന പട്ടുനൂലിൽകോർത്തു് ദിവ്യനാഥനെ അണിയിക്കുവാൻ തയാറാകണം. അവയാണു് ഈ ദിവ്യാതിഥിക്കു ഏററം സന്തോഷംനൽകുന്ന പ്രവൃത്തികൾ.

ആഗമനകാലത്തിൽ ദിവ്യനാഥന്റെ ആഗമനത്തെപ്പററിയുള്ള ചിന്ത നമ്മെ ആനന്ദിപ്പിക്കണമെങ്കിലും ഈ കാലം പ്രാർത്ഥനയുടേയും പരിത്യാഗത്തിന്റേയും കാലമാണെന്നു് നാം മറക്കരുതു്. എന്നാൽ നമ്മുടെ പ്രാർത്ഥനയ്ക്കും പരിത്യാഗത്തിനും വിലനൽകുന്നതു് അവയിൽ അടങ്ങിയിരിക്കുന്ന ദൈവസ്നേഹമാണു്. സ്നേഹിക്കുന്നവൻ സ്നേഹിതനെ അനുകരിക്കുവാൻ ശ്രമിക്കും. നമ്മോടുള്ള സ്നേഹത്തെപ്രതി, സ്വപിതാവിന്റെ ആഗ്രഹനിവൃത്തിക്കായി, മനുഷ്യജന്മമെടുത്ത ആ ആത്മപരിത്യാഗിയെ അനുകരിക്കേണ്ടതു് നമ്മുടെ കടമമാത്രമാണു്. അതിനാൽ നമ്മുടെ ജീവിതത്തിലെ ഓരോ പ്രവൃത്തിയും ഈശോയ്ക്കു വേണ്ടി ചെയ്യുവാൻ നമുക്കു ശ്രമിക്കാം. പ്രത്യേകമായി ആഗമനകാലത്തിലെ ഓരോ ദിവസവും ഏതെങ്കിലും ഒരു പുണ്യപ്രവൃത്തിവിതംചെയ്തു് അവ പിറവിത്തിരുനാൾദിനത്തിൽ പാപികളുടെ മനസ്സുതിരിവിനും ലോകസമാധാനത്തിനുംവേണ്ടി ഉണ്ണിയീശോയ്ക്കു കാഴ്ചവയ്ക്കണം.

അവസാനമായി ശാന്തിയും സമാധാനവും ലഭിക്കുവാൻവേണ്ടി പ്രാർത്ഥിച്ച ഒരു ലോകത്തിലേക്കാണു് രണ്ടായിരം വർഷങ്ങൾക്കുമുൻപു് ഈശോ വന്നതു്. ഇന്നു് നമ്മുടെ നാടു് അരാജകത്വത്തിന്റേയും അസമാധാനത്തിന്റേയും നൃത്തരംഗമായിത്തീർന്നിരിക്കുകയാണു്. ഈ ആഗമനകാലത്തിന്റെ വിനിയോഗത്തിൽ ഒരു പ്രത്യേകപ്രാധാന്യമുണ്ടെന്നു കരുതാം. ചഞ്ചലചിത്തമായി കഴിയുന്ന ലോകത്തിലേക്കാണു് സമാധാനത്തിന്റെ രാജാവായ ഈശോയെ നാം സ്വീകരിക്കേണ്ടതു്. ലോകം സമാധാനപരിപൂർണ്ണമാക്കിത്തീർക്കുവാൻ ശ്രമിക്കേണ്ടതു് നമ്മുടെ കടമയാണു്.

ജനത ബാഹ്യമായും, ആന്തരികമായും ഈശോയെ സ്വീകരിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ബാഹ്യമായ സ്വീകരണം എന്നു പറയുമ്പോൾ ക്രിസ്തുവിനേയും ക്രിസ്തുമതത്തേയും ഓരോ രാജ്യത്തും വളരുവാൻ അനുവദിക്കുക എന്നാണർത്ഥമാക്കേണ്ടതു്. ആന്തരികമായ സ്വീകരണം ജനതയുടെ ഹൃദയത്തിൽ ക്രിസ്തുവിനു നൽകേണ്ട സ്വീകരണത്തെ കുറിക്കുന്നു. ഈശോയുടെ വളർച്ചയ്ക്കു വിഘാതമായി നില്ക്കുന്ന എന്തിനേയും പരിശുദ്ധമായ ക്രിസ്തീയഉപവിയിലൂടെ എതിർക്കേണ്ടതു് നമ്മുടെ കടമയാണു്. ക്രിസ്തുമതം ലോകത്തിൽ വന്നിട്ടു് നൂററാണ്ടുകൾ പലതു കഴിഞ്ഞു. ഇന്നു് എത്രപേർ അവിടുത്തെ അറിയുന്നുണ്ടു്? എത്രപേർ അവിടുത്തെ സ്നേഹിക്കുന്നുണ്ടു്? ലോകത്തെ ക്രിസ്തീയമാക്കേണ്ട ചുമതല ഓരോ ക്രൈസ്തവന്റേതുമാണു്. പക്ഷെ മനുഷ്യനാൽമാത്രം അതു സാദ്ധ്യമല്ല. ഈശോ നമ്മോടുകൂടിയുണ്ടു്. "ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും" എന്നു് ഈശോ അരുളിച്ചെയ്തിട്ടുണ്ടു്.

അതിനാൽ ഈ അവസരത്തിൽ നമ്മുടെ നാടു് ഈശോയുടെ ആഗമനത്തിനായി ഒരുക്കുവാൻ നമുക്കു ശ്രമിക്കാം. അവിടുന്നു ജീവിച്ചിരുന്നപ്പോഴെന്നപോലെ പരിശന്മാരും, യൂദാസുകളും ഇന്നും നമ്മോടുകൂടിയുണ്ടു്. എന്നാൽ കുടിലബുദ്ധികളും സൂത്രശാലികളുമായ പരിശന്മാരുടെ മുൻപിൽ സ്നേഹത്തിന്റെ വിപ്ലവഗാനം പാടി അവരെ നേർവഴിക്കു നയിക്കുവാൻ ശ്രമിച്ച ആ ഗലിലേയനെ നമുക്കനുകരിക്കാം. ഇരമ്പിയടിച്ച കൊടുങ്കാററിനോടും ഇളകിമറിഞ്ഞ തിരമാലകളോടും "ശാന്തമായിരിക്കുവിൻ" എന്നു കല്പിച്ച് അവയെ നിശ്ചലങ്ങളാക്കിയ ദൈവകുമാരനോടു്, ലോകത്തിനു ശാന്തിയും സമാധാനവും നൽകുവാൻ നമുക്കു പ്രാർത്ഥിക്കാം.

# ചോദിച്ചാൽ പറയാം

177. ചോ: കത്തോലിക്കാസഭയിലെ പുരോഹിതന്മാരിൽ ഏറിയഭാഗമാളുകൾക്കും പൗരോഹിത്യത്തിനടുത്ത ചുമതലകൾ നിർവ്വഹിച്ചശേഷം ധാരാളം സമയം ലഭിക്കുന്നുണ്ടു്. ഈ സമയം അവർക്ക് എന്തെങ്കിലും ജോലി ചെയ്യുന്നതിനു് ഉപയോഗിക്കരുതോ? അങ്ങനെ ചെയ്യാതിരിക്കുന്നതു മൂലം അവർ സമുദായത്തെ ചൂഷണം ചെയ്യുകയല്ലേ ചെയ്യുന്നതു്?

(പി. ജെ. ബി. കോന്നി)

ഉ: കത്തോലിക്കാസഭയിലെ പുരോഹിതന്മാരിൽ ഏറിയഭാഗമാളുകൾക്കും അവരുടെ പൗരോഹിത്യത്തിനടുത്ത ചുമതലകൾ നിർവ്വഹിക്കുന്നതിനു മതിയായ സമയം ലഭിക്കാതെയാണിരിക്കുന്നതു്. ഇടവകഭരണത്തിലേർപ്പെട്ടിരിക്കുന്ന വൈദികരെയാണു് ഇവിടെ ഉദ്ദേശിക്കുന്നതു്. അല്ലാത്ത വൈദികർ എന്തെങ്കിലും ജോലിക്കു് പ്രത്യേകം നിയുക്തരായിരിക്കും. ഇരുക്കൂട്ടർക്കും വൈദികപരമായ ചുമതലകൾ നിർവ്വഹിക്കാനുണ്ടു്. രാവിലെ പള്ളിയിൽ ദിവ്യപൂജ ചൊല്ലുന്നതു മാത്രമല്ല വൈദികന്റെ ചുമതല. രോഗികളേയും ആസന്നമരണരേയും സന്ദർശിച്ച് അവരുടെ മതപരമായ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുകയും പാപികളെ സംസ്കരിക്കുകയും ചെയ്യണം. ഇതു സമയം നിശ്ചയിച്ചു ചെയ്യാവുന്ന കാര്യങ്ങളല്ല. അന്ത്യകൂദാശകൾ നൽകുന്നതിനു ചിലപ്പോൾ രാത്രികാലങ്ങളിൽതന്നെ യാത്രചെയ്യേണ്ടിവരും. 99 ആടുകളുടെ കാര്യത്തെക്കാൾ കാണാതായ ഒന്നിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധാലുവാകേണ്ട വൈദികനു പലപ്പോഴും ഒരു പകലിനു 12 മണിക്കൂർ തീരെ മതിയാകാതെ വരിക സാധാരണമാണു്.

കത്തോലിക്കാവൈദികൻ ചെയ്യുന്ന കായികപ്രയത്നങ്ങളുടെ ആകെത്തുക നോക്കിയിട്ടാണോ സമയം മിച്ചം കാണുന്നുവെന്നു ചോദ്യകർത്താവു പറയുന്നതു്? ചോദ്യകർത്താവിന്റെ മാനദണ്ഡപ്രകാരമുള്ള ജോലി അവർ ചെയ്യാത്തതുകൊണ്ടു് അവർ ജോലി ഇല്ലാത്തവരാണെന്നു വിധിക്കുന്നതു സാഹസമാണു്. "മനുഷ്യരെല്ലാം മടിയന്മാരും ചൂഷകന്മാരുമാണു്; അവർ ഞങ്ങളെപ്പോലെ മണ്ണു കുഴിക്കുന്നില്ല" എന്നു് ഒരു വിര പറയുന്നതുപോലെയാണിതു്. കത്തോലിക്കാവൈദികർ മററു തൊഴിലുകൾ ചെയ്യുവാൻ അനുവദിക്കപ്പെട്ടാൽ, കത്തോലിക്കർ തങ്ങളുടെ ആത്മീയകാര്യങ്ങൾ നോക്കുവാൻ ആളില്ലാതെവരും. ആത്മവിശുദ്ധീകരണത്തിനും ആദ്ധ്യാത്മജ്ഞാനവിതരണത്തിനും കത്തോലിക്കർക്കു ഇന്നു ഏററം സഹായകമായിരിക്കുന്നതു വൈദികരുടെ സേവനമാണു്. ആ സേവനം ഒരു ചൂഷണമായി കത്തോലിക്കർ കണക്കാക്കുന്നില്ല. മാതാപിതാക്കന്മാരെ ചൂഷകന്മാരായി മക്കൾ കരുതാറില്ലല്ലോ.

178. ചോ: വിശുദ്ധ യോഹന്നാന്റെ സുവിശേഷം 11-ാം അദ്ധ്യായത്തിൽ ഈശോ മരിച്ച ലാസറിനെ ഉയിർപ്പിച്ചതായി കാണുന്നു. ഈ ലാസർ പിന്നീടു മരിച്ചുവോ? എങ്കിൽ ഒരു മനുഷ്യനു മരണവും ഉയിർപ്പും ഒന്നിൽ കൂടുതലുണ്ടോ? ഒരു മനുഷ്യനു് ഒരു മരണവും അതിനുശേഷം അവസാനദിവസത്തിൽ നിത്യസമ്മാനത്തിനോ നിത്യശിക്ഷയ്ക്കോവേണ്ടി ശരീരത്തോടുകൂടിയുള്ള ഉയിർത്തെഴുന്നേൽപ്പും എന്നല്ലേ കത്തോലിക്കാസഭ പഠിപ്പിക്കുന്നതും വിശ്വസിക്കുന്നതും? അങ്ങനെയെങ്കിൽ ഈ ലാസറിന്റെ സ്ഥിതിയെന്തു്?

(എം. ജെ. ജെ. തിടനാടു്)

ഉ: ശരിയാണു്, മരിച്ച ലാസറിനെ ഈശോ ഉയിർപ്പിച്ചിട്ടുണ്ടു്. ഉയിർത്തതിനുശേഷം വീണ്ടും സാധാരണമനുഷ്യനായി ഈ ലോകത്തിൽതന്നെ ജീവിക്കുകയാൽ പിന്നീടു മരിക്കുകയുംചെയ്തു. അതുകൊണ്ടു് സാധാരണഗതിയിൽ ഒരു മനുഷ്യനു ഒന്നിൽക്കൂടുതൽ മരണവും ഉയിർപ്പും ഉണ്ടെന്നു അർത്ഥമാകുന്നില്ല. മനുഷ്യനു ഒരു മരണവും, അതിനുശേഷം അവസാനദിവസത്തിൽ പുനരുത്ഥാനവും ഉണ്ടെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നുണ്ടു്. ഈ സത്യം ലാസറിന്റെ സഹോദരിമാർക്കുപോലും അറിയാമായിരുന്നു. "അവസാനനാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേല്ക്കും എന്നു ഞാൻ അറിയുന്നു" (യോഹ: XI 24) എന്നാണു് മർത്താ ക്രിസ്തുവിനോടു ഏററുപറയുന്നതു്. മനുഷ്യൻ മരിക്കുമെന്നുള്ളതിനു മററു തെളിവുകൾ വേണ്ടല്ലോ.

എന്നാൽ ലാസറിന്റെ കാര്യമോ? ലാസറിന്റെ കാര്യത്തിൽ ക്രിസ്തു ഒരു അത്ഭുതം പ്രവർത്തിക്കുകയായിരുന്നു. സ്വാഭാവികനിയമങ്ങളുടെ സാധാരണഗതിയിൽനിന്നുള്ള ഒരു വ്യതിയാനമാണല്ലോ അത്ഭുതം. അതുകൊണ്ടാണു് അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ ദൈവത്തിനുമാത്രമേ സാധിക്കുകയുള്ളു എന്നു പറയുന്നതു്. സർവ്വശക്തനായ ദൈവത്തിനു് ഒരു മരണവും ഒരു ഉയിർപ്പും എന്ന സാമാന്യനി

THE SOUTH INDIAN BANK LTD.
Estd: 1929 H. O. TRICHUR A Scheduled Bank

SAVINGS BANK ACCOUNTS
3% p. a. Interest allowed without limit.
Maximum withdrawal allowed per week
Rs. 1000. Operation by cheque.

CALL DEPOSITS & FIXED DEPOSITS FOR PERIODS OF
1 to 24 MONTHS ACCEPTED AT VERY ATTRACTIVE RATES

BRANCHES:
ALLEPPEY, ALWAYE, BHAVANI, COCHIN, COIMBATORE, ERNAKULAM, GOBICHETTIPALAYAM, IRINJALAKUDA,
KUNNAMKULAM, KOZHIKODE, KOLLENGODE, MADRAS, MANJERI, MANNARGHAT, NILAMBUR, OTTAPALAM,
PALGHAT, POLLACHI, PONANI, SALEM, TIRUPUR, TRICHUR & WADAKANCHERI

ആഖ്യായിക

# ബറാബാസ്



അദ്ധ്യായം 26 (തുടർച്ച)

## ദ്വേഷത്തിൻ ദൂതൻ

(വി. സി. ജോർജ്ജ് ബി. എ. എൽ. റ്റി.)

എസ്രാ പറഞ്ഞതു് തെല്ലും ഗൌനിക്കാതെ ബറാബാസ് ഇഫ്റയിമിൻെറനേരെ തിരിഞ്ഞുചോദിച്ചു: "നീ എന്തു ചെയ്യുവാനാണുദ്ദേശിക്കുന്നതു്?"

"ഞാനും കടലോരത്തെ ഏതെങ്കിലും പട്ടണത്തിലേക്കു് പോകുന്നു" ഇഫ്റയിം പറഞ്ഞു.

"ഞങ്ങൾ കുറേനേരം നിൻെറകൂടെ ഇവിടെയിരിക്കാം. പാളയത്തിലെ കാര്യങ്ങൾ കേൾക്കട്ടെ."

ഇഫ്റയിം തലകുലുക്കി; "അധികമൊന്നും പറയുവാനില്ല. പോകുവാനെനിക്കു് തിടുക്കവുമുണ്ടു്. സൂര്യൻ അസ്തമിക്കാറായല്ലോ. ഞാൻ ഇവിടെനിന്നു് പുറപ്പെടുവാൻ തുടങ്ങിയപ്പോളാണു് നിങ്ങളെ കണ്ടുമുട്ടിയതു്. നിങ്ങൾക്കു് സമാധാനം!"

പടിഞ്ഞാറോട്ടുള്ള വഴിയിൽക്കൂടി അയാൾ ശീഘ്രം നടന്നുകഴിഞ്ഞു. ബറാബാസിൻെറകൂടെ സ്വല്പസമയംപോലും നില്ക്കുവാൻ വൈമനസ്യമുള്ളവനായി ഇഫ്റെയിം കാണപ്പെട്ടു. മനസ്സാക്ഷിയുടെ കടിമൂലമുണ്ടായ വൈമനസ്യമായിരിക്കാം. ഏതായാലും നിമിഷംകൊണ്ടു് ആ ഇരുവരുടേയും നോക്കെത്താത്തവിധം അവൻ മറഞ്ഞു.

"നമുക്കിവിടെ അല്പം വിശ്രമിക്കാം" ഇങ്ങനെ പറഞ്ഞു്, വഴിയരികിൽ നിരന്നുവളർന്ന കുററിക്കാടിനു പുറംതിരിഞ്ഞു് ബറാബാസ് തറയിലിരുന്നു. സമീപം കണ്ട ഒരു കല്ലിന്മേൽ ബറാബാസിന്നഭിമുഖമായി എസ്രാ സ്ഥാനം പിടിച്ചു.

ബറാബാസ് മുഖം കനപ്പിച്ചിരിപ്പുറപ്പിച്ചു. ഇഫ്റെയിമിൽനിന്നു കിട്ടിയ അറിവു് അയാളുടെ ഉദ്ദേശ്യങ്ങളെല്ലാം തകിടം മറിക്കുന്നതായിരുന്നു. സ്വന്തംആളെല്ലാം പാളിപാളയംപൊളിഞ്ഞസ്ഥിതിക്കു് മരുഭൂമിയിൽ ചെന്നിട്ടെന്തു പ്രയോജനമുണ്ടാകുവാനാണെന്നു് അയാൾ ചിന്തിക്കുകയായിരുന്നിരിക്കാം. അന്ധൻഏലിയാസ്സറായിരുന്നു എസ്രായുടെ ചിന്താവിഷയം. ആ വൃദ്ധൻ പട്ടിണിമൂലം മരിക്കുന്നതിനുമുമ്പു് അയാളെ തേടിപ്പിടിച്ചു് ശുശ്രൂഷിക്കുകയായിരുന്നു എസ്രായുടെ ആവശ്യം. ബറാബാസുമായുള്ള ബന്ധമെല്ലാം അററുപോയ സ്ഥിതിക്കു് ഉടൻതന്നെ സ്ഥലം വിടുവാൻ അയാൾ കരുതി. ഈ തീരുമാനത്തിലെത്തിയപ്പോൾ കുററിക്കാട്ടിൽ കേട്ട ഒരു മർമ്മരം അയാളുടെ ശ്രദ്ധ അങ്ങോട്ടാകർഷിച്ചു. ഒരു വൃക്ഷത്തിൻെറ മറവിൽ ഒളിഞ്ഞിരുന്നുകൊണ്ടു് ഒരുവൻ വില്ലുകുലയ്ക്കുന്നതായി എസ്രാ കണ്ടു.

"മാറിക്കോ! മരണം!" എന്നിങ്ങനെ എസ്രാ ബറാബാസിനോടായിട്ടു വിളിച്ചുപറഞ്ഞു തുടന്നു് അയാൾ ഓടി കാട്ടിലെ അജ്ഞാതൻെറ പക്കലേക്കു പാഞ്ഞു. പെട്ടെന്നു് അസ്ത്രംപായുന്ന സീൽക്കാരവും "ഠൊ" ശബ്ദവും ബറാബാസ് പിൻഭാഗത്തു കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ എസ്രാ വീണു മലർന്നുകിടക്കുന്നതും, അയാളുടെ നെഞ്ചിൽ തറച്ച അമ്പു കുത്തിനില്ക്കുന്നതും ദൃശ്യമായി. ബറാബാസ് കുതിച്ചുചാടി അമ്പു് പുറപ്പെട്ട കുററിക്കാട്ടിലേക്കോടി. ആ ആയാസം നിഷ്ഫലമായതേയുള്ളു. ഘാതകനെ കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. അല്പസമയംകൊണ്ടന്വേഷണം നിറുത്തി അയാൾ കിതച്ചു് ശ്വാസംമുട്ടി എസ്രായുടെ സമീപമെത്തി, മുട്ടിന്മേൽവീണു് സ്നേഹിതൻെറ സ്ഥിതി പരിശോധിച്ചു. അസ്ത്രം എസ്രായുടെ ഇടതുവശം മാർവിൽ ആഴത്തിൽ തുളച്ചുകയറിയിരുന്നു. അയാൾ ബോധരഹിതനായി കിടന്നു. ശ്വാസവേഗം വളരെ അധികരിച്ചും രക്തമയമായ നുര അധരങ്ങളിൽ പതിഞ്ഞും കാണപ്പെട്ടു. വഴിവക്കിലേക്കു എസ്രായെ വലിച്ചുമാററി തൻെറ തുകൽസഞ്ചിയിൽനിന്നു് ഏതാനുംതുള്ളി മുന്തിരിരസം എസ്രായുടെ വായിൽ ഒഴിച്ചുകൊടുക്കുവാൻ ബറാബാസ് ശ്രമിച്ചു. ഇതിനിടയിൽ ആ അസ്ത്രം തന്നെ ലക്ഷ്യമാക്കിയതായിരുന്നുവെന്നും, തനിക്കു പകരമാണു് എസ്രാ അന്തിമശ്വാസം വലിക്കുന്നതെന്നും ബറാബാസ് ഓർമ്മിച്ചു. അതോടുകൂടി അവസാനംവരെ തനിക്കു വിശ്വസ്തനായിരുന്ന, മരണംവരിച്ചും തൻെറപേരിൽ ഭക്തി പ്രകടിപ്പിച്ച, ഈ ഏകസ്നേഹിതനെ താൻ നിരാകരിച്ച വസ്തുതയും പശ്ചാത്താപത്തിനിനി സമയമില്ലെന്നുള്ള സംഗതിയും ബറാബാസിൻെറ ബോധത്തിൽ ഉദിച്ചു.

ഖുരനിനദവും പാദക്ഷേപധ്വനിയും വഴിയിൽ കേൾക്കുകയായി. ബറാബാസിൻെറ ചെവിയിൽ അവയെത്തിയില്ലെന്നു് തോന്നി. എസ്രായിൽ മാത്രമായിരുന്നു അയാളുടെ ശ്രദ്ധ. ഒരു സംഘം യാത്രികർ അടുത്തുവന്നു. ഒന്നാമതായി സവാരിചെയ്തിരുന്ന ആൾ ബറാബാസിനേയും അയാളുടെ സമീപം നെഞ്ചിൽ തറച്ച ബാണത്തോടുകൂടി പുല്ലിൽ കിടന്നിരുന്ന എസ്രായേയും കണ്ടയുടൻ കടിഞ്ഞാൺ വലിച്ചുപിടിച്ചു കുതിരപ്പുറത്തുനിന്നിറങ്ങി. ആ അശ്വസാനി അരിമത്ത്യൻ ജോസഫായിരുന്നു. അദ്ദേഹം നിഷ്പ്രയാസം ഇവരെ തിരിച്ചറിഞ്ഞു. അനുയായികൾ യാത്ര തുടരാതിരിക്കുവാൻ ആംഗ്യം കാണിച്ചിട്ടു് ഇനിയും തലപൊക്കി ആഗതരെ നോക്കാതിരുന്ന ബറാബാസിനോടു ജോസഫ് ചോദിച്ചു:

"എന്താണു് സംഭവിച്ചതു്?"

"കാണാമല്ലോ" ബറാബാസ് ഖേദപൂർവ്വം മറുപടി പറഞ്ഞു.

"ഞാൻ എസ്രായെ കാണുന്നു. അയാൾ മരിച്ചുവോ?"

എസ്രാ എന്നു കേട്ടയുടൻ ബറാബാസ് തലപൊക്കി നോക്കി. ജോസഫിനെ മനസ്സിലാക്കി.

"ഇപ്പോൾ മരിച്ചിട്ടില്ല. നോക്കിയാട്ടെ ശരണമുണ്ടെന്നു് തോന്നുന്നില്ല" ബറാബാസ് പറഞ്ഞു.

"ശ്വാസമുണ്ടു്. ഇതെങ്ങനെ സംഭവിച്ചു?" ജോസഫ് ചോദിച്ചു.

ബറാബാസ് കാട്ടിലേക്കു ചൂണ്ടിക്കാണിച്ചു. "ഒളിവിലിരുന്നു കൊണ്ടെയ്തതാണു്. എന്നെ ഉന്നം വെച്ചതന്നെ. എനിക്കു് സ്വാതന്ത്ര്യം നൽകിയതിൽ റോമയ്ക്കു ഖേദം തോന്നിയിരിക്കാം."

അരിമത്ത്യൻ ജോസഫ് ബോധരഹിതനായ എസ്രായ്ക്കു സമീപം മുട്ടുകുത്തി കുനിഞ്ഞിരുന്നുകൊണ്ടു് അയാളുടെ നെഞ്ചിൽനിന്നു് വസ്ത്രം മാററി എസ്രായുടെ ശ്വാസവേഗവും ചങ്കിടിപ്പും ശ്രദ്ധാപൂർവ്വം ഗ്രഹിച്ചു.

"രക്ഷയ്ക്കു വഴിയില്ലാ" അയാൾ താണസ്വരത്തിൽ പറഞ്ഞു.

"പക്ഷേ ഇതു് റോമൻ ശൂലമല്ല. ഇതിനു നീളംകുറവാണു്. അഗ്രത്തിനു് വീതിക്കൂടുതലുമുണ്ടു്. മുറിവിൻെറ വിസ്താരം അതിനു തെളിവാണു്."

ബറാബാസ് മൗനംദീക്ഷിച്ചതേയുള്ളു. ഇതിനിടയിൽ ലാസറസ്, മറിയ, മാർത്ത എന്നിവരും അവരുടെ അനുയായികളിൽ പലരും അവരുടെ സമീപം എത്തി. ലാസറസ്സും സഹോദരിമാരും കൂടെയുണ്ടായിരുന്നവരിൽ പലരും എസ്രായെ തിരിച്ചറിഞ്ഞു് ഒട്ടവളരെ ദുരനുഭവങ്ങൾക്കും ആപത്തുകൾക്കും ശേഷം ഒരു ഘാതകൻെറ ശൂലത്തിന്നിരയായി ചരമമടയുന്ന എസ്രായുടെ സ്ഥിതിയിൽ സഹതാപം പ്രകടിപ്പിച്ചു.

"ഇയാളെ രക്ഷിക്കുന്നതിനു യാതൊരു മാർഗ്ഗവുമില്ലേ?" മറിയ ചോദിച്ചു.

"ഇല്ലെന്നു മാത്രമാണു് എൻെറ അഭിപ്രായം" ജോസഫ് പറഞ്ഞു

ആ ക്ഷണത്തിൽതന്നെ എസ്രാ കണ്ണുതുറന്നു് അവിടെയുണ്ടായിരുന്ന ചെറുസംഘത്തെ വിനയപൂർവ്വം നോക്കി. അയാളുടെ വിളറിയ മുഖത്തു് പരിവേഷത്തിൻെറ ഒരു ചെറുചിരി വ്യാപിച്ചതായി തോന്നി.

കഷ്ടിച്ചു കേൾക്കാൻ കഴിഞ്ഞ സ്വരത്തിൽ "നിങ്ങൾക്കു് സമാധാനം" എന്നു എസ്രാ മന്ത്രിച്ചു അയാൾ തലപൊക്കി എണീററിരിക്കുവാൻ ശ്രമിച്ചു; ഫലിച്ചില്ല. തല പിന്നോക്കം ചാഞ്ഞു നിലത്തുചേർന്നു എസ്രായുടെ ഇടതുകൈ നെഞ്ചിൻെറനേക്കു് ചലിച്ചു് അസ്ത്രത്തെ സ്പർശിച്ചു. അപ്പോഴും ചെറുചിരി കാണാമായിരുന്നു.

"എസ്രാ, അനങ്ങരുതു്!" ജോസഫ് പറഞ്ഞു. "കഠിനമായ മുറിവു് ഏററിട്ടുണ്ടു്. ഞങ്ങളുടെ പക്കൽ കഴിഞ്ഞ പ്രാവശ്യം തന്നെ കൊണ്ടുവന്നപ്പോൾ ഇത്രയ്ക്കു ഗൗരവമില്ലായിരുന്നു. ഇതാ, ഇതു കഴിക്കൂ ഈ ഔഷധം തനിക്കു കുറെ ശക്തിനൽകും. വേദന സാരമായി കുറയ്ക്കുകയും ചെയ്യും."

ജോസഫ് നീട്ടി വക്ത്രത്തിൽ വെച്ചുകൊടുത്ത ചർമ്മപാത്രത്തിൽനിന്നൗഷധം കുടിക്കുവാൻ എസ്രാ ശ്രമിച്ചു. പക്ഷെ, അകത്തേക്കിറക്കുവാൻ കഴിഞ്ഞില്ല.

"മതി. ഗുണമൊന്നും വരാനില്ല. ഉടൻതന്നെ കാര്യം കഴിയും ജോസഫ്, താങ്കൾക്കു നന്ദിപറയുവാൻ... ഞാൻ ആഗ്രഹിക്കുന്നു ... നിങ്ങൾക്കെല്ലാവർക്കും നന്ദി. നിങ്ങളൊ... ക്കെ... എക്കാലത്തും ... എന്നോടു ... ദയ.... കാണി.... ച്ചിരുന്നു."

"ഞാൻ വല്ലകാര്യവും തനിക്കു വേണ്ടി ചെയ്യേണ്ടതായിട്ടുണ്ടോ?" ജോസഫ് ചോദിച്ചു.

മറന്നുപോയ ഏതോ കാര്യം തേടിപ്പിടിച്ചു ഓർമ്മയിൽകൊണ്ടുവരുവാൻ എസ്രാ ക്ലേശിക്കുന്നതായി തോന്നി.

"ഏലി... യാ... സ്സർ"എന്നു് ശബ്ദിച്ചു് എസ്രാ കണ്ണടച്ചു

"എന്താണാ നാമംകൊണ്ടിയാൾ ഉദ്ദേശിക്കുന്നതു്?" ജോസഫ് ബറാബാസിനോടു് ചോദിച്ചു.

"എൻെറ പാളയത്തിൽ പരിത്യക്തനായവശേഷിക്കുന്ന ഒരന്ധൻെറ കാര്യമാണു്. അയാൾ ഇപ്പോഴേക്കും പട്ടിണിമൂലം മരിച്ചിരിക്കും. ഇല്ലെങ്കിൽ ഉടൻ മരിക്കുവാനിടയുണ്ടു്."

"അയാളെ എവിടെ കാണുവാൻ കഴിയും?" ജോസഫ് ചോദിച്ചു.

ബറാബാസ് ചില വിവരങ്ങൾ നൽകി.

"ഞാൻ വേണ്ട അന്വേഷണങ്ങൾ നടത്തി കഴിയുന്നതും വേഗം അയാളെ കണ്ടുപിടിച്ചുകൊള്ളാം" ജോസഫ് ഭരമേററു.

ഈ വാക്കുകൾ എസ്രാ കേട്ടതുപോലെ അനുഭവപ്പെട്ടു. ഒരിക്കൽക്കൂടി കണ്ണുതുറന്നു് "താങ്കൾക്കു്... ന...ന്ദി" എന്നയാൾ ഉച്ചരിച്ചു.

ജോസഫ് ബറാബാസിനോടായിട്ടു് സംസാരിച്ചു" ഏതാനും മാത്രകൾ മാത്രമേ ഇയാൾക്കവശേഷിച്ചിട്ടുള്ളു. ഞങ്ങളുടെകൂടെ വരുവാൻ നിങ്ങൾക്കു സമ്മതമാണോ?"

"നിങ്ങൾ എവിടെ പോകുന്നു?" ബറാബാസ് ചോദിച്ചു.

"ഞങ്ങൾ ഗലീലിയിലേക്കു പോകുകയാണു്, ഗുരു മുമ്പേ പോയിക്കഴിഞ്ഞു."

കാര്യം മനസ്സിലാകാതെ ബറാബാസ് ജോസഫിനെ നോക്കിക്കൊണ്ടിരുന്നു" അനന്തരം ചോദിച്ചു:

"ഏതു ഗുരു?"

"ഞങ്ങൾ ക്രിസ്തുവെന്നു പറയുന്ന ഈശോ" ഈ ശബ്ദമുച്ചരിക്കുകയിൽ ഭക്തിപൂർവ്വം തലകുനിച്ചുകൊണ്ടു് ജോസഫ് ഉത്തരം നൽകി.

"അയാളെ കുരിശിൽ തറച്ചു കൊന്നുവല്ലോ" ബറാബാസ് പ്രസ്താവിച്ചു.

"അദ്ദേഹം പ്രവചിച്ചവിധം ഉത്ഥാനംചെയ്തു" പ്രശാന്തനായി ജോസഫ് അറിയിച്ചു.

"മരണാനന്തരം അദ്ദേഹം സാക്ഷാൽ പുനരുത്ഥാനംചെയ്തു. മറിയയ്ക്കും, എമ്മാവൂസിലേക്കുള്ള മാർഗ്ഗമദ്ധ്യേ ശിമയോനും മററുശിഷ്യന്മാർക്കും പ്രത്യക്ഷനാകുകയും ചെയ്തു. ഗലീലിയിലേക്കു അദ്ദേഹത്തെ അനുഗമിക്കുവാൻ അദ്ദേഹം ഞങ്ങൾക്കു ആജ്ഞനൽകിയിരിക്കുകയാണു്. ശിഷ്യവർഗ്ഗത്തിൽപെട്ട ചിലർ ഇപ്പോൾ അങ്ങോട്ടു് യാത്രചെയ്യുന്നുമുണ്ടു്" എന്നിങ്ങനെ ലാസറസ് വിശദീകരിച്ചു. (തുടരും)

## കർദ്ദിനാൾ പിയാസാ ദിവംഗതനായി



അത്യുന്നതകർദ്ദിനാൾ ജിയോവാന്നി പിയാസാ ഒ സി ഡി തിരുമനസ്സുകൊണ്ടു് കഴിഞ്ഞ നവമ്പർ 30-ാംനു- റോമിൽവച്ചു നിര്യാതനായിരിക്കുന്നു. കർമ്മലീത്താ സഭാംഗമായിരുന്ന അദ്ദേഹത്തെ 1930-ൽ 11-ാംപീയൂസു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ബെനവെൻേറാ അതിരൂപതയുടെ മെത്രാപ്പോലിത്തായായി തിരഞ്ഞെടുത്തു നിയമിച്ചു. 1935-ൽ അദ്ദേഹത്തെ വെനിസ് അതിരൂപതയിലേക്കു മാററി. വെനിസിൽ അദ്ദേഹം 13 കൊല്ലം ഭരിച്ചു. 1948-ലാണു് തിരുമേനി കൊൺസിസ്റ്റോറിയൽ തിരുസംഘത്തിൻെറ സിക്രട്ടറിയായി നിയമിക്കപ്പെട്ടതു്. ദൈവശാസ്ത്രജ്ഞൻ, കാനൻനിയമവിദഗ്ദ്ധൻ, വാഗ്മി, കവി, ഗായകൻ, ഗ്രന്ഥകാരൻ എന്നിങ്ങനെ വിവിധനിലകളിൽ തിരുമേനി സുപ്രസിദ്ധനായിരുന്നു. സാമൂഹ്യപ്രശ്നങ്ങളെ സംബന്ധിച്ച അഗാധമായ പാണ്ഡിത്യവും കുശാഗ്രമായ ദീർഘവീക്ഷണവും തിരുമേനിക്കുണ്ടായിരുന്നു. അദ്ദേഹത്തിൻെറ നിരവധി ഗ്രന്ഥങ്ങളിൽ "ഭാവിയും ക്രിസ്തീയസാമൂഹിക സന്ദേശവും", "ക്രിസ്തീയ സാമൂഹികമനസ്സാക്ഷി" മുതലായവ ഇതിനു ഉത്തമോദാഹരണങ്ങളാണു്. പരിശുദ്ധപിതാക്കന്മാർ ഓരോ അവസരങ്ങളിൽ കർദ്ദിനാൾ തിരുമനസ്സിലെ നിസ്തുലസേവനങ്ങളെ പ്രശംസിച്ചു പ്രത്യേക സന്ദേശങ്ങൾ നൽകിയിട്ടുണ്ടു്. തിരുമനസ്സിലെ നിര്യാണം കത്തോലിക്കാസഭയ്ക്കു പൊതുവേയും കർമ്മലീത്താസഭയ്ക്കു പ്രത്യേകിച്ചും ഒരു തീരാനഷ്ടമാണു് എന്നതിൽ സംശയമില്ല. പരേതൻെറ പാവനാത്മാവു് നിത്യവിശ്രാന്തി അനുഭവിക്കട്ടെ.

R. I. P.

Chakolas
SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP

യമത്തിൽനിന്നു ലാസറിനെ ഒഴിവാക്കുവാൻ സാധിക്കുമായിരുന്നുവെന്നതിനെ എന്തിനു സംശയിക്കണം? ലാസർ മരിച്ചുവെന്നും 4 ദിവസം കല്ലറയിൽ ആയിരുന്നുവെന്നും അനന്തരം ക്രിസ്തുവിൻെറ ആജ്ഞയനുസരിച്ചു് ലാസർ സജീവനായി കല്ലറയ്ക്കു പുറത്തു വന്നുവെന്നുമുള്ളതു വസ്തുതകളാണു്. വസ്തുതകളെ നിഷേധിക്കുക വിഡ്ഢിത്തമാണു്. ഇങ്ങനെ ലാസറിനെ ഉയിർപ്പിച്ച ദൈവമായ ക്രിസ്തുതന്നെയാണു് അവസാനദിവസത്തിൽ ഉയിർത്തെഴുന്നേല്പുമെന്നുള്ള സത്യം പഠിപ്പിച്ചതു്. അതിനാൽ അതു് അവിശ്വസിക്കുന്നതും വിഡ്ഢിത്തം

ക്രിസ്തു പറയുന്നതു നോക്കുക: "നീ വിശ്വസിക്കുന്നുവെങ്കിൽ ദൈവത്തിൻെറ മഹത്വം നീ കാണും എന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോ?...(പിതാവേ) നീ എന്നെ അയച്ചുവെന്നു ഇവിടെ നില്ക്കുന്ന ജനക്കൂട്ടം വിശ്വസിക്കേണ്ടതിനായി അവർ നിമിത്തം ഞാൻ ഇവ പറയുന്നു.... ലാസറെ പുറത്തു വരിക" (യോഹ: XI 40—43). ഇതിൽനിന്നു് ഈ അത്ഭുതം പ്രവർത്തിക്കുന്നതിൽ ക്രിസ്തുവിനു ഒരുദ്ദേശ്യമുണ്ടായിരുന്നുവെന്നു വ്യക്തമാണു്. ദൈവം തൻെറ ശക്തിയാൽ ലാസറിൽ ചെയ്തിരിക്കുന്ന ഈ അത്ഭുതത്തിൻെറ നാനാവശങ്ങളും പരിമിതബുദ്ധിയായ മനുഷ്യനു മനസ്സിലാക്കാൻ സാധിക്കുന്നില്ലെങ്കിൽ അത്ഭുതപ്പെടാനില്ല. അതു മനസ്സിലാകുന്നില്ലായെന്നതുകൊണ്ടു മരിച്ചുപോയ ലാസർ ഉയിർത്തു എന്ന വസ്തുത ഇല്ലാതാകുന്നില്ല. ലാസറിൻെറ ഈ ഉയിർപ്പു് ദൈവത്തിൻെറ ഒരു അത്ഭുതം മൂലമായിരിക്കുന്നതിനാൽ മനുഷ്യനു ഒരു മരണവും അതിനുശേഷം അവസാനദിവസത്തിൽ ഉയിർത്തെഴുന്നേല്പും എന്ന സാമാന്യനിയമത്തിനു അതു വിഘാതമായിത്തിരുന്നില്ല.

# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പാ ധ്യാനത്തിൽ പ്രവേശിക്കുന്നു

പരിശുദ്ധ പിതാവ് 12-ാം പീയൂസ് മാർപ്പാപ്പായും വത്തിക്കാൻ ക്കൂറിയായിലെ അംഗങ്ങളും മററന്തേവാസികളും ക്രിസ്തുമസിനു ഒരുക്കമായുള്ള ധ്യാനത്തിൽ അടുത്തു തന്നെ പ്രവേശിക്കുന്നതാണ്. ഇത്തവണ ധ്യാനപ്രസംഗകൻ ഇററലിയിലെ ജപാപ്പ്രേസ്തോലസഖ്യത്തിൻെറ ദേശീയഡയറക്ടർ റവ. ഫാദർ ആർസ്സെം ആരു എസ് ജെ അവർകളാണ്.

## ഉത്തരധ്രുവത്തിലെ റഷ്യൻ ബന്ധകളെ വത്തിക്കാൻറേഡിയോ സമാശ്വസിപ്പിക്കുന്നു

റഷ്യാക്കാർ ഉത്തരധ്രുവത്തിനടുത്തു ആർട്ടിക്ക് സൈബീരിയായിൽ തടവുകാരാക്കി താമസിപ്പിച്ചിരിക്കുന്നു എന്നു വിശ്വസിക്കപ്പെടുന്ന 300 ഇററാലിയൻകാരെ സമാശ്വസിപ്പിച്ചുകൊണ്ട് പുതുതായി ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്ന ശക്തിമത്തായ വത്തിക്കാൻ റേഡിയോ ഒരു സന്ദേശം പ്രക്ഷേപണംചെയ്തിരിക്കുന്നു. അത്യത്ഭുതാവഹമായ വിധത്തിലാണ് അവരെപ്പററിയുള്ള അറിവു കഴിഞ്ഞ ഒക്ടോബറിൽ ഇററലിക്കു ലഭിച്ചതു് പെഡ്റൊഡിനോ എന്ന സ്ഥലത്തു ഒരു നായാട്ടുകാരൻ വെടിവെച്ചുവീഴ്ത്തിയ ഒരു പക്ഷിയുടെ കാലിൽ ബന്ധിച്ചിരുന്ന ഒരു സന്ദേശത്തിൽനിന്നാണ് അതു ലഭിച്ചതു് അതേപ്പററി ഇററാലിയൻഗവമ്മേണ്ടു അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. സന്ദേശത്തിൻെറ ഉള്ളടക്കം ഇതാണു :- "13 കൊല്ലമായി റഷ്യൻ യുദ്ധതടവുകാരായ ഞങ്ങൾ 300 പേർ ഇവിടെ കഴിഞ്ഞുകൂടുകയാണ്. ഉത്തരധ്രുവത്തിലെ ഖനികളിൽ ഞങ്ങൾ അടിമകളെപ്പോലെ പണിയെടുക്കുന്നു. ഞങ്ങൾ ഫ്ളൂലിം, വെറോനാ, പാദുവാ, റൊഡിഗോ എന്നീ നാട്ടുകാരാണ്. ഞങ്ങൾക്കുവേണ്ടി നിങ്ങളാൽ പാടുള്ളതു ചെയ്യുക." വത്തിക്കാൻെറ സമാശ്വാസസന്ദേശം ഇപ്രകാരമായിരുന്നു:-"നിങ്ങൾ നിരാശപ്പെടാതിരിക്കുക ദൈവം നിങ്ങളെ രക്ഷിക്കും. സകല ജനങ്ങളും നിങ്ങൾക്കുവേണ്ടി പ്രാത്ഥിക്കുകയും നിങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുന്നതിനു പരിശ്രമിക്കുകയും ചെയ്യുന്നു." ഇററലിയുടെ ലിസ്റ്റിൽ യാതൊരറിവും ഇനിയും ലഭിക്കാത്തവരായി 63000 യുദ്ധബന്ധികൾ റഷ്യയിലുണ്ട്. എന്നാൽ അവിടെ ഒരൊററ ഇററാലിയൻ തടവുകാരൻപോലും ജീവിച്ചിരിപ്പില്ല എന്നു റഷ്യ വാദിക്കുകയാണ്.

## "ആർസിലെ വികാരി"യുടെ ശതാബ്ദജൂബിലി

ആർസിലെ വികാരി എന്നറിയപ്പെടുന്ന വിശുദ്ധ ജോൺ വിയാന്നി മരിച്ചിട്ട് 100 കൊല്ലം തികയുന്നതുപ്രമാണിച്ച് 1959 ഒരു ജൂബിലിവർഷമായി കൊണ്ടാടുന്നതിനു ബെല്ലിമെത്രാൻ തിരുമനസ്സുകൊണ്ടു പരിപാടികൾ തയ്യാറാക്കുന്നതായിപ്രഖ്യാപിച്ചിരിക്കുന്നു. ഈ അത്ഭുതമനുഷ്യൻെറ കബറിടം സന്ദശിക്കുന്നതിനു ഇപ്പോൾ പ്രതിവർഷം 3 ലക്ഷം തീത്ഥകർ വരുന്നുണ്ടു്. ജൂബിലിവർഷത്തിൽ അതു 10 ലക്ഷമാകുമെന്നു പ്രതീക്ഷിക്കുന്നു.

## രോഗികൾക്കുവേണ്ടി മാർപ്പാപ്പായുടെ സംഭാവന


രോഗികളുടെ സമാശ്വാസത്തിനുവേണ്ടി സംഘടിതമായിട്ടുള്ള വോളൻററിയർ സെൻററുകളുടെ സ്ഥാപകനായ മോൺ: ലിയൂജി നോവറീസ് അവർകൾക്കു പരിശുദ്ധ പിതാവു 1300 പവൻെറ ഒരു ചെക്കു അയച്ചുകൊടുത്തിരിക്കുന്നു. പേപ്പൽ പ്രോ സ്റ്റേററു സിക്രട്ടറി മോൺ ഡെൽ ...കാ അവർകൾ അതോടൊന്നിച്ചയച്ച കത്തിൽ ഇപ്രകാരം പറയുന്നു: "ഇതു ഏററവും സന്ദർഭോചിതമായ ഒരു പ്രവത്തനമാണ്. ക്രിസ്തുവിൻെറ മൗതികശരീരത്തിൽ എല്ലാ സ്ഥലങ്ങളിലും അതു ആദ്ധ്യാത്മികോപകാരപ്രദമായ നിസ്സീമഫലങ്ങൾ പുറപ്പെടുത്തുന്നതാണ്. ഏവംവിധം സഹനത്തിൻെറ കുരിശിനെ ധീരമായി ആശ്ലേഷിക്കുന്നതുകൊണ്ടാണല്ലോ നമ്മുടെ രക്ഷകൻെറ പീഡാസഹനമാകുന്ന രക്ഷണീയകൃത്യം തുടന്നുകൊണ്ടിരിക്കുന്നതു്."


മലബന്ധം
ഗ്യാസ്ട്രബിൾ
മൂലക്കുരു
ഓജഃക്ഷയം
എന്നിവയ്ക്കും, ഇവയിൽനിന്നു തദ്ദ്വിക്കുന്ന നീർവീഴ്ച, ചുമ. നെഞ്ചുവേദന മുതലായ രോഗങ്ങൾക്കും
കാളൻസ്
ദ്രാക്ഷാഘൃതം
KALAN
കാളൻ, നെല്ലായി (S. India)


## ദരിദ്രവിഭാഗങ്ങൾക്കുവേണ്ടി മാർപ്പാപ്പായുടെ ആഹ്വാനം

ലോകത്തിൽ ഭക്ഷണമില്ലാതെ കഷ്ടപ്പെടുന്ന അനേകലക്ഷങ്ങളെ സമാശ്വസിപ്പിക്കുന്നതിനു കാര്യക്ഷമവും അടിയന്തിരവുമായ പ്രതിവിധികൾ സംഘടിതമായി ചെയ്യണമെന്നു തിരുമേനിയെ സന്ദശിച്ച "യുണൈററഡ് നേഷൻസ് ഫുഡ് ആൻറ് അഗ്രിക്കൾച്ചറൽ ഓർഗനൈസേഷൻ" കോൺഫറൻസിലെ പ്രതിനിധികളോടു പരിശുദ്ധ മാർപ്പാപ്പാ അഭ്യത്ഥിക്കുകയുണ്ടായി "അനേകായിരങ്ങൾ പട്ടിണികൊണ്ടു വലയുന്നു. പ്രത്യേകതാല്പര്യങ്ങളുടെ പേരിൽ, അവരെ സഹായിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ അമാന്തം വരുത്തരുതേ" എന്നാണ് തിരുമേനി പ്രസ്താവിച്ചതു്. വ്യവസായോല്പന്നങ്ങളുടെ വില അടിക്കടി ഉയരുമ്പോൾ കർഷകരുടെ വരുമാനം കഴിഞ്ഞ അഞ്ചുകൊല്ലങ്ങളിൽ മുറയ്ക്കു കുറയുകയാണുണ്ടായിട്ടുള്ളതെന്നു തിരുമേനി ചൂണ്ടിക്കാണിച്ചു.

## കാലംചെയ്ത മുൻ ഇൻറർനൺഷ്യോയുടെ 30-ാം ചരമദിനാചരണം



മുൻ ഇൻറർനൺഷ്യോ മോസ്റ്റ് റവ. ഡോക്ടർ ലിയോ പി കീയർക്കീൽസ് തിരുമേനി കാലംചെയ്തതിൻെറ 30-ാംദിവസമായ ഡിസമ്പർ 7 ാംതിയതി തിരുമേനിയുടെ ആത്മവിശ്രാന്തിക്കായി എറണാകുളംമെത്രാപ്പോലീത്തൻപള്ളിയിൽ പ്രത്യേകകമ്മങ്ങൾ അനുഷ്ഠിക്കപ്പെട്ടു എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി പരേതനുവേണ്ടി ദിവ്യബലി അപ്പിക്കുകയും തുടന്നു നടത്തപ്പെട്ട വലിയ ഒപ്പീസിൽ പ്രധാനകാമ്മികത്വം വഹിക്കുകയുംചെയ്തു നിരവധി ജനങ്ങൾ തിരുക്കമ്മങ്ങളിൽ ഭാഗഭാക്കായി പരേതനുവേണ്ടി പ്രാത്ഥിച്ചു

R. I. P.

## സാവ്വലൗകികയൂണിവേഴ്സിററി സെൻറർ

"ഓപ്പൂസ് ദേയി" എന്ന കത്തോലിക്കാ അൽമായസംഘടനയുടെ ആഭിമുഖ്യത്തിൽ അടുത്തകൊല്ലം റോമിൽ ഒരു സാവ്വലൗകികയൂണിവേഴ്സിററി സെൻറർ ആരംഭിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. മുസ്സോലിനി പണികഴിപ്പിച്ചതായ റോമിലെ "വേൾഡ് ഫെയർ" ഗ്രൗണ്ട്സാണ് അതിനു തിരിഞ്ഞെടുത്തിരിക്കുന്ന സ്ഥലം. ലോകത്തിൻെറ എല്ലാഭാഗങ്ങളിൽനിന്നുമായി 100 സ്കോളർഷിപ്പു ലഭിച്ച വിദ്യാത്ഥികളെയായിരിക്കും അതിൽ സ്വീകരിക്കുക.

—o—


മുതലക്കോടം പള്ളിയിൽ
നാൽപ്പതുമണി ആരാധന
1957 ഡിസംബർ 17, 18, 19 (ചൊവ്വാ, ബുധൻ, വ്യാഴം) എന്നീ തീയതികളിൽ നടത്തപ്പെടുന്നു
എന്നു ടി പള്ളിവികാരി


## ചരമവാർഷികം




മാർ ളൂയിസ് പഴേപറമ്പിൽ തിരുമേനി

എറണാകുളം മിസ്സത്തിൻെറ ആദ്യവികാരി അപ്പസ്തോലിക്കായായിരുന്ന റൈററ് റവ മാർ ളൂയിസ് പഴേപറമ്പിൽ തിരുമനസ്സിലെ 38-ാമത്തെ ചരമവാർഷികം പ്രമാണിച്ച് ഡിസ. 9-ാംനു എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാനകാമ്മികത്വത്തിൽ പൊന്തിഫിക്കൽ റാസയും മരിച്ചവക്കുവേണ്ടിയുള്ള ഒപ്പീസും നടത്തപ്പെട്ടു. പരേതൻെറ ആത്മാനുകൂലാത്ഥം നടത്തപ്പെട്ട പ്രസ്തുത കർമ്മങ്ങളിൽ അതിരൂപതാവികാരി ജനറാൾ റൈററ് റവ മോൺ. ജോർജ്ജ് വല്യാറമ്പത്ത് ചാൻസലർ വെരി റവ. ഫാദർ പോൾ വടക്കുംചേരി മുതലായി പല ബ. വൈദികരും ബ. കന്യാസ്ത്രീകളും വലിയൊരു ജനസഞ്ചയവും സംബന്ധിച്ചിരുന്നു. പരേതൻെറ നിയോഗമനുസരിച്ചു സാധുക്കൾക്കു അന്നദാനവും നിവ്വഹിക്കപ്പെട്ടു.

R. I. P.

—o—

## ഊട്ടക്കമണ്ടിലെ മലയാളി മിഷ്യനറിമെത്രാനായ റൈററ റവ. ഡോ. ആൻറണി പടിയറ തിരുമേനി കേരള കത്തോലിക്കരോട് പ്രത്യേകിച്ച് വി. പത്താം പീയൂസിൻെറ എല്ലാ ഭക്തരോടും ചെയ്യുന്ന അഭ്യത്ഥന



വി. പത്താം പീയൂസിൻെറ നാമധേയത്തിൽ ഞങ്ങൾ ഒരു പെററിസെമ്മിനാരി പണിയാൻ ആരംഭിച്ചിരിക്കുകയാണ്. ഈ സംരംഭം പൂത്തിയാക്കാൻ നിങ്ങളുടെ സഹായം ഞങ്ങൾ അഭ്യത്ഥിക്കുന്നു. ഞങ്ങൾക്കു ചെയ്യുന്ന എത്രയും ചെറിയ സഹായത്തെയും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുന്നതും നിങ്ങൾക്കുവേണ്ടി പ്രാത്ഥിക്കുന്നതുമായിരിക്കും. ദൈവത്തിൻെറ അനുഗ്രഹങ്ങളും ദാനങ്ങളും വി. പത്താംപീയൂസ് നിങ്ങൾക്കു വാങ്ങിത്തരുമാറാകട്ടെ.

ബിഷപ്സ് ഹൗസ്, ഊട്ടക്കമണ്ട് P. O. — ആൻറണി പടിയറ, ഊട്ടക്കമണ്ട് മെത്രാൻ



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 DECEMBER 11 || No. 18


# വിദ്യാഭ്യാസത്തിൽ കുടുംബത്തിന്റെ അവകാശം അനിരോദ്ധ്യമെന്നു മാർപ്പാപ്പാ തിരുമേനി

സ്വേച്ഛാധിപത്യഭരണത്തിൽ രാഷ്ട്രത്തിന്റെ സ്വാർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു എളുപ്പമാർഗ്ഗമായി കരുതിപ്പോരുന്നതു് വിദ്യാഭ്യാസത്തെ കൈയടക്കുകയാണു്. വെറും മററീരിയലിസ്റ്റിക്ക് ആദർശങ്ങളാൽ നയിക്കപ്പെടുന്ന രാജ്യങ്ങൾക്കു ഇക്കാര്യത്തിൽ മനസ്സാക്ഷിപരമായ യാതൊരു പ്രതിബന്ധവും പരിഗണിക്കേണ്ടതുമില്ല. കാരണം അങ്ങനെയൊന്നിനു ആ തത്വസംഹിതയിൽ സ്ഥാനമില്ല. മനസ്സാക്ഷിക്കു സ്ഥാനമുണ്ടാകണമെങ്കിൽ അതിനു ആധാരമായി നിൽക്കുന്ന ആദ്ധ്യാത്മികമൂല്യങ്ങളിൽ വിശ്വാസംവേണം. വിവേചനാശക്തിയുള്ള ഒരു മനുഷ്യന്റെ പ്രവൃത്തികൾക്കു ഉത്തരവാദിത്വമുണ്ടെന്നും, അവന്റെ സ്രഷ്ടാവായ ദൈവത്തോടുള്ള ഈ ഉത്തരവാദിത്വബോധത്തെപ്പററി വിധികല്പിച്ചു് അന്തരംഗത്തിൽ അതു പ്രതിധ്വനിപ്പിക്കുന്ന സ്വരമാണു് മനസ്സാക്ഷിയെന്നും ആത്മാർത്ഥമായി വിശ്വസിച്ചംഗീകരിക്കുന്നവർക്കു മാത്രമേ അതിനെ ശ്രവിക്കുവാനുള്ള പ്രചോദനമുണ്ടാകുന്നുള്ളു. അതുകൊണ്ടു് ദൈവത്തെ വിശ്വസിക്കാത്ത നിരീശ്വരനും, സ്വഭാവാതീതവും ധാർമ്മികവുമായ സകലത്തേയും അവജ്ഞയോടെ എതിർക്കുന്ന മററീരിയലിസ്റ്റും മനസ്സാക്ഷിയെ അവഗണിക്കേണ്ടതു് അവരുടെ ബാദ്ധ്യതയാണു്. അക്കൂട്ടരോടു് ധാർമ്മികമായ അവകാശങ്ങളെപ്പററിപ്പറയുന്നതു് നിഷ്പ്രയോജനമാണെന്നു വ്യക്തമാണല്ലോ. പക്ഷെ, സുബോധമുള്ള മനുഷ്യനു ഈ നിലപാടിന്റെ യുക്തിരാഹിത്യം തെളിവായി കാണാവുന്നതുകൊണ്ടു് അവരെ ഉദ്ദേശിച്ചാണു് ഈ പ്രശ്നത്തെപ്പററി വീണ്ടും പ്രതിപാദിക്കാമെന്നു വച്ചതു്.

കേരളത്തിലെ വിദ്യാഭ്യാസരംഗത്തു് ഈ രണ്ടഭിപ്രായഗതികളും തമ്മിലാണു് ഇന്നേററുമുട്ടൽ നടന്നുകൊണ്ടിരിക്കുന്നതു്. സ്വേച്ഛാപ്രമത്തമായ കമ്മ്യൂണിസ്റ്റ് ഗവർമ്മേണ്ടു് വിദ്യാഭ്യാസം കൈയടക്കുന്നതിനു മുഷ്ടിയുയർത്തിയിരിക്കുന്നു. ധാർമ്മികമൂല്യങ്ങളിൽ വിശ്വസിക്കുന്ന വിഭാഗം അവരുടെ മൗലികാവകാശങ്ങൾ തട്ടിപ്പറിക്കരുതു് എന്നു വാദിക്കുന്നു. വിദ്യാഭ്യാസം ഗവർമ്മേണ്ടിന്റെ കുത്തകയാക്കുന്നതും, കുടുംബത്തിന്റേയും പ്രൈവററ് ഏജൻസികളുടേയും അവകാശങ്ങളെ കൈയേറുന്നതും, ഇന്ത്യൻ ഭരണഘടനാവകുപ്പുകൾക്കു എതിരായിട്ടുള്ളതുമായ വിദ്യാഭ്യാസബിൽ കമ്മ്യൂണിസ്റ്റ് കക്ഷി നിയമസഭയിലെ നാമമാത്രമായ ഭൂരിപക്ഷപിന്തുണയുടെ പേരിൽ പാസ്സാക്കി കേന്ദ്രത്തിന്റെ അനുമതിക്കു സമർപ്പിച്ചിരിക്കുന്നു. അതിനിടയിൽ നിയമവിരുദ്ധവും ക്രമവിരുദ്ധവുമായ ഓർഡറുകൾ വഴി അതിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനു ശ്രമിക്കുന്നു. സംഘടകക്ഷികൾ ഒന്നുചേർന്നു അവരുടെ പ്രതിഷേധം രേഖപ്പെടുത്തുകയും, കേന്ദ്രഗവർമ്മേണ്ടിന്റെ അടുത്തു ബില്ലിലെ നിയമവിരുദ്ധമായ വ്യവസ്ഥകളെപ്പററി പരാതിപ്പെടുകയും, കോടതിമൂലം ഗവർമ്മേണ്ടിന്റെ ക്രമവിരുദ്ധമായ നടപടികളെ ചോദ്യംചെയ്യുകയും ചെയ്തിരിക്കുന്നു. ഇതാണല്ലോ കേരളത്തിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസപ്രക്ഷോഭണത്തിന്റെ രത്നച്ചുരുക്കം. വസ്തുതകളേയും യഥാർത്ഥപ്രശ്നങ്ങളേയും മാററിമറിച്ചു് പൊതുജനങ്ങളിൽ തെററിദ്ധാരണയും ചിന്താക്കുഴപ്പവുമുണ്ടാക്കുന്നതിനു ഗവർമ്മേണ്ടും ചില തല്പരകക്ഷികളും കിണഞ്ഞുപരിശ്രമിക്കുന്നുണ്ടു്. അതുകൊണ്ടാണു് പ്രശ്നത്തിന്റെ യഥാർത്ഥവശങ്ങളേയും അതിൽ അന്തർലീനമായിരിക്കുന്ന തത്വങ്ങളേയും വീണ്ടും വീണ്ടും ഞങ്ങൾ മാന്യവായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നതു്.

പ്രൈവററുസ്കൂളുകളുടെ അവകാശത്തെ വിശദമാക്കി ഈയിടെ പരിശുദ്ധമാർപ്പാപ്പാ ചെയ്ത ഒരു പ്രസ്താവനയിലെ ചില ഭാഗങ്ങളാണു് ചുവടെ ചേർക്കുന്നതു്. യൂറോപ്പിലെ പ്രൈവററുസ്കൂളുകളുടെ മേധാവികൾ റോമിൽവച്ചു ഒരു അന്തർദ്ദേശീയ കോൺഫറൻസ് നടത്തുകയുണ്ടായി. അതിലെ അംഗങ്ങൾ മാർപ്പാപ്പായെ സന്ദർശിച്ച അവസരത്തിലാണു് തിരുമേനി ഈ പ്രസ്താവന ചെയ്തതു്. തിരുമേനി പറഞ്ഞു:- "ഒരു രാജ്യത്തിലെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ ജീവിതത്തിന്റെ നിലവാരം, പ്രൈവററുസ്കൂളുകളെ നിയന്ത്രിക്കുന്ന അതിന്റെ നിയമങ്ങളെ പരിശോധിച്ചാൽ കൃത്യമായി മനസ്സിലാക്കുവാൻ സാധിക്കും. ഒരു സ്റ്റേററു് വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള അവകാശം അതിനു മാത്രമുള്ളതാണെന്നു് ശഠിക്കുകയും പ്രസ്തുതരംഗത്തു് വ്യക്തികളോ വിഭാഗങ്ങളോ എന്തെങ്കിലും ഉത്തരവാദിത്വം എടുക്കുവാൻ അനുവദിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അതു് മനുഷ്യന്റെ വ്യക്തിത്വത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾക്കെതിരായ ഔദ്ധത്യപൂർവ്വമായ ഒരു നിലപാടിനെയാണു് തെളിയിക്കുന്നതു്." അനന്തരം പരിശുദ്ധപിതാവു് വിദ്യാഭ്യാസം നിർവ്വഹിക്കുന്നതിനുള്ള ദൗത്യം സ്റ്റേററിൽനിന്നുമാത്രം ലഭിക്കുന്ന ഒന്നല്ലെന്നും, ഒന്നാമതായി അതു് കുടുംബത്തിൽനിന്നും കുടുംബം ഉൾപ്പെട്ടുനിൽക്കുന്ന സാമൂഹികസംഘടനയിൽനിന്നുമാണെന്നുള്ള സിദ്ധാന്തം ഊന്നിപ്രഖ്യാപിച്ചു. തിരുമേനി തുടർന്നു:- "മനുഷ്യന്റെ വ്യക്തിത്വം രൂപവൽക്കരിക്കേണ്ട കർത്തവ്യം പ്രഥമമായി കുടുംബത്തിന്റേതാകുന്നു. അതേകർത്തവ്യനിർവ്വഹണംതന്നെയാണു് വിദ്യാലയം വിപുലമായ ഒരു തോതിൽ നടത്തുന്നതു്. തന്മൂലം സ്കൂൾ കുടുംബത്തിന്റെ പ്രവൃത്തി വിപുലപ്പെടുത്തുകമാത്രം ചെയ്യുന്നതുകൊണ്ടു് അങ്ങിനെ ചെയ്യുന്നതിനുള്ള അധികാരം കുടുംബത്തിൽനിന്നാണു് അതു സ്വീകരിക്കുന്നതു്. ആധുനികസ്റ്റേററിൽ ഭരണയന്ത്രം ക്രമരഹിതമായി വളർന്നു പൊതുജീവിതത്തിലെ വിസ്തൃതമായ പല രംഗങ്ങളേയും, പ്രത്യേകിച്ചു് വിദ്യാലയത്തേയും ഗ്രസിച്ചുകൊണ്ടിരിക്കുന്നു. ഒരു സമൂഹത്തിന്റെ ആവശ്യങ്ങൾക്കു് വ്യക്തിപരമായ പ്രവർത്തനംകൊണ്ടു മതിയാകാതെ വരുമ്പോൾ ഈ ഇടപെടൽ ന്യായാനുസൃതമാകാം; എന്നാൽ സ്വകാര്യസംരംഭങ്ങൾ വേണ്ടത്ര തൃപ്തികരമായുള്ളപ്പോൾ അതു തികച്ചും ഉപദ്രവകരമാണു്. അതുകൊണ്ടു് ഗവർമ്മേണ്ടു സ്കൂളുകളേക്കാൾ കൂടുതൽ പരിഗണന പ്രൈവററുസ്കൂളുകൾക്കാണു് നൽകേണ്ടതെന്നു നിങ്ങൾ ശക്തിയായി വാദിക്കുന്നതും, അവയ്ക്കു പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുള്ള ഏതു സ്ഥലത്തും അവ നിർവ്വഹിച്ചിട്ടുള്ള മഹത്തായ സേവനത്തെ ഉദാഹരണമായി എടുത്തുകാണിക്കുന്നതും തികച്ചും ശരിയായിട്ടുള്ള കാര്യങ്ങളാണു്."

പരിശുദ്ധപിതാവിന്റെ ഈ വാക്കുകളിൽനിന്നു സ്പഷ്ടമായി ഗ്രഹിക്കുവാൻ സാധിക്കുന്നുണ്ടു്, വിദ്യാഭ്യാസകാര്യത്തിൽ കുടുംബത്തിനും അതിന്റെ പ്രാതിനിദ്ധ്യം വഹിക്കുന്ന സാമൂഹികസംഘടനകൾക്കുമാണു് പ്രാഥമികവും അലംഘനീയവുമായ അവകാശമുള്ളതെന്നും, അവയ്ക്കു അതു നിർവ്വഹിക്കാൻ സാധിക്കാത്ത അവസരങ്ങളിൽ മാത്രമേ അതിൽ ഇടപെടാൻ സ്റ്റേററിനു ന്യായമായ അവകാശമുള്ളൂ എന്നും. മാത്രമല്ല, നീതിവിരുദ്ധമായി പ്രൈവററു ഏജൻസികളുടെ അവകാശസ്വാതന്ത്ര്യങ്ങളിൽ കൈവയ്ക്കുന്ന ഗവർമ്മേണ്ടു് അതിന്റെ സംസ്കാരത്തിന്റെ താണനിലവാരമാണു് പ്രകടമാക്കുന്നതെന്നും മാർപ്പാപ്പാ വിശദമാക്കിയിരിക്കുന്നു. അതുകൊണ്ടു് യാതൊരു ഗവർമ്മേണ്ടും സ്വേച്ഛാധിപത്യപ്രവണതയാൽ പ്രേരിതമായി കുടുംബത്തിന്റെയും പ്രൈവററു ഏജൻസികളുടേയും മൗലികമായ അവകാശസ്വാതന്ത്ര്യങ്ങളിൽ കൈകടത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണു്. ഈ തത്വത്തിന്റെ പ്രകാശത്തിൽ കേരളകമ്മ്യൂണിസ്റ്റ് ഗവർമ്മേണ്ടിന്റെ വിദ്യാഭ്യാസബിൽസംരംഭം വിലയിരുത്തുമ്പോൾ അതിന്റെ യഥാർത്ഥമൂല്യം ഏവർക്കും ഗ്രഹിക്കുവാൻ സാധിക്കും.

## പ്രസാധകക്കുറിപ്പുകൾ

### ക്രിസ്തീയവിഭാഗങ്ങളുടെ ഐക്യത്തിനുള്ള മാർഗ്ഗം

വിവിധ ക്രൈസ്തവസഭകൾ തമ്മിൽ യോജിച്ചു് ഏകതൊഴുത്തും ഏകഇടയനുമായിത്തീരുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ പൂർവ്വകാലങ്ങളെ അപേക്ഷിച്ചു് ഇപ്പോൾ കൂടുതൽ വ്യാപകമായ തോതിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. വ്യക്തിപരവും സാമൂഹികവുമായ നിരവധി പ്രശ്നങ്ങളെ ഏററുമുട്ടേണ്ട ഒരു രംഗമാണിതെന്നതിൽ സംശയമില്ല. പക്ഷെ ക്രിസ്തുവിന്റെ ദിവ്യാഭിലാഷപൂർത്തിയെ ലക്ഷ്യംവയ്ക്കുന്ന ഏതൊരു ക്രിസ്ത്യാനിക്കും ഇക്കാര്യത്തിൽ അലസമനോഭാവം കൈവരിക്കാനും സാദ്ധ്യമല്ല. ഈയിടെ സതാംപ്ടണിലെ ബിറേറൺ എന്ന സ്ഥലത്തെ ആംഗ്ലിക്കൻ പാരിഷ്ഹാളിൽ സമ്മേളിച്ച ആംഗ്ലിക്കൻവൈദികരുടേയും ഫ്റീചർച്ച് വൈദികരുടേയും ഒരു യോഗത്തിൽ റവ. ഫാദർ ഗോർഡൻ ആൽബിയോൻ "ക്രിസ്തീയ ഐക്യത്തിന്റെ അടിസ്ഥാനം" എന്ന വിഷയത്തെപ്പററി പ്രസംഗിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പാണ്ഡിത്യോചിതവും പ്രശ്നങ്ങളെ നേരിട്ടു സ്പർശിക്കുന്നതുമായ ചില പരാമർശനങ്ങൾ ഈ വിഷയത്തിൽ തല്പരരായ എല്ലാവർക്കും വിജ്ഞാനദായകങ്ങളും മാർഗ്ഗദർശകങ്ങളുമായിരിക്കുന്നുണ്ടു്. ക്രിസ്ത്യാനികളുടെ അനൈക്യം ആദ്ധ്യാത്മികമായ ആത്മാർത്ഥതയില്ലായ്മയാണെന്നാണു് അദ്ദേഹം പറഞ്ഞതു്: "ക്രിസ്തു ഒന്നു പറയുന്നതായി നാം മനസ്സിലാക്കുന്നു; അതിനു കടകവിരുദ്ധമായതിനെ നാം പ്രവർത്തിക്കുന്നു." അതുകൊണ്ടു് വിശ്വാസം, ശരണം, സ്നേഹം എന്നിവയിലൂടെ എല്ലാ വിഭാഗങ്ങളും പ്രതിനിവർത്തിക്കേണ്ടിയിരിക്കുന്നു. "എനിക്കു നിർദ്ദേശിക്കുവാനുള്ളതിതാണു്: വിശ്വാസം, ശരണം, സ്നേഹം എന്നീ മൂന്നു ദൈവികപുണ്യങ്ങളുടെ അടിസ്ഥാനത്തിൽ നാം എന്തു ചെയ്യുവാൻ സന്നദ്ധരാണെന്നു ഒരു പരിപാടി തയാറാക്കുക. ഈ പുണ്യങ്ങളുടെ ക്രമം അല്പമൊന്നു വ്യത്യാസപ്പെടുത്തുകയാണു ഞാൻ. ഒന്നാമതായി, ശരണം—ക്രിസ്തുവിന്റെ പ്രാർത്ഥന നിവൃത്തിയാകണമെന്നുള്ളതു് നമ്മുടെ ആത്മാർത്ഥമായ ശരണമായിരിക്കണം; തന്മൂലം അവിടുത്തെ പ്രാർത്ഥനയോടു് നമ്മുടെ പ്രാർത്ഥനകളെ നാം സംയോജിപ്പിക്കണം. നാമോരോരുത്തരും സാന്ദ്രപ്രകാശം ദർശിക്കുന്നതിനും അതിനാൽ നയിക്കപ്പെടുന്നതിനുംവേണ്ടി പരസ്പരം പ്രാർത്ഥിക്കണം. രണ്ടാമതു്, വിശ്വാസവും അറിവും—നമ്മുടെ വിശ്വാസങ്ങളെ പുനപ്പരിശോധനചെയ്യുവാൻ നാമോരോരുത്തരും ശ്രമിക്കണം; ക്രിസ്തുമതത്തിന്റെ മഹനീയമായ തത്വങ്ങളെ സംബന്ധിച്ചു് നമ്മുടെ മതനേതാക്കന്മാർതന്നെ എന്തു പറയുന്നുവെന്നു നാം പഠിക്കണം. ലക്ഷ്യംപ്രാപിക്കുന്നതിനു്, അതേസമയം മററുള്ളവർ എന്തു വിശ്വസിക്കുന്നുവെന്നു്, പ്രത്യേകിച്ചും നമ്മിൽനിന്നു വിഭിന്നമായ വിധത്തിൽ അവർ തത്വങ്ങളെ എങ്ങനെ വീക്ഷിക്കുന്നുവെന്നു നാം കണ്ടുപിടിക്കുകയും മനസ്സിലാക്കുകയുംവേണം. ഒടുവിലായി, സ്നേഹം—16-ാം നൂററാണ്ടിൽ വാദപ്രതിവാദങ്ങളിൽ ഏർപ്പെട്ടിരുന്നവർ സ്വീകരിച്ചിരുന്നതും, കുറെ ശക്തികുറഞ്ഞ രീതിയിലാണെങ്കിലും ഇന്നും സ്വീകരിച്ചുപോരുന്നതുമായ വാദരീതിയും യുക്തികളും പരിപൂർണ്ണം പരിവർജ്ജിക്കുന്നതിനു തയാറാകുന്നില്ലെങ്കിൽ പ്രശ്നങ്ങളിലേക്കു നാം പ്രവേശിച്ചിട്ടുതന്നെ കാര്യമില്ല. ക്രിസ്തീയസ്നേഹത്തിന്റെ ചൈതന്യത്തിൽവേണം നാം പരസ്പരം സമ്പർക്കപ്പെടുന്നതിനും വ്യത്യാസങ്ങളെപ്പററി ചർച്ചചെയ്യുന്നതിനും. എതിർപക്ഷത്തിലെ ഗ്രന്ഥകാരന്മാരുടെ കൃതികൾ വായിക്കുമ്പോൾ അവരുടെ വീക്ഷണകോണത്തെപ്പററി സഹിഷ്ണുതയുണ്ടാകണം. അവർ അവരുടെ പ്രസ്താവനകളിലും വാദങ്ങളിലും തികഞ്ഞ ആത്മാർത്ഥതയുള്ളവരാണെന്നു മാത്രമല്ല, വ്യക്തിപരമായ പരിഗണനയിൽ അവർ എന്നേക്കാൾ ഗുണസമ്പന്നരും ദൈവത്തിനു ഇഷ്ടപ്പെട്ടവരുമായിരിക്കാമെന്നും ഉള്ളതു് ഒരു അംഗീകൃതതത്വമായി നാം സ്വീകരിക്കണം." ഇപ്രകാരം ക്രിസ്തീയസഭയിലെ വിവിധവിഭാഗങ്ങളിലും പെട്ടവർ സ്വാർത്ഥതാല്പര്യങ്ങളെ പരിത്യജിച്ചു് വസ്തുനിഷ്ഠമായ സത്യത്തെ ഗ്രഹിക്കുന്നതിനും അതിനെ സ്വീകരിക്കുന്നതിനും, ശരണം, വിശ്വാസം, സ്നേഹം എന്നീ ദൈവികപുണ്യങ്ങളുടെ പ്രചോദനത്തിൽ പ്രാർത്ഥനാമനോഭാവത്തോടെ പരിശ്രമിക്കുമ്പോഴാണു് ക്രിസ്തു അഭിലഷിക്കുകയും ദൈവപിതാവിനോടപേക്ഷിക്കുകയും ചെയ്ത ആ സഭൈക്യത്തിനുള്ള കവാടം നമുക്കു തുറന്നുകിട്ടുക. അതിനുള്ള സഹിഷ്ണുതയും വിനയമനസ്ഥിതിയും പ്രായോഗികമാകുന്നുവെങ്കിൽ ഇന്നത്തെ നമ്മുടെ പരിശ്രമങ്ങൾ പ്രതീക്ഷയിൽക്കവിഞ്ഞ ഫലം പുറപ്പെടുവിക്കാതിരിക്കയില്ല. നേരെമറിച്ചു് ഈ ക്രിസ്തീയചൈതന്യം നമ്മെ മാർഗ്ഗദർശനം ചെയ്യുന്നില്ലായെങ്കിൽ എത്രകാലം സഭൈക്യത്തിനുവേണ്ടി എന്തെല്ലാം സാഹസികയത്നങ്ങൾ നാം ചെയ്താലും അനൈക്യത്തിന്റെ വിടവുകൾ അടിക്കടി വർദ്ധിക്കുകയേയുള്ളൂ.

× × ×

### വിജ്ഞാനശേഖരങ്ങളായ വൈദികരേഖകൾ തുറന്നുവയ്ക്കുക

ചരിത്രത്തേയും ശാസ്ത്രത്തേയും സംബന്ധിച്ചു് അതീതകാലനേട്ടങ്ങളിലേക്കു പ്രകാശംവീശുന്ന പുരാണരേഖകൾ പൂഴ്ത്തിവയ്ക്കുകയെന്നുള്ള ഒരു തഴക്കം എല്ലാ രാജ്യങ്ങളിലും ജനവിഭാഗങ്ങളിലും കാണുന്ന ഒന്നാണു്. തന്മൂലം പല വിലപിടിച്ച രേഖകളും ലോകത്തിനു നഷ്ടപ്പെട്ടുപോയിട്ടുണ്ടു്. ഇപ്പോഴും ഒട്ടുവളരെ ഏതാദൃശരേഖകൾ സൂര്യപ്രകാശം കാണാതേയും പുഴുക്കൾക്കാഹാരമായും ഓരോ സ്ഥാപനങ്ങളോടും പൂർവ്വകുടുംബങ്ങളോടും ബന്ധപ്പെട്ട ഗ്രന്ഥശേഖരഅറകളിലിരുന്നു നശിക്കുന്നുമുണ്ടു്. എത്ര മഹത്തരമായ വിജ്ഞാനനേട്ടങ്ങളാണു് ഇപ്രകാരം അനന്തരതലമുറകൾക്കു നഷ്ടപ്പെട്ടുപോകുന്നതു്. ഇന്ത്യയെ സംബന്ധിച്ചു് ഇതു എത്രമാത്രം അർത്ഥവത്താണെന്നു പറയേണ്ടതില്ല. ഋഷിവര്യന്മാരും വേദാന്തികളും വൈദ്യശാസ്ത്രപടുക്കളും പുരാതനകാലങ്ങളിൽ ഭാരതത്തെ സംസ്കാരത്തിന്റേയും പുരോഗതിയുടേയും പരമകോടിയിലെത്തിച്ചുവെങ്കിലും ആ കൈമുതലുകൾ പലതും കാലാന്തരത്തിൽ നമ്മുടെ കൈവിട്ടു നഷ്ടപ്പെടുകയാണുണ്ടായിട്ടുള്ളതു്. കത്തോലിക്കാസഭ ഇക്കാര്യത്തിൽ പലേ സന്ദർഭങ്ങളിലും വിവേചിതമായി പ്രവർത്തിച്ചിട്ടുണ്ടു്. ലോകത്തിലുള്ളതിൽ ഏററവും വലിയ ഒരു വിജ്ഞാനരേഖാസഞ്ചയമാണു് വത്തിക്കാന്റെ ആർക്കേയ്‌വ്സിൽ നിക്ഷിപ്തമായിട്ടുള്ളതു്. ഒരുനൂററാണ്ടുമുമ്പുവരെ അവയെല്ലാം രഹസ്യമായി സൂക്ഷിക്കപ്പെടുകയായിരുന്നു. ആർക്കും അതു അഭിഗമ്യമായിരുന്നില്ല. എന്നാൽ വിശ്വവിഖ്യാതനായ പരിശുദ്ധപിതാവു് 13-ാം ലെയോ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ശാസ്ത്രജ്ഞന്മാർക്കും ഗവേഷകന്മാർക്കും അതിന്റെ കവാടങ്ങൾ തുറന്നുകൊടുത്തു. വളരെ ധീരമായ ഒരു നടപടിയായിരുന്നു ഇതു്. പല ഭാഗങ്ങളിൽനിന്നും ശക്തിയായ പ്രതിഷേധങ്ങൾ പുറപ്പെട്ടു. സാധാരണ പൂർവ്വരേഖാസഞ്ചയങ്ങളെ സംബന്ധിച്ചു് എവിടേയും തങ്ങിനില്ക്കുന്ന ആശങ്കകളായിരുന്നു ഇതിനും പ്രേരണനൽകിയതു്; അതായതു് ആക്ഷേപാർഹവും സ്വന്തം അഭിമാനക്ഷയത്തിനു നിദാനവുമായ വല്ല പൂർവ്വരേഖകളും വെളിച്ചത്തു വന്നേക്കുമോ എന്നുള്ള ഭയം. ഇതു സ്വാഭാവികമാണല്ലോ. പക്ഷെ പണ്ഡിതനും ധീരനുമായ 13-ാം ലെയോ മാർപ്പാപ്പായുടെ ചിന്താഗതി അതായിരുന്നില്ല. സത്യത്തേയും യാഥാർത്ഥ്യങ്ങളേയും നേരിടുന്നതിനു ചങ്കുറപ്പുള്ള ആളായിരുന്നു തിരുമേനി. അനന്തരഫലമോ? എത്ര അമൂല്യരേഖകളാണു് പുറത്തുവന്നിട്ടുള്ളതു്! ഗവേഷണപരമായി എന്തൊരഭിവൃദ്ധിയാണു് ശാസ്ത്രലോകത്തു കൈവന്നിരിക്കുന്നതു്! അടുത്ത ഒരവസരത്തിൽ പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഇററലിയിലെ പൂ

വ്വ്രേഖാസൂക്ഷിപ്പുകാരുടെ ഒരു കോൺഗ്രസ്സിൽ പ്രസംഗിക്കയിൽ ഈ വിഷയത്തെപ്പററി സവിസ്തരം പ്രതിപാദിക്കുകയുണ്ടായി. തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു: വത്തിക്കാനിലെ പൂവ്വരേഖാശേഖരം ശാസ്ത്രഗവേഷകക്ക് 13-ാം ലെയോ തുറന്നുകൊടുത്തതു് ലോകം മുഴുവനിലും ജ്ഞാനസമ്പാദനത്തിനുള്ള തടുക്കുവാനാവാത്ത ഒരു കോളിളക്കമുണ്ടാക്കി; ഗവേഷണവിഭാഗത്തിനു അതൊരു പ്രചോദനമായിരുന്നു. അതൊരു ധീരനടപടിയായിരുന്നു. അക്കേയ്‌വ്സിൻെറ ബൃഹത്തായ രേഖാസഞ്ചയത്തിൽ സഭയുടെ നിലപാടിനേയും സ്ഥാനബഹുമാനങ്ങളേയും ഹനിക്കാവുന്ന എന്തെങ്കിലും അടങ്ങിയിരിപ്പുണ്ടോയെന്നു ആക്കും നേരത്തെക്കൂട്ടി ഒന്നും പറയുന്നതിനു സാധിച്ചിരുന്നില്ല, സാധിക്കുമായിരുന്നുമില്ല. എന്നാൽ മഹാനായ ആ പാപ്പായുടെ വിശാലഹൃദയത്വത്തേയും മനോദാർഢ്യത്തേയും തികച്ചും നീതീകരിക്കുന്നവയായിരുന്നു പുറത്തുവന്ന യാഥാത്ഥ്യങ്ങൾ. ആക്കേയ്‌വ്സിലെ ഗവേഷണങ്ങളും തൽഫലമായി പുറത്തുവന്ന പ്രസിദ്ധീകരണങ്ങളും കത്തോലിക്കാതിരുസഭയുടേയും അതിൻെറ പരമാദ്ധ്യക്ഷന്മാരുടേയും ധാമ്മികാധികാരത്തേയും ബഹുമാനത്തേയും എള്ളിട കുറച്ചില്ലെന്നുമാത്രമല്ല വളരെയധികം വർദ്ധിപ്പിക്കുകയാണുണ്ടായതു്. ഈ ഉദ്യോഗികപ്രസിദ്ധീകരണങ്ങൾ, പ്രത്യേകിച്ചും അകത്തോലിക്കരുടെ ഇടയിൽ ആശാസ്യമായ അത്ഭുതമാണുളവാക്കിയതു്. ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ വത്തിക്കാൻ ആക്കേയ്‌വ്സിനു പുറത്തു പ്രാചീനദേവാലയങ്ങളുടേയും ഗ്രന്ഥാലയങ്ങളുടേയും ഇരുട്ടറയ്പ്പിൽ ഒളിഞ്ഞിരിക്കുന്ന രേഖകളെ അവയുടെ സൂക്ഷിപ്പുകാർ പുറത്തെടുക്കണമെന്നും നിരീക്ഷണപരിശോധനകൾക്കും ഗവേഷണങ്ങൾക്കും വിധേയമാക്കണമെന്നും പരിശുദ്ധ പിതാവു് ഉൽബോധിപ്പിച്ചു. ചരിത്രപഠനത്തിനു അതു വിലമതിയാത്ത ഒരു സഹായമായിരിക്കും. "വളരെയധികം യഥാത്ഥവും നല്ലതും ഭക്തിസംവർദ്ധകവുമായ സംഗതികൾ പഴകിപ്പൊടിഞ്ഞ പ്രസ്തുത ഗ്രന്ഥങ്ങളിൽ ഒളിഞ്ഞിരിപ്പുണ്ടു് എന്നു വിചാരിക്കുന്നതിൽ അസാംഗത്യമില്ലെന്നും, ശരിയായ പരിശോധനമൂലം ലോകചരിത്രത്തിൽ എക്കാലത്തും ചൈതന്യപൂവ്വം വത്തിച്ചിട്ടുള്ള പരിശുദ്ധ സഭയെ സംബന്ധിക്കുന്ന പ്രോജ്വലമായ സംഭവങ്ങൾ തെളിവാകുക മാത്രമേയുള്ളൂ" എന്നും തിരുമേനി പ്രസ്താവിച്ചു അതുകൊണ്ടു ചരിത്രപഠനത്തിനും ശാസ്ത്രപുരോഗതിക്കും അത്യധികം സഹായകമായ ഈ മാർഗ്ഗം ഉത്സാഹപൂവ്വം അവലംബിക്കേണ്ടതു സത്യത്തിൻെറ പ്രകാശനത്തെ ആഗ്രഹിക്കുന്ന എല്ലാവരുടേയും കത്തവ്യമാകുന്നു.

—o—

## അടുത്തയാഴ്ചയിൽ

ഡിസംബർ
12 വ്യാ: വി. ഡൊമിനിക്കോസ്
13 വെ: വി. ലൂസി
14 ശ: വി. തോമ വില്ലനോവ
15 ഞാ: ആഗമനം 3-ാം ഞായർ
16 തി: വി. എവുസേബിയസ്
17 ചൊ: വി. എദ്വാർദോസ്
18 ബു: വി. തോമ്മായുടെ മൈലാപ്പൂർ പ്രത്യക്ഷം

(12-ാം പേജ് തുടർച്ച)

സംഘടിതമായി പ്രവത്തിച്ചുപരിശീലിക്കണം. സങ്കുചിതമായ മനസ്ഥിതി കളഞ്ഞു് വിശാലവും സംഘടിതവുമായ മനസ്ഥിതിയുള്ളവരാകണം.

കത്തോലിക്കാ വിദ്യാത്ഥിസംഘടനകൾ വിദ്യാലയങ്ങളിൽ കൂടുതലായി സ്ഥാപിച്ചു നടത്തേണ്ട കാലം അതിക്രമിച്ചിരിക്കയാണു്. നാലുവശത്തുനിന്നും നാരകീയശക്തികൾ വിദ്യാത്ഥികളെ കൈക്കലാക്കാൻ വെമ്പൽകൊള്ളുകയാണു്. ബാല്യത്തിലെ കുട്ടികളെ ഏതുവിധത്തിലും വഴക്കി എടുക്കാം. ചെറുപ്പത്തിലേ അവരിൽ കമ്മ്യൂണിസം മുതലായവയുടെ ബീജം കുത്തിവച്ചാൽ അതവരിൽക്കൂടി വളന്നു്, അങ്ങനെ വളർന്നുവരുന്ന തലമുറയെ അവരുടെ കസ്റ്റഡിയിലാക്കാം. ഈ ഉദ്ദേശത്തോടുകൂടിത്തന്നെ ഇന്നു നാലുപാടുനിന്നും കമ്മ്യൂണിസ്റ്റുകൾ കിണഞ്ഞുപരിശ്രമിക്കുകയാണു്. എന്തിനു് നാം റഷ്യയിലേക്കും ചൈനയിലേക്കും പോകുന്നു? ഇന്നു് നമ്മുടെ ഗവമ്മെൻറുതന്നെ മുൻപറഞ്ഞ ലക്ഷ്യത്തെ മുറുകെപ്പിടിച്ചുകൊണ്ടു് രംഗത്തിറങ്ങി പ്രവത്തിക്കയാണു്. കുട്ടികളെ പാട്ടിലാക്കാൻ, കമ്മ്യൂണിസം അവരിൽക്കൂടി വളത്താൻ ഒരേഒരു മാഗ്ഗം അവക്കുണ്ടു്: "സ്കൂൾ ദേശവല്ക്കരണം." അതവർ സ്വീകരിച്ചിരിക്കയാണു്. പ്രൈവററുസ്കൂളുകളെല്ലാം, അതേ കത്തോലിക്കരുടെ വക സ്കൂളുകളെല്ലാം ഉൾപ്പെട്ടിരിക്കുന്നതായ പ്രൈവററുസ്കൂളുകളെല്ലാം ഗവമ്മെൻറിൻേറതാക്കാൻ ഉററുശ്രമിക്കുന്നു. കത്തോലിക്കാചൈതന്യത്തിൽ ഈശ്വരവിശ്വാസത്തോടും, മതബോധത്തോടും, സന്മാർഗ്ഗനിഷ്ഠയോടുംകൂടി വളന്നുവരുന്ന കുട്ടികളെ കൈക്കലാക്കാൻപററിയ മാർഗ്ഗം നമ്മുടെ കമ്മ്യൂണിസ്റ്റുഗവമ്മെൻറു് സ്വീകരിച്ചിരിക്കയാണു്.

ഇത്തരുണത്തിലാണു് കത്തോലിക്കാ വിദ്യാത്ഥിസംഘടനകളുടെ ആവശ്യം കൂടുതലായി വരുന്നതു്. എം. സി. എസ്. എൽ. പോലുള്ള കത്തോലിക്കാസംഘടനകളുടെ കീഴിൽ വിദ്യാത്ഥികൾ ഒററക്കെട്ടായിനിന്നു് നാരകീയശക്തികളോടെതിക്കണം. നാം ഉണന്നു പ്രവത്തിക്കേണ്ട കാലം ആസന്നമായിരിക്കുന്നു. പഴയതുപോലെ അലസരായിരുന്നു നാം ഉറങ്ങുകയാണെങ്കിൽ നമ്മുടെ സ്ഥിതി അപകടത്തിലാകും. ഒരു റഷ്യയോ, ചൈനയോആയി കേരളം മാററപ്പെടും. ഉറച്ച ഈശ്വരവിശ്വാസത്തോടും ശരിയായ മതബോധത്തോടും സന്മാർഗ്ഗനിഷ്ഠയോടുംകൂടി എതിർശക്തികളോടു നാം പൊരുതണം; സംഘടിതമായി പൊരുതണം. അതിനു എം. സി. എസ്. എൽ. പോലുള്ള കത്തോലിക്കാ വിദ്യാത്ഥിസംഘടനകൾ വളരെ സഹായകമത്രെ. ഈ വിധത്തിലുള്ള സംഘടനകളുടെ കീഴിൽ പരിശീലിച്ചെങ്കിൽ മാത്രമേ ഉത്തമകത്തോലിക്കരായിത്തീരാൻ വിദ്യാത്ഥികൾക്കു സാധിക്കയുള്ളൂ. ആധുനികകത്തോലിക്കാവിദ്യാത്ഥിസംഘടനകളിൽ എം. സി. എസ്. എൽ. നെത്തന്നെ മാതൃകയായി സ്വീകരിച്ചുകൊണ്ടു് അവകളുടെ പ്രവത്തനങ്ങളേയും കുട്ടികളുടെ മേന്മയിൽ അവകൊണ്ടുള്ള പ്രയോജനങ്ങളേയും ആധുനികകാലത്തു് ഇവ ചെയ്യുന്ന സേവനങ്ങളേയുംപററി അല്പമൊന്നു നോക്കാം.

ആധുനികകത്തോലിക്കാ വിദ്യാത്ഥിസംഘടനകളിൽ കേരളത്തെ സംബന്ധിച്ചിടത്തോളം പഴക്കംകൊണ്ടും പ്രസിദ്ധികൊണ്ടും പ്രചാരംകൊണ്ടും ഏററവും മികച്ചുനില്ക്കുന്ന ഒന്നാണു് മലബാർ കാത്തലിക്കു് സ്റ്റുഡൻസ് ലീഗു്. ഇതിൻെറ ശാഖ എല്ലാ കത്തോലിക്കാഹൈസ്കൂളുകളിലും തന്നെ സ്ഥാപിച്ചു നടത്തിവരുന്നു. ഒന്നാമതായി ഈ സംഘടനകൊണ്ടുള്ള ഉദ്ദേശം കുട്ടികളെ ശരിയായ മതജ്ഞാനമുള്ളവരാക്കിത്തീക്കുക എന്നതാണു്. ഇന്നു കത്തോലിക്കക്കുള്ള ഒരു വലിയ പോരായ്മയാണു് സഭയെക്കുറിച്ചും ഈശ്വരാസ്തിത്വത്തെസംബന്ധിച്ചും മററും ശരിയായ അറിവു് എല്ലാവക്കും ഇല്ലെന്നുള്ളതു്. കമ്മ്യൂണിസംപോലെയുള്ള എതിർകക്ഷികൾ മേല്പറയപ്പെട്ട വിഷയങ്ങളെപ്പററി എന്തെങ്കിലും ഒരു ചോദ്യം ഉന്നയിച്ചാൽ അതിനു ശരിയായ മറുപടി പറയാൻ നിവൃത്തിയില്ലാതെ കുഴങ്ങുകയെന്നതു് പലക്കും അനുഭവമുള്ള വസ്തുതയാണു്. അപ്രകാരം ഉത്തമകത്തോലിക്കരായി ജീവിക്കുന്നവർ പോലും ചിലപ്പോൾ കമ്മ്യൂണിസ്റ്റുവലയിൽ കുടുങ്ങിപ്പോകുന്നു. ഈ ദൂഷ്യം പരിഹരിക്കാൻ വളന്നുവരുന്ന തലമുറക്കു് സഭാതത്വങ്ങളെപ്പററിയും മററും ശരിയായ ജ്ഞാനം ഉളവാക്കാൻ എം. സി. എസ്. എൽ. നടത്തുന്ന ശ്രമങ്ങൾ അവണ്ണനീയങ്ങളാണു് അദ്ധ്യയനമണ്ഡലംവഴി കുട്ടികളിൽ സഭയെപ്പററിയും സഭാതത്വങ്ങളെപ്പററിയും ശരിയായ ജ്ഞാനമുളവാക്കുന്നു. വിദ്യാത്ഥികളിൽ എന്നല്ല ഏതൊരു വ്യക്തികളിലും ഒരു വിഷയത്തെപ്പററി ശരിയായ ജ്ഞാനമുളവാക്കുന്നതിനു അദ്ധ്യയനമണ്ഡലംപോലെ ഉപകരിക്കുന്ന മറെറാരു മാഗ്ഗവുമില്ല. വിദ്യാത്ഥികൾതന്നെ ഏതെങ്കിലും ഒരു വിഷയം തിരിഞ്ഞെടുത്തു് അതിനെപ്പററി നാനാവിധത്തിലുള്ള ചോദ്യങ്ങൾ ചോദിച്ചും കുട്ടികൾതന്നെ അതിനു ഉത്തരങ്ങൾ പറഞ്ഞും ആ വിഷയത്തിൻെറ നാനാവശങ്ങളേയുംപററി സമഗ്രമായി പഠിക്കുന്നു. സഭാവൈരികൾ സഭയുടെനേക്കു് തൊടുത്തുവിടാറുള്ള ചില പ്രശ്നങ്ങളെപ്പററിയായിരിക്കും മിക്കവാറും ചർച്ചനടത്തുന്നതു്. ഇങ്ങനെ കുട്ടികൾ പരസ്പരം ചോദ്യങ്ങൾ ചോദിക്കുമ്പോൾ അതിനു ശരിയായ വിധത്തിലുള്ള ഉത്തരങ്ങൾ പറയുന്നതിനും മററും വേണ്ടി എല്ലാ വിദ്യാർത്ഥികളും ആ വിഷയത്തെപ്പററി ശരിയായി പഠിച്ചിരിക്കും അപ്രകാരം എല്ലാവക്കും ചർച്ചചെയ്യപ്പെടുത്തിരിക്കുന്ന വിഷയത്തെപ്പററി ശരിയായ അറിവു ലഭിക്കാനും സഭാവൈരികൾ ചോദിക്കാറുള്ള ചോദ്യങ്ങൾക്കു ശരിയായ ഉത്തരം പറഞ്ഞു് അവരെ മനസ്സിലാക്കുവാനും അപ്രകാരം അവരെ സഭയിലേക്കാകർഷിക്കാനും സാധിക്കും.


ത്രിവണ്ണകവറോടുകൂടിയ
### ക്രിസ്മസ് കാർഡുകൾ
പുസ്തകരൂപത്തിൽ
ക്രിസ്മസ് മംഗളാശംസകളോടൊപ്പം, ഈശോയുടെ ജനനത്തെ സംബന്ധിക്കുന്ന ചരിത്രയാഥാത്ഥ്യങ്ങളും വായിച്ചറിയാം.
ഏററം പ്രയോജനപ്രദമായ ഒരു നവീനപദ്ധതി. വില ഒന്നിനു് 15 ന. പൈ. (രണ്ടരയണ) മാത്രം ഒരു ഡസനു് 1രു. 50 ന. പൈ (1രു 8ണ).
വേറേയും വിവിധവണ്ണങ്ങളോടുകൂടിയ കാർഡുകൾ ഡസനു് 1രു. 20 ന. പൈ. (1രു 3ണ) പോസ്റ്റേജു് പുറമെ.
ആവശ്യപ്പെടുക:
ജനറൽ സെക്രട്ടറി
എസ് എച്ച് ലീഗു്,
ആലുവാ നോത്തു് P. O.

കത്തോലിക്കാവിദ്യാത്ഥിസംഘടനകളുടെ പ്രവത്തനംവഴി അകത്തോലിക്കരായ ഇതരവിദ്യാർത്ഥികളെക്കൂടി സഭയിലേക്കാനയിക്കാൻ നമുക്കു സാധിക്കും. സംഘടനകളുടെ കീഴിലുള്ള മാതൃകാപരമായ ജീവിതവും ഒത്തൊരുമിപ്പും ഈശ്വരഭക്തിയുമൊക്കെ അന്യമതസ്ഥരായ സഹവിദ്യാത്ഥികളുടെ മനസ്സിൽ ഒരു പുതിയ മാററം വരുത്തുകതന്നെ ചെയ്യും. അവക്കു് കത്തോലിക്കരോടു് ഒരു മമതയുണ്ടാകും; ഒരു മതിപ്പുണ്ടാകും. ക്രമേണ അവർ കത്തോലിക്കരാകാനും ഇടയുണ്ടു് ആദിമക്രിസ്ത്യാനികളുടെ മാതൃകാപരമായ ജീവിതം അനേകരെ സഭയിലേക്കാകർഷിച്ചിട്ടുണ്ടു്.

കൂടാതെ കത്തോലിക്കാവിദ്യാത്ഥിസംഘടനകൾവഴി കുട്ടികളുടെ സ്വഭാവരൂപവല്ക്കരണവും സാധിക്കുന്നു. സമൂഹമായുള്ള പ്രവത്തനംവഴി ഓരോ വിദ്യാത്ഥികളിലും സാമൂഹ്യബോധം ഉളവാകയും കൂടുതൽ വിശാലഹൃദയരായിത്തീരുകയും ചെയ്യുമെന്നു മുകളിൽ പറഞ്ഞുവല്ലോ. ചില വിദ്യാത്ഥികൾ തങ്ങളിൽ അന്തർലീനമായിക്കിടക്കുന്ന കലാവാസനകളെ പുഷ്ടിപ്പെടുത്താനുള്ളതുകൊണ്ടു് സമുദായമദ്ധ്യത്തിൽ അവക്കൊരു സ്ഥാനവുമില്ലാതെ ഭ്രമിക്കുമാറായിത്തീരാറുണ്ടു്. എന്നാൽ വിദ്യാത്ഥിസംഘടനകളിൽചേന്നു് ബാല്യംമുതൽക്കേ പ്രവത്തിച്ചു് അഭ്യസിക്കുന്നവരുടെ ഭാവി ശോഭനമായിത്തീരും എന്നുള്ളതിൽ ദ്വിപക്ഷമുണ്ടെന്നു തോന്നുന്നില്ല

കത്തോലിക്കാ വിദ്യാർത്ഥിസംഘടനകൾവഴി വേറേയും ഗുണങ്ങൾ വിദ്യാർത്ഥികൾക്കു ലഭിക്കുന്നുണ്ടു്. ശരിയായ മതാനുഷ്ഠാനവും സന്മാർഗ്ഗബോധവും കുട്ടികളിൽ വളരുന്നതിനു പുറമെ സാമൂഹ്യപ്രവത്തനങ്ങളിലുള്ള ആസക്തി വർദ്ധിക്കയും ചെയ്യുന്നു. കത്തോലിക്കാ

### For Favours Received




Excuse delay
T. D. Mathew
Thadathiparampil
Athirampuzha

വിദ്യാർത്ഥികൾക്കു സംഘടിച്ചുനിന്നുകൊണ്ടു് സാമൂഹ്യപ്രവത്തനങ്ങൾ ചെയ്യാൻകഴിയും. ആശുപത്രികളിൽപോയി രോഗികളെ സന്ദശിച്ചാശ്വസിപ്പിക്കുക; പീഡിതരേയും അഗതികളേയും ആശ്വസിപ്പിച്ചു് സഹായംചെയ്യുക മുതലായവയും സംഘടനകളുടെ കീഴിൽനിന്നുകൊണ്ടു് വിദ്യാർത്ഥികൾക്കു ചെയ്യാൻകഴിയും. കൂടാതെ സവ്വപ്രധാനമായി മിഷൻപ്രവത്തനം നടത്താം. കത്തോലിക്കാ വാരികകൾ, മാസികകൾ മുതലായവയും നല്ലനല്ല പുസ്തകങ്ങളും ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കാനും കത്തോലിക്കാവിദ്യാത്ഥിസംഘടനകൾക്കു സാധിക്കുന്നതാണു്. നല്ലനല്ല പ്രസിദ്ധീകരണങ്ങൾ കൂടുതലായി പ്രചരിപ്പിക്കേണ്ടതിൻെറ ആവശ്യം വർദ്ധമാനമായിരിക്കയാണു്. അസാന്മാർഗ്ഗികവും നിരീശ്വരപരവും കമ്മ്യൂണിസ്റ്റാദശങ്ങൾ ഉടനീളം കാണാവുന്നതുമായ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ധാരാളമായി ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്ന ഒരു കാലഘട്ടമാണിതു്. കമനീയമായ കവർപേജുകളും, പേകളും, വിലക്കുറവുംകൊണ്ടു് ഇത്തരം പുസ്തകങ്ങൾ ജനങ്ങളെ ആകർഷിക്കുന്നു. അങ്ങനെയുള്ള ഇക്കാലത്തു് കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ ധാരാളമായി ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കണം. കത്തോലിക്കാ വിദ്യാർത്ഥിസംഘടനകൾ പകയായുള്ള പ്രസിദ്ധീകരണങ്ങളും കത്തോലിക്കരുടെയിടയിൽ പ്രചരിപ്പിക്കുന്നതു് നല്ലതാണു്. അപ്രകാരം നാനാവിധത്തിലുള്ള കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ ജനങ്ങളുടെയിടയിൽ പ്രചരിപ്പിച്ചെങ്കിൽമാത്രമേ കത്തോലിക്കരെ തന്നെ ദൃഢമായ വിശ്വാസത്തിൽ ഉറപ്പിച്ചുനിറുത്തുവാൻ സാധിക്കയുള്ളൂ. എത്രയെത്ര ആളുകളാണു് ഇപ്രകാരമുള്ള പുസ്തകങ്ങളുടേയും മററും പാരായണംമൂലം സഭയെ ആശ്ലേഷിച്ചിട്ടുള്ളതു്. എത്രയെത്രപേരാണു് നല്ലനല്ല പുസ്തകങ്ങൾ വായിച്ചു് അതുവഴി വിശുദ്ധന്മാരായിത്തീന്നിട്ടുള്ളതു്. "എടുത്തു വായിക്കുക" എന്ന നിർദ്ദേശമല്ലേ പാപച്ചെളിയിൽ മുങ്ങിക്കിടന്ന ആഭാസനായിരുന്ന അഗസ്റ്റിനെ വിശുദ്ധ ആഗസ്റ്റീനോസാക്കിത്തീത്തതു്. എന്നുതന്നെയല്ല കത്തോലിക്കാപ്രസിദ്ധീകരണങ്ങളുടെ പ്രചാരക്കുറവുമൂലമാണു് കമ്മ്യൂണിസം കൂടുതലായി വളരുന്നതു്.

അപ്രകാരം വർദ്ധിച്ചുവരുന്ന നാരകീയശക്തികളെ തടയുവാനും വിദ്യാർത്ഥികളെ ഉത്തമകത്തോലിക്കരായി വളത്താനും അവരിൽ മതപഠനം വികസിപ്പിക്കാനും സമൂഹമായി പ്രവത്തിക്കുവാനഭ്യസിക്കുന്നതിനും എന്നുവേണ്ട വിദ്യാർത്ഥികളുടെ സാന്മാർഗ്ഗികമായ എല്ലാ നേട്ടങ്ങൾക്കും ഉന്നതിക്കും വേണ്ടി എം. സി. എസ്. എൽ. പോലുള്ള കത്തോലിക്കാവിദ്യാർത്ഥിസംഘടനകൾ കൂടിയേതീരൂ. വിദ്യാർത്ഥികളെ പാട്ടിലാക്കാൻ പഴുതുണ്ടാക്കുന്ന കമ്മ്യൂണിസത്തോടു് ചെറുത്തുനില്ക്കുന്നതിനും കത്തോലിക്കാസഭയുടെ ആദർശങ്ങൾ ലോകം മുഴുവൻ മാറെറാലിക്കൊള്ളുന്നതിനും കമ്മ്യൂണിസം ഭൂമുഖത്തുനിന്നു് അന്തർദ്ധാനംചെയ്യുന്നതിനും കത്തോലിക്കരായ വിദ്യാത്ഥികൾ സംഘടിതമായി ഉജ്ജ്വലതയോടെ പ്രവത്തിക്കണം. സവ്വപ്രധാനമായി കത്തോലിക്കാവിദ്യാർത്ഥിസംഘടനകൾകൊണ്ടു് മതപഠനമാണു് വിവക്ഷിക്കപ്പെടുന്നതു്.

ആധുനികലോകത്തിൽ നിലവിലുള്ള കത്തോലിക്കാവിദ്യാർത്ഥിസംഘടനകൾ വിപുലപ്പെടുത്തുന്നതിനും കമ്മ്യൂണിസം ഇല്ലാതാക്കുന്നതിനും വളന്നുവരുന്ന തലമുറ ശരിയായ മതബോധമുള്ളവരും ഉത്തമകത്തോലിക്കാപൗരന്മാരുമായിത്തീരുന്നതിനു സവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കാം. വിദ്യാർത്ഥിസംഘടനകളുടെ മദ്ധ്യസ്ഥന്മാരായ വി. ഡോമിക്കു് സാവിയോയോടും വി. സ്റ്റനിസ്ലാവൂസ് കോസ്കായോടും നമുക്കപേക്ഷിക്കാം ദൈവപരിപാലനയിൽ കത്തോലിക്കാവിദ്യാർത്ഥിസംഘടനകൾ ഒന്നിനൊന്നു പുഷ്ടിപ്രാപിക്കട്ടെയെന്നുള്ള ആശംസയോടുകൂടി ഈ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.

(കുറിപ്പു്:- ലേഖനത്തോടൊന്നിച്ചു് കുഞ്ഞനുജൻ അയച്ച കത്തിൽനിന്നു് കുഞ്ഞനുജനുതന്നെ "പൊതുവിജ്ഞാന"പ്പരീക്ഷയിലും ഒന്നാം സമ്മാനം 'ലഭിച്ചുവെന്നറിയുന്നു. കുഞ്ഞനുജനെ ഹൃദയപൂവ്വം അനുമോദിക്കുകയും ഉപരൃപരി വിജയങ്ങൾ ആശംസിക്കുകയും ചെയ്യുന്നു—വല്യേട്ടൻ)

—o—

## ഇടവകവാർത്തകൾ

**ഇളംകുളം:** ഈ പള്ളിയിൽ വ്യാകുലമാതാവിൻെറ തിരുനാൾ സാഘോഷം കൊണ്ടാടപ്പെട്ടിരിക്കുന്നു. വേസ്പരനാൾ ശ്രീ കൈമാപറമ്പൻ യോഹന്നാൻ മാംദാനായുടെ ശിരച്ഛേദത്തെ ആസ്പദമാക്കി ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി

**കൊല്ലം:** ചിന്നക്കടപ്പള്ളിയിലെ സെൻറ് സേവ്യർദിനം കൊല്ലംമെത്രാൻ തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. ലീജിയൻ ഓഫ് മേരിയുടെ വാർഷികസമ്മേളനവും തദവസരത്തിൽ കൊണ്ടാടപ്പെട്ടു ശ്രീ ജോസഫ് കൈമാപറമ്പൻെറ കഥാപ്രസംഗവും ഇതോടനുബന്ധിച്ചു നടത്തുകയുണ്ടായി.

**മുപ്ലിയം:** പന്ത്രണ്ടുവർഷങ്ങളോളം ഇവിടെ വികാരിയായിരിക്കുകയും, ഇവിടെയുള്ള ദേവാലയം നിർമ്മിക്കുകയുംചെയ്ത റവ ഫാദർ ജോസഫ് മഞ്ഞളി അവർകളുടെ പൗരോഹിത്യരജതജൂബിലി ഡിസം: 1-ാംനു- ഇവിടെ സാഘോഷം ആചരിച്ചു. ജൂബിലേറിയൻെറ പ്രധാനകാർമ്മികത്വത്തിൽ നടന്ന തിരുകർമ്മങ്ങൾക്കുശേഷം ചേന്ന പൊതുയോഗത്തിൽ, ഇപ്പോഴത്തെ വികാരി ജൂബിലേറിയനെ ഹാരാർപ്പണം ചെയ്യുകയും അനുമോദനപ്രസംഗം പറയുകയും ചെയ്തു. തുടന്നു ഇടവകക്കാരുടെ വക പാരിതോഷികം സമർപ്പിച്ചു ജൂബിലേറിയൻ സമുചിതമായ മറുപടിപറയുകയും, തനിക്കു സമ്മാനിച്ചു പാരിതോഷികം ജൂബിലിസ്മാരകമായി ഇടവകയ്ക്കുതന്നെ സമ്മാനിക്കുകയുംചെയ്തു.

**കട്ടാക്ക്:** ഈ രൂപതയിൽ ബെരാംപൂർ എന്ന സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന മിഷൻ റാണിയുടെ ദേവാലയത്തിൽ മിഷൻ റാണിയുടെ തിരുനാൾ ഇക്കൊല്ലം നവം: 27-ാംനു- അത്യാഡംബരപൂർവ്വം ആഘോഷിച്ചിരിക്കുന്നു. പല സ്ഥലങ്ങളിൽനിന്നും വന്ന നിരവധി തീർത്ഥകർ അതിൽ പങ്കുകൊണ്ടു. പള്ളിയുടെ അങ്കണത്തിൽ പ്രത്യേകം തയാറാക്കിയിരുന്ന പന്തലിൽ കട്ടാക്ക് മെത്രാൻതിരുമേനി പൊന്തിഫിക്കൽകുർബാന അർപ്പിച്ചു. വിശാഖപട്ടണം രൂപതാമെത്രാൻ തിരുമേനി പ്രസംഗം നിർവ്വഹിച്ചു വൈകിട്ട് മിഷൻ റാണിയുടെ രൂപം ഭംഗിയായി അലങ്കരിച്ച് ഒരു രഥത്തിൽ സ്ഥാപിച്ചുകൊണ്ടാണ് പട്ടണപ്രദക്ഷിണം നടത്തിയതു്. പള്ളിയുടെ പരിസരങ്ങളെല്ലാം വിവിധവർണ്ണങ്ങളോടുകൂടിയ ഇലക്ട്രിക്ബൾബുകളാലും കൊടിക്കൂറകളാലും അലംകൃതമായിരുന്നു. പട്ടണപ്രദക്ഷിണത്തിൽ ഭക്തിയായി അണിനിരന്ന ജനവ്യൂഹം തെലുങ്കു്, ഒറിയ, ഇംഗ്ലീഷ്, ആദിയായ ഭാഷകളിൽ ജപമാല ചൊല്ലിക്കൊണ്ടും സ്തുതിഗീതങ്ങൾ പാടിക്കൊണ്ടും പങ്കുകൊണ്ടു. അകത്തോലിക്കരും ഹിന്ദുക്കളും മിഷൻ റാണിയോടുള്ള ഭക്തി പ്രകടിപ്പിച്ചു. രണ്ടു മെത്രാന്മാരുടെ സാന്നിദ്ധ്യം അസാധാരണമായ ഒരു പരിപാടിയായിരുന്നു.

**കുന്നംമൂച്ചി:** മാപ്രാണംപള്ളി വികാരിയായി സ്ഥലം മാറിപ്പോയ ബ: ജോൺ മാളിയേക്കലച്ചനു് സ്ഥലം സെൻറ് തോമസ് സ്കൂൾ സ്റ്റാഫിൻെറ ആഭിമുഖ്യത്തിൽ സ്കൂൾഹാളിൽവച്ചു ഡിസം: 2-ാംനു ഉച്ചതിരിഞ്ഞു 4 മണിക്കു ഹൃദ്യമായ ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു. തദത്ഥം സമ്മേളിച്ച പൊതുയോഗത്തിൽ മെ: ലാസർ ചാഴൂർ, ടി എം പോൾ, കെ എം കുരിയാക്കു, സി എം അന്തോണി എന്നിവർ പ്രസംഗിച്ചു.

**തൃശ്ശൂർ:** കേരളാ ട്രൂത്ത് സൊസൈററിയുടെ ഒരു പ്രചരണയോഗം തൃശ്ശൂർ മെഡ്‌ലിക്കോട്ട് ഹാളിൽവച്ചു റവ ഫാദർ എയ്മർഡ്, ടി ഒ സി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കലാപരിപാടികളും പ്രചരണയോഗങ്ങളും ലഘുലേഖാവിതരണവും വഴി ക്രിസ്തുവിൻെറ സനാതനസിദ്ധാന്തങ്ങൾ മനുഷ്യഹൃദയങ്ങളിലേക്കു പകന്നുകൊടുക്കുവാൻവേണ്ടി രൂപമെടുത്ത കേരളാ ട്രൂത്ത് സൊസൈററിയെ സഹായിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് അദ്ധ്യക്ഷൻ പ്രസംഗത്തിൽ ശക്തിയുക്തം പരാമശിച്ചു. ശ്രീ പോൾ മാധവൻനായർ ആൻറ് പാർട്ടിയുടെ കഥാപ്രസംഗവും ഉണ്ടായിരുന്നു.

**നായരമ്പലം:** ശ്രീ ചിറ്റേടൻ വക്കി കൊച്ചുചാക്കു അവർകളുടെ മകൾ കുമാരി മറിയാമ്മയും പുത്തമ്പള്ളിപ്പള്ളി ഇടവക ശ്രീ പാനികുളം കുഞ്ഞുവറീദു അവർകളുടെ മകൻ മത്തായിയും തമ്മിലുള്ള വിവാഹം ഞാറയ്ക്കൽപള്ളിയിൽവച്ചു സമംഗളംനടന്നിരിക്കുന്നു

(1-ാംപേജ് തുടർച്ച)

ത്തിൽനിന്നു പുറപ്പെടുന്നുവെന്നുള്ളതാണ്. അതു വെറുമൊരു പരമാർത്ഥംമാത്രവുമാണ്. കാരുണ്യമെന്നുള്ളതു് ആ മാതൃസ്നേഹത്തിൻെറ പ്രത്യേകലക്ഷണമാണ്. മരിയയുടെ കാരുണ്യം തെളിവായ കാഴ്ചയുള്ളതും ഹൃദയങ്ങളെ ചുഴിഞ്ഞു ഭേദിക്കുന്നതുമാണ്. മററുള്ളവർ നിരാശാഭരിതരാകുന്ന സമയത്തു്—യാതൊരു രക്ഷയുമില്ലാതെ പ്രതീക്ഷകളെല്ലാമവസാനിക്കുന്ന സമയത്തു്—മരിയയുടെ കരുണാർദ്രമായ ഹൃദയത്തിൽ പ്രത്യാശയുടെ പൊൻപുലരിയെ കാണുന്നതിനു താമസംവരുത്തുന്നില്ല. ഒരിക്കലെങ്കിലും ആശാഭംഗം ഭവിച്ചവളായി നാം അവളെ കാണുകയില്ല. ഒരമ്മ എന്നും പ്രതീക്ഷനിറഞ്ഞവളാണ്. പൂർവ്വപിതാവായ അബ്രാഹത്തെപ്പോലെ പ്രതീക്ഷക്കെതിരായി അവൾ പ്രതീക്ഷിക്കുന്നു. പാപത്തിൽ മനോമൂർഖതയോടെ അടിയുറച്ച് സാത്താൻെറ ദാസനായി സേവനംചെയ്തേ നിവൃത്തിയുള്ളുവെന്ന നിരാശക്കുണ്ടിൽ ആണ്ടുകിടന്നിരുന്ന കഠോരപാപിയുടെമേലും പ്രത്യാശയുടെ കിരണം പ്രതിഫലിപ്പിച്ച് പാപനിദ്രയിൽനിന്നവൾ തട്ടിയുണത്തുന്നു. ആകയാൽ നിരാലംബരോടും തിരസ്കൃതരോടും അവളുടെ ഹൃദയം എന്നും കാരുണ്യം നിറഞ്ഞതാണ്. അവരെല്ലാം അവളുടെ പുത്രസമ്പത്തല്ലയോ? അവർ നിർഭാഗ്യരാകുമ്പോൾ അവളുടെ അനുകമ്പ ഫലദായകമായവിധം പ്രവൃത്തിസന്നദ്ധമാകുന്നു. ഫലദായകമല്ലാത്ത സഹതാപം അവൾക്കില്ല.

## മിഷൻ അർത്ഥികളോട്

ഉത്തരേന്ത്യയിലുള്ള ഹാഫ്ലോംഗ് രൂപതയിൽ ചേരുവാനാഗ്രഹിക്കുന്ന S. S. L. C. പാസ്സായ അർത്ഥികൾ—സാമാന്യം നല്ല മാർക്കുള്ളപക്ഷം—സർട്ടിഫിക്കേററുസഹിതം നേരിട്ടുകാണുക:

ഫാദർ ടി. സി. ജോസഫ്
അരുവിത്തുറപ്പള്ളി
ഈരാററുപേട്ട P. O.

## 25-ാം ചരമവാർഷികം



ഡോക്ടർ വറുഗീസ് സി.
മാഞ്ഞൂരാൻ
ചെറായി
മരണം 12—12—1932
"ദയാപരനായ ഈശോയെ,
ഈ ആത്മക്കു നിത്യാശ്വാസം
കൊടുത്തരുളേണമേ."
R. I. P.

## ചരമവാർത്തകൾ

**വടയാർ:** ഈ ഇടവക പാലായി തയ്യിൽ ശ്രീ ജോസഫ് കുഞ്ഞ് അവർകൾ ഹൃദ്രോഗംമൂലം ഡിസമ്പർ 7-ാംതിയതി ശനിയാഴ്ച വെളുപ്പിനു രണ്ടരമണിക്കു കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പല ബ. വൈദികരുടേയും സഹകരണത്തിൽ വൈക്കം ഫൊറോനാവികാരി വെരി റവ. ഫാദർ ഫിലിപ്പ് കാനാട്ട് അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ 8-ാംനു 12 മണിയോടുകൂടി വടയാർ പള്ളി സിമിറററിയിൽ നിർവ്വഹിക്കപ്പെട്ടു. വീട്ടിൽവച്ചു സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകളും പള്ളിയിൽവച്ച് റവ. ഫാദർ മാത്യു കമ്മട്ടിൽ അവർകളും ചരമപ്രഭാഷണങ്ങൾ നിർവ്വഹിച്ചു. വിലാപയാത്രയിൽ ഒരു വലിയ ജനക്കൂട്ടത്തിൻെറ സാന്നിദ്ധ്യവും ദശനസമൂഹങ്ങളുടേയും പൊൻവെള്ളിക്കുരിശുകളുടേയും അകമ്പടിയും ഉണ്ടായിരുന്നു. ശവസംസ്കാരാനന്തരം അനേകം സാധുക്കൾക്കു അന്നദാനം നടത്തപ്പെടുകയുണ്ടായി.

**കോതമംഗലം:** ഈ ഇടവക ഇലഞ്ഞിക്കൽ പരേതനായ വക്കിയുടെ ഭാര്യ മറിയാമ്മ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 80-ാമത്തെ വയസ്സിൽ നവമ്പർ 26-ാംനു- വൈകിട്ടു 5-45-നു കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു പിറേറദിവസം 5 മണിക്കു കോതമംഗലം മെത്രാൻ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ പല വൈദികരുടേയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ശവസംസ്കാരകർമ്മം നടത്തപ്പെട്ടു. അനന്തരം സാധുക്കൾക്കു ഭോജനം നൽകി. പരേത ഒറീസായിലെ മരിയദാസി സഭയുടെ മദർ ജനറൽ പെ. ബ. മേരി അനസ്താസ്യായുടേയും ശ്രീമതി കുസുമം ജോസഫ് എം എൽ എ യുടേയും പിതാമഹിയാണു്.

**മെതക്കുളം:** ഈ ഇടവക പരേതനായ നെടുംപറമ്പിൽ തൊമ്മൻ ജോസഫ അവർകളുടെ ഭാര്യ മറിയം വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം ഡിസമ്പർ 2-ാംനു- വൈകുന്നേരം 85-ാമത്തെ വയസ്സിൽ കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. റവ. ഫാദർ തോമസ് നെടുംപറമ്പിൽ, റവ. ഫാദർ ഹില്ലാരിയോൻ ഒ സി ഡി (മഞ്ഞുമ്മൽ), റവ. ഫാദർ എലിസേവൂസ് ഒ സി ഡി എന്നിവർ ഉൾപ്പെടെ മററു പല ബ. വൈദികരുടേയും ബന്ധുമിത്രാദികളുടേയും സാന്നിദ്ധ്യത്തിൽ ശവസംസ്കാരം പിറേറദിവസം യഥാവിധി നിർവ്വഹിക്കപ്പെട്ടു.

**പാറന്നൂർ:** ഈ ഇടവക അന്തിക്കാട്ട് കുരിയപ്പൻ പൊറഞ്ചു അവർകൾ 54-ാമത്തെ വയസ്സിൽ കാസരോഗംമൂലം ഡിസം: 1-ാംനു- വൈകിട്ട് 5 മണിക്ക് കത്താവിൽ നിദ്രപ്രാപിച്ചു. പിറേറദിവസം ഉച്ചകഴിഞ്ഞു് 4 മണിക്ക് റവ ഫാദർ മാത്യു പാലയൂർ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും മററു പല ബ: വൈദികരുടേയും ബന്ധുമിത്രാദികളുടേയും സാന്നിദ്ധ്യത്തിലും ശവസംസ്കാരം സെൻറ് ജോസഫ്സ് പള്ളിയിൽ പ്രത്യേകം തയ്യാർചെയ്തിരുന്ന കല്ലറയിൽ യഥാവിധി നടത്തപ്പെട്ടു ഇതിനോടനുബന്ധിച്ച് പള്ളിയിൽ പണവിതരണവും വീട്ടിൽ അന്നദാനവും ഉണ്ടായിരുന്നു.

R. I. P.


## ഹങ്കറിയിൽ എന്തുണ്ടായി?

ജനങ്ങളെ വെടിവെച്ചു കൊന്നു, വസ്തുവകകൾ നശിപ്പിച്ചു, ജനാധിപത്യത്തിനു് കോടാലിവെച്ചു. ഹങ്കറിയിൽ സോവ്യററുഷ്യ കാട്ടിക്കൂട്ടിയ കാട്ടാളത്തരങ്ങൾ. കൂടുതൽ വിവരങ്ങൾ അറിയാൻ ഈ ചെറിയ പുസ്തകം വായിക്കൂ.

കമ്മ്യൂണിസ്റ്റ് കാരുടെ } ജനാധിപത്യവിശ്വാസം / ധാർമ്മികബോധം / ദൈവവിചാരം

ഇതിനെപ്പററി നല്ലൊരു പഠനവും ഈ പുസ്തകത്തിലുണ്ടു്.

വില 8ണമാത്രം. (പോസ്റ്റിൽ 10ണ സ്റ്റാമ്പ്)

ആവശ്യപ്പെടുക:—
ആനി ജോസഫ്, സ്കോളർപ്രസ്സ്, എറണാകുളം.


## നേത്രചികിത്സാ വിദഗ്ദ്ധന്മാർ

### "ലിസ്സി" ആസ്പത്രിയിൽ

നേത്രചികിത്സാ വിദഗ്ദ്ധന്മാരായ രണ്ടു അമേരിക്കൻ ഡോക്ടറന്മാർ എറണാകുളത്തു്, കാലംചെയ്ത കണ്ടത്തിൽ മാർ ആഗ്ഗസ്തീനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സ്മാരകമായി പണിതുവരുന്ന "ലിസ്സി" ആസ്പത്രിയിൽ ഒരു മാസക്കാലത്തേക്കുള്ള അവരുടെ സേവനം ഡിസമ്പർ 4-ാംനു- സമാരംഭിച്ചിരിക്കുന്നു പ്രതിദിനം തിങ്ങിക്കൂടുന്ന നേത്രരോഗികളെ പരിശോധിച്ചു വിദഗ്ദ്ധമായ ശസ്ത്രക്രിയകളും ചികിത്സകളും അവർ നടത്തിപ്പോരുന്നു. ആശുപത്രി കെട്ടിടത്തിൻെറ പണിതീർന്ന ഒരു ബ്ലോക്ക് 3-ാംനു- എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി വെഞ്ചരിക്കുകയുണ്ടായി. ആ ബ്ലോക്കിലാണ് ഇപ്പോൾ രോഗികളെ കിടത്തി ശുശ്രൂഷിച്ചുവരുന്നതു്.

—o—

## കമ്മ്യൂ. ചൈനയിൽ അറസ്റ്റുകൾ തുടരുന്നു

ചൈനയിൽ കത്തോലിക്കരുടെ അറസ്റ്റ്കളും അവരെ കമ്മ്യൂണിസ്റ്റ്കളാക്കാനുള്ള മറ്റുനടപടികളും തുടന്നുകൊണ്ടിരിക്കുന്നു. വൈദികരേയും സന്യാസികളേയും അവർ വത്തിക്കാനുമായുള്ള ബന്ധം ഉപേക്ഷിച്ചു "ചൈനീസ് കത്തോലിക്കരുടെ രാജ്യഭക്തി സംഘടന"യിൽ ചേരുന്നതിനു നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. അവരെ കമ്മ്യൂണിസത്തിലേക്കു കൊണ്ടുവരുന്നതിനു ആറാഴ്ച ദീർഘിക്കുന്ന പ്രബോധനകോഴ്സുകളിൽസംബന്ധിപ്പിക്കുകയാണ്. കമ്മ്യൂണിസ്റ്റ്നയത്തെ എതിത്ത 40 അൽമായരെ ഈയിടെ ഷാങ്കേയിൽ അറസ്റ്റുചെയ്തിട്ടുണ്ടു്. "ദേശീയസഭ"യെ കെട്ടിപ്പടുക്കുന്നതിനുള്ള സാഹസികയത്നമാണ് കമ്മ്യൂണിസ്റ്റ്കൾ ചെയ്തുകൊണ്ടിരിക്കുന്നതു്.



പാനിമററം പള്ളിയിലെ ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ നടത്തിയ ദൈവവിളിവാരാവസരത്തിലെടുത്ത ഫോട്ടോ. ജ്ഞാനസാദരനും സോദരിയും സന്യാസിയും സന്യാസിനിയും വൈദികനും അവൈദികനും മണവാട്ടിയും ബ്രഹ്മചാരിയും എല്ലാം ചിത്രത്തിൽ കാണാം.

# സലാമറമ്പാന്റെ അപവാദവ്യവസായം

(ഫാദർ തോമസ്സ് വടശ്ശേരി, എൽ. ഡി.)

## 4 ഇരിക്കും കമ്പു വെട്ടുന്നു

(തുടർച്ച)

റോമാപാത്രിയക്കീസിനു മററു പാത്രിയക്കീസുമാരുടെമേലും, സഭ മുഴുവനിലുമുള്ള അധികാരം എങ്ങനെയുള്ളതാണെന്നു 44-ാം അറബികാനോനായിൽ ഇതിലും വ്യക്തമായി പറയുന്നുണ്ടു്. നിക്യാസൂനഹദോസിന്റെ നിശ്ചയമായി ആ കാനോനായിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "മെത്രാപ്പോലീത്താമാരുടെ സ്വകീയാഭിപ്രായത്താലോ, അഥവാ മെത്രാന്മാരുടെ സ്വകീയാഭിപ്രായത്താലോ അയോഗ്യമായി ചെയ്യുന്ന എല്ലാ കാര്യങ്ങളെ സംബന്ധിച്ചും അറിയുന്നതിനുള്ള അധികാരം പാത്രിയക്കീസിനുണ്ടായിരിക്കണമെന്നു് ഈ പൊതുസൂനഹദോസ് ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ പാത്രിയക്കീസ് പൊതുവായ പിതാവും, എല്ലാ മെത്രാപ്പോലീത്താമാരും മെത്രാന്മാരും അദ്ദേഹത്തിന്റെ അവകാശത്തിന്റെ മക്കളുമാകുന്നു. മക്കളുടെമേൽ പിതാവിന്റെ (ബഹുമാനം) എന്നതുപോലെ പാത്രിയക്കീസിന്റെ ബഹുമാനം വാഴുന്നു. തന്റെ അധികാരത്തിനു വിധേയരായവരുടെമേൽ യഥായോഗ്യം ഇഷ്ടമുള്ളതെല്ലാം ചെയ്യുന്നതിനു് ഒരു പാത്രിയക്കീസിനു അധികാരമുണ്ടായിരിക്കുന്നു. അതുപോലെ റോമാപാത്രിയക്കീസിനു എല്ലാ പാത്രിയക്കീസുമാരുടെമേലും അധികാരമുണ്ടു്. അതു ഭാഗ്യവാനായ പത്രോസിനു സംഘം മുഴുവന്റെമേലും (അധികാരം) ഉണ്ടായിരുന്നതുപോലെയത്രേ. എന്തുകൊണ്ടെന്നാൽ റോമാസിംഹാസനത്തിൽ വാഴുന്നവൻ സഭ മുഴുവനിലും പത്രോസിന്റെ സ്ഥാനം വഹിക്കുന്നു. ആകയാൽ ഇവയെ (ഈ നിശ്ചയങ്ങളെ) ലംഘിക്കുന്നവൻ ഈ പൊതുസൂനഹദോസിന്റെ ശാപത്തിനു വിധേയനായിത്തീരുന്നു" (4)

കത്തോലിക്കാസഭയിൽ ഇല്ലാത്തതും, എന്നാൽ യാക്കോബായസഭ ഉൾപ്പെട്ട എല്ലാ പൗരസ്ത്യസഭക്കാരും സ്വീകരിക്കുന്നതുമായ ഈ അറബികാനോനാകളും, യാക്കോബായക്കാരുടെ ഹൂദായകാനോനും കത്തോലിക്കർ പറയുന്നതിനേക്കാൾ എത്രയും സ്പഷ്ടമായി മാർപ്പാപ്പായ്ക്കു സഭ മുഴുവനിലും പരമാധികാരമുണ്ടെന്നു ഏററുപറയുമ്പോൾ സലാമറമ്പാനു വല്ല സമാധാനവും പറയുവാൻ സാധിക്കുമോ? ഈ വിഷമസ്ഥിതിയിൽനിന്നു രക്ഷപെടുവാൻവേണ്ടി അദ്ദേഹം ഹൂദായകാനോനിൽ ഉദ്ധരിച്ചിരിക്കുന്ന കാനോനും, അറബികാനോനാകളും കത്തോലിക്കാസഭയുടേതാണെന്നും, അവ കത്തോലിക്കർ വ്യാജമായി നിർമ്മിച്ചതാണെന്നും പറയുന്നു. സ്വന്തം ഭാര്യയിൽ ജനിച്ച കുട്ടികൾ തന്റേതല്ലെന്നും, വേറൊരാളുടേതാണെന്നും ഒരാൾ പറഞ്ഞാൽ അയാൾക്കു ലജ്ജയോ അഭിമാനമോ അല്പമെങ്കിലുമുണ്ടോ? ഇതുപോലെയല്ലേ ഈ കാനോനാകളെ സംബന്ധിച്ചുള്ള റമ്പാച്ചന്റെ പ്രസ്താവനയും?

ഈ അറബികാനോനാകൾ വ്യാജമെങ്കിൽ യാക്കോബായക്കാരുടെ കാനോൻപുസ്തകത്തിൽ ചേർത്തതെങ്ങനെയെന്നുള്ള ചോദ്യത്തിനു റമ്പാച്ചൻ മറുപടിപറയുന്ന കൂട്ടത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "പഴയകാലത്തുള്ള ക്രിസ്തീയസഭയുടെ ഭരണരീതിയെ അനുസ്മരിപ്പിക്കാൻവേണ്ടി ബർ എബ്രായ ഈ ഭാഗം ചേർത്തിരിക്കാമെന്നു ചിലർ പറയുന്നു" (പുറം 16) അറബികാനോനാകൾ കത്തോലിക്കാസഭ കൃത്രിമമായിട്ടുണ്ടാക്കിയ കള്ളക്കാനോനാകളാണെന്നുള്ള റമ്പാച്ചന്റെ ആദ്യത്തെ പ്രസ്താവനക്കു വിപരീതമത്രേ പിന്നീടു ചേർത്തിരിക്കുന്ന ഈ വാചകം. യാക്കോബായസഭക്കു യാതൊരു ബന്ധവും ആ കാനോനാകളോടു ഇല്ലെങ്കിൽ അവരുടെ പുസ്തകത്തിൽ അവ ചേർക്കുമോ? ക്രിസ്തീയസഭയുടെ പുരാതനമായ ഭരണരീതി റോമാപാത്രിയക്കീസിനെ പാത്രിയക്കീസുമാരിൽ തലവനായി സ്വീകരിച്ചുകൊണ്ടാണെങ്കിൽ ആ പാത്രിയക്കീസിൽനിന്നു വേർപെട്ടുള്ള യാക്കോബായസഭയിലെ ഇപ്പോഴത്തെ ഭരണരീതി തലവനില്ലാത്ത ഭരണരീതിയല്ലേ? തലയില്ലാത്ത ഉടൽ എങ്ങനെയിരിക്കും? ഇങ്ങനെ സഭയിലെ പുരാതനമായ ഭരണരീതി മാററി പുതിയതു നടപ്പിലാക്കാൻ ആർക്കാണു അധികാരമുള്ളതെന്നു യാക്കോബായക്കാർ ചിന്തിക്കേണ്ടതല്ലേ?

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചൊണങ്ങ്,
താരൻ, മുഖക്കുരു
മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

കത്തോലിക്കാസഭ കൃത്രിമമായി കാനോൻ ഉണ്ടാക്കിയെന്നു റമ്പാച്ചൻ പറയുന്നുണ്ടല്ലോ. പണ്ടു മാർത്തോമ്മാസഭക്കാരുമായുണ്ടായ വ്യവഹാരത്തിൽ ജയം കിട്ടുന്നതിനായി യാക്കോബായക്കാർ ബർ എബ്രായയുടെ ശരിയായ കാനോനിൽ (എ അക്കത്തിൽ) പല ഭാഗങ്ങൾ കളഞ്ഞും, ചില ഭാഗങ്ങൾ കൂട്ടിച്ചേർത്തും ഭേദപ്പെടുത്തിയും മലങ്കരയിൽ ഒരു കാനോനുണ്ടാക്കി കോടതിയിൽ ഹാജരാക്കി. അതു 18 അക്കം കാനോൻ എന്ന പേരിൽ അറിയപ്പെടുന്നു. ഇതുപോലെ ഒരു കാനോൻ കേരളത്തിലല്ലാതെ ഭൂലോകത്തു വേറെയെങ്ങുമില്ല. ഈ കള്ളക്കാനോനാണു ശരിയായ കാനോനായി ഓത്തോഡോക്സ്കക്ഷിയുമായുള്ള സമുദായക്കേസിൽ പാത്രിയക്കീസുകക്ഷി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നതു്. ഓത്തോഡോക്സ്കക്ഷിയാവട്ടെ എ അക്കമാണു ശരിയായ കാനോൻ എന്നു വാദിച്ചുവരുന്നു. ഇതേസംബന്ധിച്ചു് "എന്റെ തെങ്ങേലിപ്രസംഗം" എന്ന ഗ്രന്ഥത്തിൽ (പുറം 336-346; 359-364-ൽ) സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ഇങ്ങനെ സ്വന്തം കാനോനെത്തന്നെ ഭേദപ്പെടുത്തി കൃത്രിമമായി നിർമ്മിക്കുകയും, അതു ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർ, യാക്കോബായക്കാർ സ്വീകരിച്ചുവരുന്ന കാനോൻഗ്രന്ഥങ്ങളെ കത്തോലിക്കർ വ്യാജമാക്കുന്നുവെന്നു പറഞ്ഞു ആക്ഷേപിക്കുന്നു! നോക്കണേ സത്യവും നീതിയും പോയ പോക്കു്! "അരിയും തിന്നു് ആശാരിച്ചിയേയും കടിച്ചിട്ടും പിന്നേയും നായ്ക്കാണു മുറുമുറുപ്പു്" എന്നു പറയുന്നതുപോലെയല്ലേ ഇതു്?

(തുടരും)

4) Jugie, Theol· Dog· Christ· Orient· V (1935) p· 49

---

ലീജിയൻ പംക്തി

# സ്വർഗ്ഗകവാടത്തിങ്കൽ

(പ്രഹസനം തുടർച്ച)



പത്രോസ്:- (മേശയുടെ അടുക്കൽപോയി സുവർണ്ണഗ്രന്ഥം തുറക്കുന്നു) നിങ്ങളുടെ പേരു ഈ സുവർണ്ണ ഗ്രന്ഥത്തിൽ ഒരിക്കലെങ്കിലും കണ്ടതായി ഞാൻ ഓർക്കുന്നില്ല (പുസ്തകത്തിന്റെ ഏതാനും ഇലകൾ മറിച്ചുനോക്കിയിട്ടു്) ഇല്ല, ഞാനതു ഇവിടെ കാണുന്നില്ല...നിങ്ങളുടെ പേരു ഈ പുസ്തകത്തിലേ ഇല്ലെന്നു തോന്നുന്നു...എന്റെ ഗൃഹസ്ഥൻ നിങ്ങളുടെ പേരു നിത്യജീവന്റെ സുവർണ്ണഗ്രന്ഥത്തിൽ എഴുതിയിട്ടില്ല

ശ്രീമതി:- സ്വർഗ്ഗകവാടത്തിങ്കലോ ഇങ്ങനെയുള്ള ക്രമക്കേടുകൾ? ഒരുപക്ഷെ ഗൃഹസ്ഥൻ അയാളുടെ ചുമതല ശരിയായി നിർവ്വഹിച്ചില്ലെങ്കിൽ നിങ്ങളെങ്കിലും എന്തുകൊണ്ടതു എഴുതിച്ചേർത്തില്ല? ആ ഗ്രന്ഥം ക്രമമായി എഴുതിസൂക്ഷിക്കേണ്ടതു എങ്ങനെയാണെന്നു നിങ്ങൾ എന്തുകൊണ്ടു ഗൃഹസ്ഥനെ പറഞ്ഞു മനസ്സിലാക്കിയില്ല? (ഗൃഹസ്ഥൻ വരുന്നതുകണ്ടിട്ടു്) ഓ, വരുന്നു അയാൾ! എന്റെ പേരു ആ ഗ്രന്ഥത്തിൽ എഴുതിച്ചേർക്കാൻ നിങ്ങൾ മറന്നുപോയി, അല്ലേ? നിങ്ങൾ ചെയ്തതു വലിയൊരു കുററമാണു്, സംശയമില്ല

ഗൃഹ:- അല്ല, അതു എന്റെ കുററമല്ല

പത്രോ:- അയാൾ അങ്ങനെയൊന്നും മറന്നുപോകാറില്ല. കുററം അയാളുടേതല്ല, നിങ്ങളുടേതാണു്

ശ്രീ:- എന്റേതാകുന്നതെങ്ങനെ?

പത്രോ:- നിങ്ങൾ സൽകൃത്യങ്ങളൊന്നും ചെയ്തിട്ടില്ല

ശ്രീ:- എന്തു്? ഈ ഞാൻ സൽകൃത്യങ്ങളൊന്നും ചെയ്തിട്ടില്ലെന്നോ? എന്താണീ കേൾക്കുന്നതു്? ഞങ്ങളുടെ പട്ടണത്തിലുള്ള സകലരും എന്നെ അറിയുന്നതു് "പരോപകാരിണി" എന്ന പേരിലാണു്. എന്നിട്ടും നിങ്ങൾ പറയുന്നു ഞാൻ സൽകൃത്യങ്ങൾ ചെയ്തിട്ടില്ലെന്നു്

പത്രോ:- നിങ്ങളുടെ സൽകൃത്യങ്ങൾ എന്തെല്ലാമാണു്? ഒന്നു കേൾക്കട്ടെ!

ശ്രീ:- എന്റെ സൽകൃത്യങ്ങളോ? അതെല്ലാം ഇപ്പോൾ പറഞ്ഞു കേൾപ്പിക്കാൻതന്നെ സാദ്ധ്യമല്ല; അത്രയധികമുണ്ടു്. എങ്കിലും സമുദായസേവനാർത്ഥം ഞാൻ വളരെയെല്ലാം പ്രവർത്തിച്ചിട്ടുണ്ടെന്നു നിങ്ങൾ മനസ്സിലാക്കണം. ഞങ്ങളുടെ പട്ടണത്തിലും ഇടവകയിലുമുള്ള മിക്കവാറും എല്ലാ സംഘടനകളുടേയും പ്രസിഡണ്ടു് ഞാനായിരുന്നു. എല്ലാ യോഗങ്ങളിലും ഞാൻ ഹാജരാകുമായിരുന്നു. അവയിൽ വളരെയെല്ലാം ഞാൻ പ്രസംഗിച്ചിട്ടുണ്ടു്. എന്നെപ്പോലെ പ്രസംഗിക്കുവാൻ സാമർത്ഥ്യമുള്ളവർ ചുരുക്കമായിരുന്നു. എന്തെല്ലാം പ്രസ്ഥാനങ്ങളാണു് ഞാൻ സമാരംഭിച്ചിട്ടുള്ളതു്—പള്ളിക്കുവേണ്ടിയും, സ്കൂളിനുവേണ്ടിയും, സാധുക്കൾക്കുവേണ്ടിയും മററും, മററും, മററും

പത്രോ:- നിങ്ങളുടെ കാവൽദൂതൻ ഇതൊന്നും ഞങ്ങളെ അറിയിച്ചിട്ടില്ല

ശ്രീ:- എന്തു്? ആ ദൂതൻ ഇതൊന്നും ഇവിടെ അറിയിച്ചിട്ടില്ലേ?

പത്രോ:- (നോക്കിയിട്ടു്) അല്ലാ, കാവൽദൂതനെ കൂടാതെയാണോ നിങ്ങളിങ്ങോട്ടുപോന്നതു്?

ശ്രീ:- അദ്ദേഹം ഇതുവരെ ഇവിടെ എത്തിയില്ലേ? (ദൂതൻ പതുക്കെ വരുന്നതുകണ്ടു് ദേഷ്യപ്പെട്ടിട്ടു്) ദൂതാ, എവിടെയായിരുന്നു? (ദൂതനെ അമർഷത്തോടെ നോക്കുന്നു. ദൂതൻ ഒഴിഞ്ഞുമാറി മറുവശത്തുപോയി നില്ക്കുന്നു) ഹേ, കാവൽദൂതാ, ഞാൻ ചെയ്തിട്ടുള്ള സൽകൃത്യങ്ങളെല്ലാം എന്തുകൊണ്ടിവിടെ അറിയിച്ചില്ലാ?

കാ: ദൂതൻ:- നിങ്ങൾ സൽകൃത്യങ്ങളൊന്നും ചെയ്തിട്ടില്ലാത്തതുകൊണ്ടു്

ശ്രീ:- എന്തുപറയുന്നു? (ദേഷ്യപ്പെട്ടു് ദൂതനെ നോക്കുന്നു. ദൂതൻ മടങ്ങിപ്പോകുന്നു) എത്രയോ എത്രയോ അധികം കാര്യങ്ങൾ ഞാൻ ചെയ്തിട്ടുണ്ടു്? എന്നിട്ടു് നിങ്ങളെല്ലാവരുംകൂടി ഇപ്പോൾ പറയുന്നു, ഞാൻ സൽകൃത്യങ്ങളൊന്നും ചെയ്തിട്ടില്ലെന്നു്! ഇതെന്തുകഥ!

പത്രോ:- അതെല്ലാം പ്രവർത്തിച്ചപ്പോൾ നിങ്ങൾക്കുണ്ടായിരുന്ന ഉദ്ദേശ്യശുദ്ധിയെ ആശ്രയിച്ചിരിക്കും നിങ്ങളുടെ സുകൃതമെല്ലാം

ശ്രീ:- എന്റെ ഉദ്ദേശ്യമോ? ഒരു സാമുദായികപ്രവർത്തകയാകുവാൻ! അങ്ങനെ എല്ലാവരും എന്നെ അറിയുവാൻ! പ്രസിദ്ധി നേടുവാൻ!

പത്രോ:- അങ്ങനെ എല്ലാവരും നിങ്ങളെ അറിഞ്ഞുകഴിഞ്ഞു. നിങ്ങൾക്കങ്ങനെ ഭൂമിയിൽവച്ചുതന്നെ സമ്മാനവും ലഭിച്ചു. നോക്കട്ടെ, ഈ ചുവപ്പുഗ്രന്ഥത്തിൽ അതു രേഖപ്പെടുത്തിയിട്ടുണ്ടാവും. (ചുവന്ന ഗ്രന്ഥം തുറന്നു നോക്കുന്നു) അതേയതേ; നിങ്ങളുടെ പേരു ഇവിടെയുണ്ടു്: "ശ്രീമതി ട്രീസാ ജോസഫ്". നിങ്ങൾ പറഞ്ഞ ആ പ്രവൃത്തികളും ഇവിടെയുണ്ടു്. എന്നാൽ "ഉദ്ദേശ്യശുദ്ധി" എന്ന കോളത്തിൽ, "മററുള്ളവർ അറിയുവാൻ" എന്നാണെഴുതിയിരിക്കുന്നതു്. ഭൂമിയിൽ നിങ്ങളുടെ പട്ടണത്തിലുള്ളവരെല്ലാം നിങ്ങളെ അറിഞ്ഞു. പക്ഷേ ഈ സ്വർഗ്ഗത്തിൽ നിങ്ങളെ ആരും അറികയില്ല (കറുത്തഗ്രന്ഥം തുറന്നു നോക്കുന്നു)

ശ്രീ:- അയ്യോ, ആ കറുത്തഗ്രന്ഥത്തിൽ എന്റെ പേരു കാണുമോ?

പത്രോ:- (പുസ്തകം നോക്കിയിട്ടു്) ഉവ്വ്, ഉവ്വ്. ഇതിലെ പല പേജുകളിലും നിങ്ങളുടെ പേരു കാണുന്നുണ്ടു്. നിങ്ങൾ പൊതുസമ്മേളനങ്ങളിലും ക്ലബ്ബുകളിലും പാർട്ടികളിലും സാമൂഹ്യപ്രവർത്തനങ്ങൾക്കിടയിലും അഞ്ചേയററം ഭക്തസംഘടനകളിലുംവച്ചു് നിങ്ങളുടെ അയൽക്കാർക്കെതിരായും മേലധികാരികൾക്കെതിരായും പലപ്പോഴും പലതും പ്രസംഗിക്കുകയും സംസാരിക്കുകയും സൂചിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളതായി ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ടു്

ശ്രീ:- ആ പാപങ്ങളെല്ലാം ഞാൻ കുമ്പസ്സാരിച്ചുപോയിട്ടുള്ളതാണു്

പത്രോ:- അതെ, അതാണു് നിങ്ങളുടെ രക്ഷ. "മനസ്താപപൂർവ്വം കുമ്പസ്സാരിച്ചു" എന്നിവിടെ എഴുതിച്ചേർത്തിട്ടുണ്ടു്

ശ്രീ:- അങ്ങനെയെങ്കിൽ എനിക്കിപ്പോൾ സ്വർഗ്ഗത്തിൽ പ്രവേശിക്കാമല്ലോ?

പത്രോ:- അത്ര തിടുക്കത്തിൽ വേണ്ട. കുമ്പസ്സാരത്തിൽ നിങ്ങളുടെ പാപങ്ങൾ പൊറുക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ കാലത്തിനടുത്ത ശിക്ഷയ്ക്കുള്ള ബാദ്ധ്യത നിങ്ങിയിട്ടില്ല. നിങ്ങളുടെ അയൽക്കാരുടേയും മേലധികാരികളുടേയും സൽപ്പേരിനു കളങ്കംവരുത്തിയതു നിങ്ങൾ പരിഹരിച്ചിട്ടില്ല

ശ്രീ:- ഭൂമിയിൽ എനിക്കതിനു വേണ്ടത്രസമയം ലഭിച്ചില്ലല്ലോ

പത്രോ:- ലഭിച്ചസമയം നിങ്ങൾ ഉപയോഗപ്പെടുത്തിയില്ല. കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനു തിന്മകളിൽനിന്നു ഒഴിഞ്ഞാൽപോരാ; ഓരോരുത്തരും തങ്ങളുടെ ജീവിതസ്ഥിതിക്കടുത്ത പുണ്യപരിപൂർണ്ണത പ്രാപിക്കേണ്ടതാണെന്നും നിങ്ങൾക്കറിയാമല്ലോ. അതിനായി നിങ്ങൾ എന്തു ചെയ്തിട്ടുണ്ടു്?

ശ്രീ:- അതിനെപ്പററി ഞാൻ കാര്യമായി ചിന്തിച്ചിട്ടില്ല

പത്രോ:- ചിന്തിച്ചില്ലപോലും! ആകട്ടെ, നമ്മുടെ ദിവ്യഗുരു സ്വർഗ്ഗത്തിലേക്കു എഴുന്നള്ളുന്നതിനുമുമ്പു്, താൻ പഠിപ്പിച്ച സുവിശേഷം സമസ്തസൃഷ്ടികളേയും അറിയിക്കണമെന്നു ആജ്ഞാപിച്ചിരുന്നതായി നിങ്ങൾക്കറിയാമായിരുന്നില്ലേ? അതിനായി നിങ്ങൾ എന്തു ചെയ്തിട്ടുണ്ടു്?

ശ്രീ:- അതു മിഷനറിമാരുടേയും വൈദികരുടേയും കടമയാണെന്നു ഞാൻ കരുതിയിരുന്നു

പത്രോ:- അങ്ങനെ കരുതിയതു തെററാണു്. ദിവ്യഗുരു ആ കല്പന നൽകിയതു തന്റെ അനുയായികൾക്കെല്ലാവർക്കുമായിട്ടാണു്

ശ്രീ:- ക്ഷമിക്കണേ, പത്രോസ് ശ്ലീഹായേ!

പത്രോ:- കേൾക്കൂ! നിങ്ങൾ നിങ്ങളുടെ പാപങ്ങൾക്കു വേണ്ടത്ര പരിഹാരം ചെയ്തിട്ടില്ലല്ലോ; ഉദ്ദേശ്യശുദ്ധിയോടെ സൽകൃത്യങ്ങൾ ചെയ്തിട്ടില്ല; പുണ്യപരിപൂർണ്ണത പ്രാപിക്കാൻ കൂട്ടാക്കിയില്ല; സുവിശേഷം പ്രചരിപ്പിക്കാൻ ശ്രമിച്ചില്ല. അതുകൊണ്ടു്......

ശ്രീ:- ചതിക്കല്ലേ, പത്രോസ് ശ്ലീഹായേ!

(കാവൽദൂതനും മൂന്നു കുഞ്ഞുമാലാഖമാരും പ്രവേശിക്കുന്നു)

കുഞ്ഞു മാലാഖമാർ:- ഗുണവതിയായ സ്ത്രീയേ, ഗുണവതിയായ സ്ത്രീയേ! വരുക, വരുക, സ്വർഗ്ഗത്തിൽ പ്രവേശിക്കുക

പത്രോ:- (വാത്സല്യപൂർവ്വം അവരെ നോക്കിയിട്ടു്) എന്റെ കുഞ്ഞുമാലാഖമാരേ, നിങ്ങൾക്കെന്താണു് ഇവിടെ ആവശ്യം? ഇപ്പോൾ നിങ്ങൾ എന്നെ ശല്യപ്പെടുത്തല്ലേ

1-ാം മാലാഖ:- ക്ഷമിക്കണേ, പത്രോസ് ശ്ലീഹായേ

2-ാം മാലാഖ:- പ്രിയപ്പെട്ട പത്രോസ് ശ്ലീഹായേ, ഗുണവതിയായ ഈ സ്ത്രീയെ ഞങ്ങൾക്കൊന്നു കാണണം

3-ാം മാലാഖ:- അതേ, പത്രോസ് ശ്ലീഹായേ, ഞങ്ങൾ ഇവരെ അറിയും

പത്രോ:- നിങ്ങൾ ഇവരെ അറിയുമോ? നിങ്ങൾ ചൈനയിൽനിന്നല്ലേ വന്നതു്? ഇവർ ഇന്ത്യാക്കാരിയാണു്. അപ്പോൾ എങ്ങനെ നിങ്ങൾ ഇവരുമായി പരിചയപ്പെട്ടു?

1-ാം മാലാഖ:- ഞങ്ങൾ ഒരിക്കലും ഇവരെ കണ്ടിട്ടില്ല

2-ാം മാലാഖ:- എങ്കിലും ഞങ്ങൾ ഇവരെ അറിയും

3-ാം മാലാഖ:- ഇവരാണു് ഞങ്ങളെ സ്വർഗ്ഗത്തിലാക്കിയതു്

പത്രോ:- ഇവർ എങ്ങനെ നിങ്ങളെ സ്വർഗ്ഗത്തിലാക്കി?

1-ാം മാലാഖ:- ബാല്യകാല

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# ലോകമേധാവിത്വം കൈയടക്കുവാൻ മോസ്കോയുടെ പുതിയ ആഹ്വാനം

(നിരീക്ഷകൻ)

മോസ്കോയിൽവച്ചു ഈയിടെ നടന്ന ആലോകകമ്മ്യൂണിസ്റ്റ്പാർട്ടി പ്രതിനിധികളുടെ കോൺഫറൻസ് എടുത്ത തീരുമാനങ്ങളെ അടിസ്ഥാനമാക്കി തയാറാക്കിട്ടുള്ള ഒരു പ്രഖ്യാപനം നവമ്പർ 22-ാംതീയതിയിലെ മോസ്കോറേഡിയോവഴി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. രണ്ടു ഭാഗങ്ങളാണ് അതിനുള്ളതു്: ഒന്നു് സമാധാനത്തെ അധികരിച്ചുള്ള ഒരു മാനിഫെസ്റ്റോ, രണ്ടു് കമ്മ്യൂണിസത്തിന്റെ സർവ്വലോകാധിപത്യത്തിനു വേണ്ടിയുള്ള ഒരു സമരാസൂത്രണം. അതിൽ ഒരുഭാഗത്തു ഇപ്രകാരം പറയുന്നു:- "കമ്മ്യൂണിസ്റ്റ്കളുടേയും തൊഴിലാളിവർഗ്ഗത്തിന്റേയും പാർട്ടികൾ അവരുടെ മുന്നേററത്തിൽ എല്ലാ പ്രതിബന്ധങ്ങളേയും നിസ്സംശയം കീഴ്പ്പെടുത്തുമെന്നും, ലോകം മുഴുവനിലും സമാധാനത്തിന്റേയും ജനാധിപത്യത്തിന്റേയും സോഷ്യലിസത്തിന്റേയും താല്പര്യങ്ങളുടെ മഹത്തായ പുതിയ വിജയങ്ങളെ അതിവേഗം കൈവരുത്തുമെന്നും ഈ കോൺഫറൻസിൽ സംബന്ധിക്കുന്ന എല്ലാവരും ഐകകണ്ഠ്യേന അവരുടെ ദൃഢമായ വിശ്വാസത്തെ പ്രകാശിപ്പിക്കുന്നു" ഈ ലക്ഷ്യം പ്രായോഗികമാക്കുന്നതിനുള്ള പദ്ധതികൾ പ്രസ്തുത പ്രഖ്യാപനവും സമാധാനമാനിഫെസ്റ്റോയും വിശദമാക്കിയിട്ടുണ്ടു്. പാർട്ടി അണികളിൽ കണിശമായ അച്ചടക്കം പാലിക്കുക, പാർട്ടിഐക്യത്തിൽ വന്നിട്ടുള്ള ശൈഥില്യങ്ങളെ പരിഹരിക്കുക, സോവ്യററുബ്ലോക്കിൽ സോവ്യററുയൂണിയനും സോവ്യററുയൂണിയനിൽ കമ്മ്യൂണിസ്റ്റ്പാർട്ടിക്കുമുള്ള നേതൃത്വം ഉറപ്പിക്കുക എന്നിവയാണ് പ്രമുഖങ്ങളായ നിർദ്ദേശങ്ങൾ. പുനഃപ്പരിശോധനാമനോഭാവത്തേയും, തത്വചിന്തയേയും, വിഭാഗീയമനസ്ഥിതിയേയും അടിച്ചമർത്തുന്നതിനും പ്രസ്താവന ആവശ്യപ്പെടുന്നുണ്ടു്. അവ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പ്രധാന അധഃപ്പതനഹേതുക്കളാണത്രെ. ഭിന്നതകളോ ചേരിതിരിവുകളോ അനുവദിക്കപ്പെടാവുന്നതല്ല. അദ്ധ്വാനിക്കുന്ന വിഭാഗത്തെ സാർവ്വദേശീയത്വമനോഭാവത്തിൽ പരിശീലിപ്പിക്കുന്നതിനു "ബൂർഷ്വാദേശീയത്വ"ത്തേയും "ചവ്വിനിസ"ത്തേയും വീറോടെ എതിർക്കുകയും കമ്മ്യൂണിസ്റ്റാദർശങ്ങൾ വിപുലമായി പ്രചരിപ്പിക്കുകയും വേണം. വാർസോ ഉടമ്പടിയനുസരിച്ചുള്ള സംഘടന ശക്തിപ്പെടുത്തുകയും തന്മൂലം കമ്മ്യൂണിസ്റ്റ്സ്റ്റേററുകളിലെ സൈനികശക്തി വർദ്ധിപ്പിക്കുകയും ചെയ്യണമെന്നതാണ് അതിനുള്ള പരിപാടി. വിജയം പരമാവധി സുകരമാക്കുന്നതിനു ആഭ്യന്തരമായ നടപടികളും പ്രതീക്ഷിച്ചിരിക്കുന്നു.

മേലുദ്ധരിച്ച ലക്ഷ്യങ്ങളേയും പരിപാടികളേയും ഉള്ളടക്കി കോൺഫറൻസ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഇവയാണ്:—

1. പൊതുജനങ്ങളുടെ ഇടയിൽ അമേരിക്കയെ ലോകത്തിലുള്ള സകല കുഴപ്പങ്ങളുടേയും ഉല്പത്തിസ്ഥാനമായും ജനങ്ങളുടെ ഏററം വെറുക്കത്തക്ക ശത്രുവായും. സമാധാനത്തിനു വിലങ്ങുതടിയായി നില്ക്കുന്ന ഏകരാജ്യമായും ചിത്രീകരിച്ചു് പൊതുജനാഭിപ്രായത്തിൽ അവരെ നികൃഷ്ടരാക്കിത്തീർക്കണം.

2. അമേരിക്കയുടെ സ്വാധീനത്തിൽ നില്ക്കുന്ന രാജ്യങ്ങളിൽ വിപ്ലവം ശക്തിപ്പെടുത്തണം. ഇതിനായി പൊതുജനങ്ങളുടെ ദേശീയബോധത്തെ ദൂഷണം ചെയ്യുകയും അമേരിക്കയ്ക്കെതിരായ വിദ്വേഷാഗ്നി ഊതിക്കത്തിക്കുകയുംവേണം. രാജ്യത്തു സാമൂഹികമായി നിലവിലുള്ള എല്ലാ അസംതൃപ്തികളുടേയും കാരണക്കാർ നീതിവിരുദ്ധമായി അവയിൽ ഇടപെടുന്ന അമേരിക്കക്കാരാണെന്നു ആരോപിച്ചുകൊണ്ടിരിക്കണം. കർഷകരുടെ ഇടയിൽ ഭൂനയം സംബന്ധിച്ചു പ്രക്ഷോഭണങ്ങൾ നടത്തിക്കൊണ്ടിരിക്കണം. അവസാനമായി കമ്മ്യൂണിസ്റ്റ്നേതൃത്വത്തിൻകീഴിലേക്കു ഭൂരിപക്ഷം ജനവിഭാഗങ്ങളേയും കൊണ്ടുവരികയും, അതുവഴി രാജ്യതാല്പര്യങ്ങളെ സംബന്ധിക്കുന്ന മേധാവിത്വങ്ങളെ അട്ടിമറിക്കുന്നതിനു അവരെ ശക്തരാക്കുകയും വേണം.

3. ജനാധിപത്യരാജ്യങ്ങളിലെല്ലാം സോവ്യററുയൂണിയനേയും കമ്മ്യൂണിസ്റ്റ്പാർട്ടികളേയും സമാധാനത്തിന്റെ ഏകീകൃത ധീരസേനാനികളായി പ്രദർശിപ്പിക്കുകയും നേരെമറിച്ചു അമേരിക്കയെ യുദ്ധകുതുകിയായി താറടിച്ചുകാണിക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റ്പ്രചരണം ഊർജ്ജസ്വലമാക്കണം

4. മററു പാർട്ടികളും സംഘടനകളുമായി രാഷ്ട്രീയമായ കൂട്ടുകെട്ടുണ്ടാക്കുകയും, ജനവിഭാഗങ്ങളിൽ അതൃപ്തരായവരെ സംഘടിപ്പിക്കുകയും, അങ്ങിനെ രാജാധിപത്യത്തിനും പ്രഭുത്വാധിപത്യത്തിനും എതിരായ ഒരു ഐക്യമുന്നണി സൃഷ്ടിക്കുകയുംചെയ്യണം. സോഷ്യലിസത്തിനുവേണ്ടി സമരം ചെയ്യാൻ ജനത സജ്ജമാക്കപ്പെട്ടു എന്നു കണ്ടുകഴിഞ്ഞാൽ കമ്മ്യൂണിസ്റ്റ്നേതാക്കന്മാർ ആ അനുകൂലഅവസരം ഒട്ടും പാഴാക്കരുതു്. കമ്മ്യൂണിസത്തിന്റെ ലക്ഷ്യങ്ങളെ പ്രഖ്യാപിക്കുന്നതും, എല്ലാ ജനങ്ങൾക്കും ഒരുപോലെ ക്ഷേമവും സമൃദ്ധിയും വരുത്തിക്കൊടുക്കുന്നതും, രാഷ്ട്രങ്ങൾതമ്മിൽ ശാശ്വതമായ സമാധാനത്തെ ഉറപ്പിക്കുന്ന അതിന്റെ സ്വഭാവത്തെ വിശദീകരിക്കുന്നതുമായ പ്രചാരണം കൊണ്ടുപിടിച്ചുനടത്തണം. നിരായുധീകരണപദ്ധതികൾക്കെല്ലാം തടസ്സമായിരുന്നിട്ടുള്ളതു റഷ്യയാണെങ്കിലും ആ പഴി അമേരിക്കയുടെമേൽ ചാരി അമേരിക്കയെ പരാജയത്തിന്റെ കാരണമാക്കിക്കാണിക്കണം. അമേരിക്കയും പാശ്ചാത്യശക്തികളുംകൂടി ഒരുക്കുന്ന യുദ്ധഭീഷണിയിൽനിന്നു ലോകത്തെ രക്ഷിക്കുവാൻ സോവ്യററുയൂണിയനുമാത്രമേ കഴിവുള്ളൂ എന്നു ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. കൂടാതെയും ജനാധിപത്യരാജ്യങ്ങളിൽ ഗവമ്മെണ്ടിനെതിരായി പൊതുജനാഭിപ്രായങ്ങളെ സംഘടിപ്പിക്കുകയും അവസരംവരുമ്പോൾ അധികാരം കൈയടക്കത്തക്കവണ്ണം വഴികളൊരുക്കുകയുംവേണം. ഇതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ സ്റ്റേററുമെൻറിൽ നൽകിയിട്ടുണ്ട്:-

1. ബലപ്രയോഗമോ ആഭ്യന്തരസമരമോ കൂടാതെ ജനാധിപത്യസ്വാതന്ത്ര്യങ്ങൾ ഉപയോഗിച്ചു് മററു പാർട്ടികളുമായി ഒത്തുതീർപ്പുകളും രാഷ്ട്രീയക്കൂട്ടുകെട്ടുകളുമുണ്ടാക്കി കമ്മ്യൂണിസ്റ്റ്നേതൃത്വത്തിൽ ഐക്യമുന്നണികൾ സൃഷ്ടിക്കുന്നതിനും അധികാരം പിടിച്ചെടുക്കുന്നതിനും സാധിക്കും.

2. അധികാരത്തിലിരിക്കുന്ന കക്ഷി സ്വമനസ്സാ അധികാരം വെച്ചൊഴിയുന്നില്ലെങ്കിൽ അധികാരം പിടിച്ചെടുക്കുന്നതിനു ബലപ്രയോഗം സ്വീകരിക്കാവുന്നതാണു്.

ഇപ്രകാരമാണ് പാർട്ടിയുടെ പൊതുപ്രാതിനിധ്യമുള്ള നേതൃകോൺഫറൻസ് പ്രഖ്യാപിച്ചിരിക്കുന്നതു്. 1919-ലെ ഒന്നാമത്തെ കോൺഗ്രസ്സിലേയും തുടർന്നു നടന്നിട്ടുള്ള കോമിൻടേൺ കോൺഗ്രസ്സുകളുടേയും പ്രകടനപത്രികകൾ പരിശോധിച്ചാലും ഈ ദർശനിർദ്ദേശങ്ങളാണ് കാണുവാൻ സാധിക്കുക. അതതുകാലത്തു അവ കണക്കിനു പ്രയോഗിക്കുകയും ചെയ്തു. കമ്മ്യൂണിസത്തിന്റെ ഈ നയത്തിനു ഇനിയും വ്യത്യാസമൊന്നുമില്ല അതുകൊണ്ടു ലോകാധിപത്യം കൈയടക്കുവാനുള്ള അതിന്റെ വ്യവസ്ഥാപിതലക്ഷ്യത്തിലേക്കു ഒരു പുതിയ കുതിപ്പിനാണ് ഇന്നത്തെ നേതൃത്വം ആഹ്വാനം നൽകിയിരിക്കുന്നതു്. വഞ്ചനാപരമായ അതിന്റെ പ്ലാനുകൾ ശിഥിലമായി പരാജയപ്പെടണമെങ്കിൽ പൊതുജനങ്ങൾ തക്കകാലത്തു അതു മനസ്സിലാക്കി പ്രവർത്തിക്കണം. കമ്മ്യൂണിസ്റ്റ്റഷ്യ കഴിഞ്ഞ നാല്പതുകൊല്ലക്കാലം പലേവിധത്തിൽ പ്രയോഗിച്ചിട്ടുള്ള തന്ത്രങ്ങളാണിവയെല്ലാം. അനേകം സ്വതന്ത്രജനാധിപത്യരാജ്യങ്ങളെ അതു അടിമത്തച്ചങ്ങലയിൽ കൊളുത്തി നിർജ്ജീവമാക്കിക്കഴിഞ്ഞു. അതേ പഴംചരക്കുതന്നെ പുതിയതായ നിറം കൊടുത്തു കാണിച്ചു് ഇനിയും ജനങ്ങളെ വഞ്ചിക്കാനാണ് ആധുനികനേതൃത്വം വട്ടംകൂട്ടുന്നതു്. അമേരിക്കയെ പഴിപറഞ്ഞും, തൊഴിലാളികളെ ആവേശംകൊള്ളിച്ചും, സഹവർത്തിത്വമൂടുപടം ധരിച്ചും റഷ്യൻ വ്യാഘ്രം സ്വതന്ത്രരാജ്യങ്ങളെ സമീപിക്കുകയാണു്. ഈ വഞ്ചന വിഫലപ്പെടുത്തിക്കാൻ ജനങ്ങൾ ഉൽബുദ്ധരും ഉണർവുള്ളവരുമാകട്ടെ.

---

ത്തു ഇവർ ലീജിയൻ ഓഫ് മേരിയിൽ ഒരംഗമായിരുന്നു. ആ നിലയിൽ "തിരുബാലസഖ്യം" നടത്തിക്കൊണ്ടുപോകേണ്ട ജോലി ഇവൾക്കു ലഭിച്ചു. ഇവരുടെ നിയന്ത്രണത്തിൽ ആ സഖ്യത്തിൽ അംഗങ്ങൾ വർദ്ധിച്ചു; പ്രവർത്തനം വികസിച്ചു. ആ സഖ്യാംഗങ്ങളുടെ പ്രാർത്ഥനകളും ചില്ലിക്കാശുകളുമാണ് ഞങ്ങളെ രക്ഷിച്ചതു്

2-ാം മാലാഖ:- അങ്ങനെ ഈ സ്ത്രീയുടെ പ്രാർത്ഥനയുടേയും പ്രവർത്തനത്തിന്റേയും ഫലമായിട്ടാണു ഞങ്ങൾ ഇപ്പോൾ സ്വർഗ്ഗത്തിലായിരിക്കുന്നതു്

3-ാം മാലാഖ:- അതുകൊണ്ടു് പ്രിയപ്പെട്ട പത്രോസ്ശ്ലീഹായേ, ഇവരെ സ്വർഗ്ഗത്തിലേക്കയക്കണേ;

പത്രോ:- ശ്രീമതി, നിങ്ങളുടെ ആദ്യത്തേതും അവസാനത്തേതുമായ യഥാർത്ഥസാമുദായികപ്രവർത്തനം ഇതായിരുന്നു. (സുവർണ്ണഗ്രന്ഥം മറിച്ചുനോക്കുന്നു) അതേയതേ, അനേകവർഷങ്ങൾക്കുമുമ്പു് ഉദ്ദേശ്യശുദ്ധിയോടെ ഇങ്ങനെയൊരു യഥാർത്ഥസൽകൃത്യം നിങ്ങൾ ചെയ്തതായി ഇവിടെ കാണുന്നുണ്ടു്....ഈ പഴയചരിത്രം ഞാൻ മുമ്പു പരിശോധിച്ചില്ല (പുസ്തകം മറിച്ചുനോക്കിയിട്ടു്) ഓഹോ, ഇനിയുമുണ്ടു് വേറൊരു സൽകൃത്യം. ചിലപ്പോഴെല്ലാം കുർബാനസമയത്തും മീററിങ്ങുകളിലും പിരിവുസഞ്ചിയിൽ രഹസ്യമായി ചില്ലറക്കാശുകൾ നിങ്ങൾ നിക്ഷേപിച്ചിട്ടുള്ളതായി ഇവിടെ എഴുതിയിട്ടുണ്ടു്. ഉദാരനായ ദൈവം നിങ്ങളുടെ നിസ്സാരസൽകൃത്യങ്ങൾക്കുപോലും പ്രതിഫലം നൽകുന്നതാണു്

(തുടരും)

---

# പുസ്തകാഭിപ്രായം

## ദിവ്യന്യായാധിപൻ

(ലോകാവസാനവും അന്തിക്രിസ്തുവും)

[ഗ്രന്ഥകർത്താ: ശ്രീ മേപ്രത്തു് എം. ജോസഫ്, പ്ലാക്കയിൽ വീട്ടു്, തത്തമ്പിള്ളി, ആലപ്പുഴ. പക്ഷം 110; വില 1 ക]

തമിഴ്ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുന്നതിൽ വമ്പിച്ച വിജയം സമാർജ്ജിച്ചിട്ടുള്ള ഒരു സഹൃദയനാണു ശ്രീ ജോസഫ് മേപ്രത്തു്. വീ യൗസേപ്പിന്റെ ജീവചരിത്രമായ "തേമ്പാവണി"യാണ് അദ്ദേഹം ആദ്യം കൈവച്ചതു്. കേരളീയർ ആ ഗ്രന്ഥത്തിനു അസൂയാവഹമായ സ്വാഗതം നൽകി. അതിനുശേഷം നാലാമത്തെ ഗ്രന്ഥമാണ് ഇപ്പോൾ മി ജോസഫിന്റെ തൂലികയിൽനിന്നു പുറത്തുവന്നിരിക്കുന്നതു്.

ഫാദർ ഡിനൊബിലിയുടെ "ജ്ഞാനോപദേശം" എന്ന ഗ്രന്ഥത്തിലെ ഏതാനും അദ്ധ്യായങ്ങളും സ്വപരിശ്രമംവഴി സമ്പാദിച്ചിട്ടുള്ള ചില ആശയങ്ങളും കൂട്ടിച്ചേർത്താണ് ദിവ്യന്യായാധിപൻ എന്ന ഈ ഗ്രന്ഥം രചിച്ചിട്ടുള്ളതു്. മരണം, പൊതുവിധി, പുനരുത്ഥാനം എന്നീ വിഷയങ്ങൾ ഭക്തിസമൃക്കാകുംവണ്ണം രചിച്ചിട്ടുണ്ടു്. അതിനു പുറമെ ലോകാവസാനത്തേയും അന്തിക്രിസ്തുവിന്റെ സ്വഭാവത്തേയും വെളിപാടിൽ യോഹന്നാൻ വിവരിച്ചിട്ടുള്ള ദുഷ്ടമൃഗത്തേയുംപററിയുള്ള വിവരണങ്ങൾ ആഖ്യായികപോലെ രസാവഹമായിത്തോന്നും ചിലർക്കു്. ശാസ്ത്രീയചിന്താഗതിക്കാർ അത്തരം വിവരണങ്ങൾ വെറും അഭ്യൂഹങ്ങളായി തിരസ്കരിച്ചേക്കും. കമ്മ്യൂണിസമാണ് അന്തിക്രിസ്തുവും യോഹന്നാൻ പ്രതിപാദിച്ചിരിക്കുന്ന ദുഷ്ടമൃഗവുമെന്നുമുള്ള നിഗമനങ്ങൾ ചില വായനക്കാർക്കു വളരെ കൗതുകം നൽകും. മാമ്മോദീസാമുങ്ങി മരിച്ച ശിശുക്കൾ പൂർണ്ണവളർച്ചയോടുകൂടി സ്വർഗ്ഗത്തിൽ പ്രത്യക്ഷപ്പെടുമെന്നും; അംഗവിഹീനർ നരകത്തിൽ അംഗവിഹീനരായിത്തന്നെ കഴിയുമെന്നും മററുമുള്ള വിവരണങ്ങളും അതിൻ ക്രിസ്തീയഗ്രന്ഥകാരന്മാർ നൽകിയിട്ടുള്ള സാക്ഷ്യങ്ങളും ജിജ്ഞാസുക്കൾക്കു രസാവഹമായിരിക്കും.

ശ്രീ ജോസഫ് മേപ്രത്തു് തികഞ്ഞ ഒരു ദൈവഭക്തനാണ്; അദ്ദേഹത്തിന്റെ ഭാഷാശൈലി പൊതുവെ നിർദ്ദോഷവുമാണ്. തമിഴ്ശൈലിയുമായുള്ള പരിചയം കൊണ്ടു ഭാഷയ്ക്കും പ്രതിപാദനത്തിനും ഒരു പ്രത്യേകതയുണ്ടു്. അതിനാൽ ലോകാവസാനത്തേയും അന്തിക്രിസ്തുവിനേയും പററിയ നിഗമനങ്ങൾ എന്തുതന്നെയായിരുന്നാലും മരണത്തേയും പൊതുവിധിയേയും പുനരുത്ഥാനത്തേയും നരകത്തേയുംപററിയുള്ള പ്രതിപാദനങ്ങൾ ഭക്തിദ്യോതകങ്ങളാണ്.

ചങ്ങനാശ്ശേരിരൂപതയെ അതിരൂപതയായി ഉയർത്തുകയും അഭിവന്ദ്യമെത്രാൻ മാർ മാത്യു കാവുകാട്ട് തിരുമേനിയെ പ്രഥമ മെത്രാപ്പോലീത്തായായി നിയമിക്കുകയും ചെയ്തതിന്റെ സ്മാരകമായി ശ്രീ മേപ്രത്തു പുറത്തിറക്കിയിരിക്കുന്ന ലോകാവസാനത്തെപ്പററിയുള്ള ഈ ഗ്രന്ഥം ലോകാവസാനംവരെ അതിന്റെ ദീപ്തിയെങ്ങും വീശി വിതറട്ടെ. "ദിവ്യന്യായാധിപൻ" ഗ്രന്ഥകാരനെ സമ്പൂർണ്ണമായി സമ്മാനിക്കട്ടെ.

(ഫാദർ തോമസ് മൂത്തേടൻ എം. എ, ഡി ഡി.)

---

# വിനോദവീഥി



"എടോ സത്യംമാത്രം പറഞ്ഞേക്കു. താനെന്തിനാണീ പാവപ്പെട്ട വൈദ്യന്റെ പേഴ്സെടുത്തതു്?"

"എനിക്കു് വായുവിലക്കമായി അന്നേമാന്നേ! പേഴ്സിനു് രണ്ടു വായു ഗുളിക എടുത്തു് കഴിക്കാനു കരുതി എടുത്തതാണേ!"

× × ×



"ശ്ലേ ശ്ലേ, ഈ റോഡുവഷളായിരിക്കുന്നല്ലോ ഹെ! എവിടാണീ മന്ത്രിടെ വാസം! ഒരു കംപ്ലയിൻറു് പറയാതെക്കില്ലെന്നു തോന്നുന്നു!"

× × ×

കാര്യസ്ഥൻ:- (സ്റ്റോർമാനേജരോടു്) സർ, ബംഗ്ലാവിലെ ഇലക്ട്രിക്ക് ബെൽ കേടുവന്നിട്ടു് അതു നന്നാക്കാൻ ഒരാളെ വിട്ടുതരണമെന്നു എത്രപ്രാവശ്യം മുതലാളി ഫോണിൽ വിളിച്ചുപറഞ്ഞു. ഒരാളെ അയച്ചില്ലല്ലോ.

മാനേജർ:- "ഞാൻ കാലത്തു ആളെ അയച്ചിരുന്നതല്ലേ?

കാര്യ:- അവിടെ ആരും വന്നില്ല. മുഴുവൻസമയവും ഞാനവിടെ ഉണ്ടായിരുന്നു."

മാനേ:-"ഹേയ്, അങ്ങിനെ വരില്ല. ആൾവന്നു വളരെ നേരം അവിടെ കാത്തിരുന്നു് പലപ്രാവശ്യം ബെല്ലടിച്ചു. യാതൊരുത്തരം വന്നുകാണാഞ്ഞതുകൊണ്ടാണ് മടങ്ങിപ്പോന്നതു്."

കാര്യ:- "നല്ല കാര്യം! ആ ബെല്ല നന്നാക്കാനല്ലേ ആളെ വിളിച്ചതു്. കേടുവന്ന ബെല്ലടിച്ചാൽ ആരു കേൾക്കാനാണ്?"

× × ×

ലേഡി ടീച്ചർ ക്ലാസെടുക്കുകയാണ്. ജോണിയോടു് "പൂച്ചി" എന്ന പാഠം വായിക്കാൻ പറഞ്ഞു. ജോണി വായിച്ചു, "പൂപ്പി"

ടീച്ചർ:- കുട്ടീ, "ച്ചി" എന്നു ശബ്ദിക്കു.

ജോണി:- "പ്പി"

ടീച്ചർ:- "പ്പി" എന്നല്ല "ച്ചി" എന്നാണ്, മനസ്സിലായോ? പറയൂ

ജോണി:-"പ്പി".

ടീച്ചർ:- കഷ്ടം കുട്ടീ, "ച്ച" ശബ്ദിക്കാനറിയില്ല. കുട്ടിക്കു "പൂച്ച" ശബ്ദിക്കാനറിയാമോ?

ജോണി:- ഉവ്വ്— "മ്യാവൂ", മ്യാവൂ."

വിമർശനപംക്തി

# പത്രോസിൻെറ പരമാധികാരം

(തുടർച്ച)

റോമാമാർപ്പാപ്പായുടെ പരമാധികാരത്തെ ലക്ഷ്യംകരിച്ചു കാണിക്കുവാനുള്ള വ്യഗ്രതയിൽ ഒരു "യാക്കോബായസഹോദരൻ" ഉന്നയിച്ച ഒരു ചോദ്യം പോത്താനിക്കാട്ടുനിന്നും ഒരു മാന്യൻ ഞങ്ങൾക്കയച്ചുതന്നിരിക്കുന്നു. "നീറോ ചക്രവർത്തി വിശുദ്ധ പത്രോസിനെ റോമയിൽവെച്ചു വധിക്കുന്നതിനു മുൻപു പത്രോസു തൻെറ പിൻഗാമിയായി, ആരെ, എന്നു് വാഴിച്ചു?" എന്നതാണു ചോദ്യം.

ഈ ചോദ്യത്തിനു മറുപടിപറയുന്നതിനുമുൻപു സർവ്വപ്രധാനമായ ഒരു കാര്യം മനസ്സിലാക്കിയിരിക്കേണ്ടതുണ്ടു്. ദൈവം പത്രോസിനു നൽകിയ പരമാധികാരം ലോകാവസാനംവരെ നിലനിൽക്കാനുള്ളതാണു്; എന്തുകൊണ്ടെന്നാൽ ക്രിസ്തു സ്ഥാപിച്ച സഭയും ലോകാവസാനംവരെ ഉണ്ടായിരിക്കുന്നു. പക്ഷെ പത്രോസു് അമർത്യനായിരുന്നില്ല; തന്മൂലം പത്രോസിനു പിൻഗാമി ഉണ്ടായിരിക്കേണ്ടതു് ആവശ്യമായിരുന്നു. എന്നാൽ പത്രോസിനു് ഒരു പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിനുള്ള വ്യവസ്ഥകൾ ക്രിസ്തു നിശ്ചയിക്കുക ഉണ്ടായില്ല. തന്മൂലം അതു നിശ്ചയിക്കുന്നതിനുള്ള അധികാരവും ചുമതലയും പത്രോസിൻേറതായിരുന്നു. ക്രിസ്തു ഏല്പ്പെടുത്തിയ പരമാധികാരം ലോകാവസാനംവരെ നിലനിൽക്കാനുള്ളതാകകൊണ്ടും, പത്രോസിനു തൻെറ സഭയിൽ പരമാധികാരം നൽകിയിരിക്കുന്നതുകൊണ്ടും പിൻഗാമിയെ നിർണ്ണയിക്കുന്നതിനുള്ള വ്യവസ്ഥകൾ നിശ്ചയിക്കുവാൻ പത്രോസിനു് അധികാരമുണ്ടെന്നുള്ളതു സ്പഷ്ടമാകുന്നു. അങ്ങനെയൊരു അധികാരം ഇല്ലാത്തപക്ഷം, പത്രോസിനു നൽകപ്പെട്ട പരമാധികാരം പത്രോസിനോടുകൂടി അവസാനിച്ചുപോകുന്നതാണു്. അങ്ങനെവന്നാൽ പത്രോസാകുന്ന അടിസ്ഥാനത്തിൽ സ്ഥാപിച്ചിരിക്കുന്ന ക്രിസ്തുവിൻെറ സഭ അടിസ്ഥാനമില്ലാത്തതും, മേയിക്കുവാൻ ഇടയനില്ലാത്തതുമായിത്തീരുന്നതാണു്.

പരമാധികാരിയായ പത്രോസു തൻെറ സിംഹാസനം റോമയിൽ സ്ഥാപിച്ചുവെന്നുള്ളതും റോമയുടെ ഒന്നാമത്തെ മെത്രാൻ അദ്ദേഹമായിരുന്നുവെന്നുള്ളതും നിഷേധിച്ചുകൂടാത്ത ചരിത്രവസ്തുതകളാണു്. എ. ഡി. 58-ൽ റോമാക്കാർക്കു് എഴുതുകയിൽ വിശുദ്ധ പൗലോസ് "അവരുടെ വിശ്വാസം ലോകമെങ്ങും കേൾവിപെട്ടിരിക്കുന്ന"തായി പ്രസ്താവിക്കുന്നു (റോമാ I 8) മാത്രമല്ല, "ഞാൻ അന്യഅടിസ്ഥാനത്തിന്മേൽ പണിയാതിരിക്കേണ്ടതിനു മിശിഹായുടെ നാമം വിളിച്ചു പ്രാർത്ഥിക്കപ്പെട്ട ഇടത്തിലല്ല, മറിച്ചു് അവനെപ്പററി ആരോടു പറയപ്പെട്ടിട്ടില്ലയോ അവർ അവനെ കാണും, കേട്ടിട്ടില്ലാത്തവർ അനുസരിക്കും എന്നു് എഴുതപ്പെട്ടിരിക്കുന്നതുപോലെയത്രേ സുവിശേഷം അറിയിക്കുവാൻ ഞാൻ ഉത്സാഹിക്കുന്നതു്. ഇതിനാൽ നിങ്ങളുടെ അടുക്കൽ വരുന്നതിനു പല പ്രാവശ്യം ഞാൻ തടയപ്പെട്ടു" (റോമാ XV, 20-22) എന്നും വിശുദ്ധപൗലോസ് എഴുതുന്നുണ്ടു്. ഇതിൽനിന്നു വിശുദ്ധ പൗലോസു് റോമയിൽ എത്തുന്നതിനു മുൻപുതന്നെ ക്രൈസ്തവസഭ അവിടെ പ്രചരിച്ചിരുന്നുവെന്നു സ്പഷ്ടമാണല്ലോ. ആ സഭയുടെ സ്ഥാപകനായി പത്രോസല്ലാതെ മററു യാതൊരാളും ഏതാവൽപര്യന്തം അവകാശവാദം പുറപ്പെടുവിച്ചിട്ടില്ല.

പ്രസിദ്ധ സഭാചരിത്രകാരനായ എവുസേബിയസു് എഴുതുന്നു: "ക്രിസ്ത്യാനികളുടെ ഒന്നാമത്തെ മേലദ്ധ്യക്ഷനായ പത്രോസ്ശ്ലീഹാ അന്ത്യോക്യായിലെ സഭ ആദ്യം സ്ഥാപിച്ചശേഷം റോമയിലേക്കു പോകുകയും, അവിടെ സുവിശേഷം പ്രസംഗിച്ചുകൊണ്ടു 25 വർഷം ആ പട്ടണത്തിൻെറ മെത്രാനായിരിക്കുകയുംചെയ്തു." എവുസേബിയസു് തുടർന്നു പറയുന്നു: "പത്രോസിനുശേഷം റോമാസഭയുടെ ആദ്യത്തെ മെത്രാനായിത്തീർന്നതു ലീനസാണു്." എ. ഡി. 140-ൽ പപ്പിയാസു് എഴുതുന്നു: "പത്രോസു വരികയും, ആദ്യംതന്നെ പ്രശംസനീയമായ തൻെറ സുവിശേഷപ്രസംഗത്താലും താക്കോലുകളാലും, റോമാനഗരത്തിൽ സ്വർഗ്ഗീയരാജ്യത്തിൻെറ കവാടങ്ങളെ തുറക്കുകയുംചെയ്തു." രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന ലയൺസിലെ മെത്രാനായ വിശുദ്ധ ഇരനേവൂസു് എഴുതുന്നു: "പരിശുദ്ധ അപ്പസ്തോലന്മാർ (പത്രോസും പൗലോസും) റോമയിലെ സഭ സ്ഥാപിക്കുകയും ക്രമപ്പെടുത്തുകയും ചെയ്തശേഷം, മെത്രാൻസ്ഥാനത്തിൻെറ പ്രവർത്തനം അവർ ലീനസിനു കൊടുത്തു. വിശുദ്ധ പൗലോസു തിമോത്തിക്കുള്ള ലേഖനത്തിൽ പറയുന്ന ലീനസ് അദ്ദേഹമാണു്." (Contra Haeres I, 24). റോമയിലെ കാരാഗൃഹവാസത്തിനിടയ്ക്കു വിശുദ്ധ പൗലോസ് എഴുതിയ പ്രസ്തുത ലേഖനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "എവുബോലോസും, പേദോസും, ലിനോസും ക്ലാവുദിയായും സഹോദരന്മാരെല്ലാവരും നിനക്കു വന്ദനം പറയുന്നു." (II തിമോ IV, 21).

വിശുദ്ധ ഇരനേവൂസു തൻെറ കാലംവരെയുള്ള മാർപ്പാപ്പാമാരുടെ ഒരു പട്ടിക നൽകുന്നുണ്ടു്. അതിങ്ങനെയാണ്: പത്രോസു് (-67), ലീനസു് (67-79), അനാക്ലീററസ് (79-90), ക്ലെമൻറു് (90-99) എവാരിസ്റ്റസ് (99-107), അലക്സാണ്ടർ (107-116), സെക്സ്റ്റസ് (116-125), ടെലെസ്ഫോറസ് (125-136), ഹൈജീനസ് (136-140), പീയൂസ് (140-154), അനിസെററസ് (154-165), സോട്ടർ (165-174), എലിത്തേരിയസു് (174-189). (ആവരണത്തിനുള്ളിൽ കാണിച്ചിരിക്കുന്നതു അവരുടെ ഭരണകാലമാണു്; അതു ഇരനേവൂസു നൽകുന്നില്ല.) എല്ലാ പ്രാചീനരേഖകളും—വിശുദ്ധ ഇരനേവൂസ് ജൂലിയസ് ആഫ്രിക്കാനസു്, വിശുദ്ധ നിപ്പോലീററസ്, എവുസേബിയസു് മുതലായവരുടെ ഗ്രന്ഥങ്ങളും ലിബേരിയൻ ക്യാററലോഗും—പത്രോസിൻെറ തൊട്ടടുത്ത പിൻഗാമി ലീനസാണെന്നു സമ്മതിക്കുന്നു. എ. ഡി. 160-ൽ തയാറാക്കിയതെന്നു വിശ്വസിക്കപ്പെടുന്ന ഹെജെസിപ്പസിൻെറ പട്ടികയിലും പത്രോസിനെ തുടർന്നു ലീനസാണു വരുന്നതു്. എന്നാൽ തെർത്തുല്യൻ ഇതിനു എതിരായി പത്രോസിനുശേഷം ക്ലെമൻറായിരുന്നു റോമാമെത്രാൻ എന്നു പറയുന്നുണ്ടു്. പക്ഷേ ഇതൊരു പ്രമാദമാണെന്നു ചരിത്രകാരന്മാർ തെളിയിച്ചിട്ടുണ്ടു്. ക്ലെമൻറും വിശുദ്ധ ഇഗ്നേഷ്യസ്സുംസമകാലീനരായിരുന്നുവെന്നു വിശുദ്ധ ഇഗ്നേഷ്യസിൻെറ ലേഖനങ്ങളിൽനിന്നു നമുക്കറിയാം. ക്ലെമൻറു് കൊറിന്തുകാർക്കു ഒരു ലേഖനമയച്ച കാര്യം മുൻപേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. തന്മൂലം ഒന്നാംനൂററാണ്ടിൻെറ അവസാനഘട്ടത്തിൽ അദ്ദേഹം ജീവിച്ചിരുന്നുവെന്നുള്ളതു തീർച്ചയാണു്.

ഇതേവരെ പറഞ്ഞതിൽനിന്നും ഒന്നാമത്തെ റോമാമെത്രാൻ പത്രോസും, അദ്ദേഹത്തിൻെറ തൊട്ടടുത്ത പിൻഗാമി ലീനസുമായിരുന്നെന്നു വ്യക്തമാണല്ലോ. പക്ഷേ പത്രോസു വധിക്കപ്പെടുന്നതിനു മുൻപു തൻെറ പിൻഗാമിയായി ആരെ, എന്നു വാഴിച്ചു എന്നാണു ചോദ്യകർത്താവിനു് അറിയേണ്ടതു്. പിൻഗാമി ആരു് എന്ന ചോദ്യത്തിനു മറുപടി പറഞ്ഞുകഴിഞ്ഞു. എന്നാൽ അദ്ദേഹം വാഴ്ചയോ കൃത്യമായ തീയതിയെപ്പററി നമുക്കു ഖണ്ഡിതമായ രേഖയൊന്നുമില്ലാതാണിരിക്കുന്നതു്. നീറോചക്രവർത്തിയുടെ അത്യുഗ്രമായ മതപീഡനകാലത്താണല്ലോ പത്രോസ് വധിക്കപ്പെട്ടതും ലീനസു് വാഴ്ചയേററതും. ആ വാഴ്ചയുടെ വിവരം പരസ്യമായാൽ ലീനസു് വധിക്കപ്പെടുന്നതിനു അതുതന്നെ മതിയായിരുന്നു. തന്മൂലം തങ്ങളുടെ ഇടയൻെറ ജീവനിൽ ഉൽക്കണ്ഠയുണ്ടായിരുന്ന അന്നത്തെ ക്രിസ്ത്യാനികൾ രേഖയൊന്നും ഉണ്ടാക്കിവെച്ചില്ലെങ്കിൽതന്നെ അത്ഭുതപ്പെടാനില്ല. അന്നത്തെ ക്രിസ്ത്യാനികൾക്കു തങ്ങളുടെ ഇടയൻ ആരെന്നുള്ളതിനെപ്പററി യാതൊരു സംശയവും ഉണ്ടായിരുന്നില്ല. 20-ാംനൂററാണ്ടിൽ ചിലർ രേഖ ആവശ്യപ്പെടുമെന്നുള്ള ഒരു ബോധം അവർക്കു് അന്നു് ഉണ്ടായുമില്ല.

പത്രോസിൻെറ പിൻഗാമിയെപ്പററി പറയുമ്പോൾ ഒരു സംഗതി പ്രത്യേകം ഓർത്തിരിക്കേണ്ടതുണ്ടു്. പത്രോസിൻെറ പിൻഗാമികൾ മാർപ്പാപ്പാമാരാകുന്നതുവഴി റോമാമെത്രാനാകുകയല്ലാ, പ്രത്യുത റോമാമെത്രാൻ ആകുന്നതുകൊണ്ടു മാർപ്പാപ്പാമാരാകുകയാണു് എന്നതാണതു്. (ശ്ലീഹായായ പത്രോസിനെ നമ്മുടെ കർത്താവു പരമാധികാരിയാക്കുകയായിരുന്നല്ലോ; പരമാധികാരിയായതുകൊണ്ടു പത്രോസിനെ ശ്ലീഹായാക്കുകയല്ലായിരുന്നു) ആകയാൽ മാർപ്പാപ്പായെ തിരഞ്ഞെടുക്കുകയെന്നു പറഞ്ഞാൽ റോമാരൂപതയുടെ മെത്രാനെ തിരഞ്ഞെടുക്കുകയെന്നാകുന്നു യഥാർത്ഥത്തിൽ നാം ഗ്രഹിക്കേണ്ടതു്. റോമാസ്സു ഒരു മെത്രാനെ തിരഞ്ഞെടുക്കുവാനുള്ള അധികാരം റോമയിലെ സഭയ്ക്കു്—അവിടത്തെ വൈദികപ്രമുഖർക്കു—വിട്ടുകൊടുത്തിരിക്കുകയാണു്. അങ്ങനെ അധികാരം വിട്ടുകൊടുക്കുവാൻ പരമാധികാരിക്കു് അധികാരം ഉണ്ടായിരിക്കുന്നു. പരമാധികാരി ഇങ്ങനെ അധികാരദാനം ചെയ്തുകഴിഞ്ഞാൽ അതനുസരിച്ചു തിരഞ്ഞെടുക്കപ്പെടുന്ന ആൾ പരമാധികാരത്തിൽ അദ്ദേഹത്തിൻെറ പിൻഗാമിയായിരിക്കും. ഇന്നും മാർപ്പാപ്പായെ തിരഞ്ഞെടുക്കുന്നതു റോമയിലെ വൈദികപ്രമുഖന്മാരാണു്. (മാർപ്പാപ്പായെ തിരഞ്ഞെടുക്കുന്ന കർദ്ദിനാളന്മാർ റോമയിലെ ഏതെങ്കിലും ദേവാലയത്തിൻെറ സ്ഥാനികരായോ അധികാരികളായിരിക്കുന്നു.)

ആകയാൽ ലീനസ് വാഴിക്കപ്പെട്ട നാളും പക്കവും നമുക്കറിഞ്ഞുകൂടെങ്കിലും റോമാസഭ അദ്ദേഹത്തെ പത്രോസിൻെറ തൊട്ടടുത്ത പിൻഗാമിയും, തദ്വാരാ സാർവ്വത്രികസഭയുടെ അദ്ധ്യക്ഷനുമായി സ്വീകരിച്ചിരുന്നുവെന്നതു തർക്കമററസംഗതിയാണു്. നമ്മേസംബന്ധിച്ചിടത്തോളം അതു മതിയായിരിക്കുന്നു.

മാർപ്പാപ്പായുടെ പരമാധികാരം നിഷേധിച്ചുകൊണ്ടു കത്തോലിക്കാസഭ വിട്ടുപോയ ഒരു ജനതയാണു് "ഇംഗ്ലണ്ടിലെ കത്തോലിക്കർ" വിശ്വാസസംബന്ധമായ ഭിന്നതകളല്ലായിരുന്നു 16-ാംനൂററാണ്ടിൽ ആംഗ്ലേയസഭയെ കത്തോലിക്കാസഭയിൽനിന്നു വേർപെടുത്തിയതു്. ഇംഗ്ലണ്ടിലെ സഭയുടെ തലവൻ ഇംഗ്ലീഷ്‌രാജാവാണു് എന്നുള്ള ഒരു സിദ്ധാന്തത്തിലാണു അതഃപരമുള്ള ആംഗ്ലേയജനത വളർത്തപ്പെട്ടുപോന്നതു്. അങ്ങനെ മാർപ്പാപ്പായുടെ പരമാധികാരനിഷേധമെന്ന അടിത്തറയിന്മേൽ നിലകൊള്ളുന്ന ആംഗ്ലേയസഭയിലെ, നമ്മുടെ ഈ തലമുറയിലെ അതിപ്രശസ്തന്മാരായ പണ്ഡിതന്മാർ—ഓക്സ്ഫോർഡിലും മററും പഠിച്ചു് ഉന്നതബിരുദങ്ങൾ നേടുകയും ചരിത്രത്തിലും സാഹിത്യത്തിലും അനന്യസാധാരണമായ അവഗാഹം കരസ്ഥമാക്കുകയും ചെയ്ത മനീഷികൾ—പലരും ആംഗ്ലേയസഭ വിട്ടു കത്തോലിക്കരാകുന്നതായി നാം കാണുന്നു. ജി കെ ചെസ്റ്റർട്ടൺ, എ സി എഫ് ബെയിൽസു്, ഡൊണാൾഡു് അററ്‌വാട്ടർ, ഡബ്ളിയു ഇ ഓർച്ചഡു്, അർണാൾഡ് ലൺ, അൽജർനൺ സെസിൽ, റോബർട്ടു സ്റ്റെയിററു്, ക്രിസ്റ്റഫർ ഡോസൺ, ക്രിസ്റ്റഫർ ഹോളിസ്, ഈവ്‌ലിൻ വോ, ഡബ്ളിയു എഫ് സ്റ്റെഡു്, ജോൺ റോതൻസ്റ്റീൻ, റോയ് ക്യാംപ്ബെൽ, സർ ഷെയിൻ ലെസ്‌ലി, ലോർഡു പാക്കൻഹാം, റെജിനാൾഡ് ജെബ്ബു്, സി സി മാർട്ടിൻഡേൽ, റൊനാൾഡ് നോക്സ്, മിസ്സസ് കാത്‌ലിൻ ചേംബേഴ്സ് മുതലായവർ അങ്ങനെ കത്തോലിക്കസഭയിൽ ചേർന്നവരാണു്. മഹാരാരാൾക്കു കീഴ്പെട്ടിരിക്കുകയാതൊരാളും ഇഷ്ടപ്പെടാത്ത സംഗതിയാണല്ലോ. ആ സ്ഥിതിക്കു് ഈ മഹാമനീഷികൾ—അവരിൽ പലരും ചരിത്രപണ്ഡിതന്മാരുമാണു്—മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിക്കുവാൻ സന്നദ്ധരായതു്, അവരുടെ അന്വേഷണത്തിലും പഠനത്തിലും മാർപ്പാപ്പായ്ക്കു പരമാധികാരമുണ്ടെന്നു ബോദ്ധ്യമായതുകൊണ്ടല്ലേ? അവർ കത്തോലിക്കരായതുകൊണ്ടു മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിക്കയല്ലായിരുന്നു; പ്രത്യുത മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിച്ചുകൊണ്ടു കത്തോലിക്കാസഭയിൽ പ്രവേശിക്കുകയായിരുന്നു.

അതേ, പത്രോസെവിടെയോ അവിടെ സഭയും.

—o—

(2-ാം പേജ് തുടർച്ച)

നും സ്വീകരിച്ചില്ല. പക്ഷെ വിവാഹക്കാര്യം ഗ്രേസിയോടു് എങ്ങനെയാണു തുറന്നു പറയുന്നതു്. ഗ്രേസി തന്നെ തെററിദ്ധരിച്ചെങ്കിലോ? എന്നാൽ അപ്പനും അമ്മയും, ഇപ്പോൾ ഏകസഹോദരനും നഷ്ടപ്പെട്ടിരിക്കുന്ന നിരാശ്രയയായ ഗ്രേസിയെ സംരക്ഷിക്കേണ്ടതു് ജെയിംസിൻെറ അഭിലാഷമനുസരിച്ചു് തൻെറ ചുമതലയല്ലേ? ഈദൃശ വിചാരപരമ്പരകളുടെ വേലിയേററത്തിൽ ദിവസങ്ങൾ പലതും കടന്നുപോയി.

ഒരുദിവസം രാജൻ ഗ്രേസിയോടു കാര്യം തുറന്നുപറയുവാൻ തീരുമാനിച്ചു

"ഗ്രേസി, ഈ കൊടുംവെയിലത്തു എങ്ങോട്ടാണു്?" എവിടേക്കോ പോകുവാൻ പുറപ്പെട്ട ഗ്രേസിയോടയാൾ സംഭാഷണമാരംഭിച്ചു.

"ഓ, വെറുതെ പോകുന്നു" എന്നുമാത്രം അവൾ മറുപടിപറഞ്ഞു.

"എത്രകാലം ഇങ്ങനെ വെറുതെ പോകും?" രാജൻ ഭയാർത്ഥത്തിൽ ഒരു ചോദ്യംചെയ്തു.

ഗ്രേസിയുടെ മുഖത്തു ദേഷ്യത്തിൻെറ ഒരു നേരിയ ഛായ നിഴലിച്ചു.

"ഗ്രേസിയുടെ ഭാവിനന്മയ്ക്കുവേണ്ടി ഞാൻ പറയുന്നു, ആരെയെങ്കിലും ഇഷ്ടമുള്ള ഒരാളെ ജീവിതസഖാവായി തിരിഞ്ഞെടുത്തു് ജീവിതകല ആരംഭിക്കരുതോ?"

"ഇപ്പോൾ ഞാൻ വിവാഹം ഇഷ്ടപ്പെടുന്നില്ല" അവൾ താണസ്വരത്തിൽ പ്രതിവചിച്ചു

"എന്തുകൊണ്ടു്?"

ഗ്രേസി ഒരു പുഞ്ചിരിയോടെ മറുപടിയായി പറഞ്ഞു: "രാജൻ, ഞാൻ എൻെറ ഹൃദയേശ്വരനെ തിരിഞ്ഞെടുത്തുകഴിഞ്ഞു."

അതിൻെറ അർത്ഥം രാജനു മനസ്സിലായില്ല. തൻെറ സ്നേഹത്തെ അവൾ അവഗണിച്ചിരിക്കും എന്ന ആശങ്ക തോന്നാതെയുമിരുന്നില്ല.

ഗ്രേസിയുടെ പൊൻകിനാവുകൾ പൂവണിയാൻ പോകയാണു്. അവളുടെ ഹൃദയവിപഞ്ചികയിൽ ഇനി ലോകത്തിൻെറ ഗാനം മീട്ടുകയില്ല; അവളുടെ ആത്മാവിൻെറ പുല്ലാങ്കുഴൽ പാപംനിറഞ്ഞ ഈ ലോകത്തിൻെറ ഗാനം ഉതിർക്കുവാനുള്ളതല്ല. അവൾ നിശ്ചയിച്ചുകഴിഞ്ഞു, ക്രിസ്തുവിൻെറ ദിവ്യമണവാട്ടിയായി അവിടുത്തെ മന്ത്രിരിത്തോപ്പിലേക്കു പറന്നുയരുവാൻ.


രണ്ടാഴ്ചയ്ക്കുശേഷം രാജനു ആരുടേയോ ഒരു കത്തുകിട്ടി. അദ്ദേഹം അതു പൊട്ടിച്ചു ഇപ്രകാരം വായിച്ചു:-

"പ്രിയ രാജാ,

സഹോദര നിർവ്വിശേഷമായ സ്നേഹത്താൽ പ്രേരിതയായിട്ടാണു് ഞാനിപ്പോൾ ഈ കത്തെഴുതുന്നതു്. എന്നെ തെററിദ്ധരിക്കരുതു്. രാജനേക്കാൾ കൂടുതലായി ഞാൻ ഈശോയെ സ്നേഹിക്കുന്നു ഞാൻ "സിസ്റ്റേഴ്സ് ഓഫ് ചാരിററി" എന്ന ഒരു സന്യാസസമൂഹത്തിൽ ചേരുവാൻ നിശ്ചയിച്ചുകഴിഞ്ഞു. അല്ലയോ സഹോദരാ! ലോകവും അതിൻെറ സന്തോഷങ്ങളുംവിട്ടു് നാളെ ഞാൻ യാത്രയാവുകയാണു്. ക്രിസ്തുനാഥൻെറ ആ തളർന്ന മുഖത്തുനിന്നും പുറപ്പെടുന്ന "എനിക്കു ദാഹിക്കുന്നു!" എന്നുള്ള ആ ഏഴക്ഷരം അങ്ങു ശ്രവിക്കുന്നില്ലേ?.......

എന്നു്, ഗ്രേസി."

—o—

Wednesday
December 11
1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2593
Vol. 31
No. 18






പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

ഉണ്ണീശോ ബെത്‌ലെഹെമിൽ പിറന്ന അത്ഭുതകരവും ദരിദ്രതമവുമായ സംഭവമാണല്ലോ നാം കഴിഞ്ഞദിവസം പരിചിന്തിച്ചതു്. അവിടുത്തെ ആഗമനത്തിനു വലിയൊരു ലക്ഷ്യമുണ്ടെന്നു നമുക്കറിയാം—ലോകത്തെ രക്ഷിക്കുവാൻ, രക്ഷാമാർഗ്ഗം ലോകജനതയെ അറിയിക്കുവാൻ. അവിടുത്തെ ജനനമാത്രയിൽതന്നെ ഇതു സമാരംഭിച്ചുകഴിഞ്ഞു. എവിടെയാണെന്നോ? ആരോടാണെന്നോ? അതു പറയാം. കുളിരണിഞ്ഞ ആ പാതിരാത്രിയിൽ ബെത്‌ലേഹത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ ഒരു ഗണം ആട്ടിടയന്മാർ അവരുടെ ആട്ടിൻപറ്റത്തെ കാത്തു ഉറക്കമൊഴിഞ്ഞും തീകാഞ്ഞും ഇരിക്കുകയാണു്. ഉറക്കക്ഷീണംകൊണ്ടു ഇടയ്ക്കിടയ്ക്കു അവർ മന്ദിച്ചുപോകുന്നുമുണ്ടു്. അവർ പാവപ്പെട്ടവരാണു്; നിഷ്കന്മഷരാണു്; പകലന്തിയോളം ആടുകളെ മേയ്ക്കും; സന്ധ്യാവേളയിൽ ആടുകളെ സുരക്ഷിതമായി മുളയും; യഹോവായെ പ്രാർത്ഥിച്ചശേഷം അവയെക്കാത്തു അർദ്ധനിദ്രയിൽ രാത്രികഴിക്കും. അവരുടെ ഉല്ലാസവും ആനന്ദവും എല്ലാം അവരുടെ ആടുകളോടുകൂടിയാണു്. അവയാണു് അവരുടെ ജീവസന്ധാരണത്തിനുള്ള മാർഗ്ഗവും. അവരുടെ ഇടയിലുമുണ്ടു് നിങ്ങളെപ്പോലെ ബാലികാബാലന്മാരും യുവതീയുവാക്കന്മാരും. അവരെല്ലാം പതിവുപോലെ അന്നു രാത്രിയും സുഖനിദ്രയിലാണു്. പെട്ടെന്നൊരു പ്രകാശം ആകാശത്തിൽ! ആട്ടിടയന്മാർ കണ്ണുയർത്തി നോക്കി. അതെന്തായിരിക്കാം? അവർ ഭയപ്പെട്ടു. നിദ്രവിട്ടു് എല്ലാവരും ഉണർന്നുകഴിഞ്ഞു. നിദ്രാഭംഗം അവർക്കു സാധാരണമല്ല. ചിലപ്പോൾ ചെന്നായ്ക്കൾ ആടുകളെ ആക്രമിക്കാൻവരും. അവരെല്ലാവരും ഉണർന്നു അതിനെ ഓടിക്കും. ചിലപ്പോൾ കള്ളന്മാരുടെ ആക്രമണമുണ്ടാകും. അവർ കൂട്ടമായി അവരെ എതിർക്കും. ഭയവിഹ്വലരായി, എന്താപത്താണു വന്നുചേർന്നിരിക്കുന്നതെന്നു മനസ്സിലാക്കാൻ അവർ മിഴിച്ചുനില്ക്കുകയാണു്. അതാ, ആ പ്രകാശമദ്ധ്യത്തിൽ ഒരു കോമളവിഗ്രഹം—ഒരു ചേതോഹരനായ മാലാഖാ പ്രത്യക്ഷപ്പെടുന്നു. ഒരു മോഹനസന്ദേശവുമായിട്ടാണു് മാലാഖായുടെ പുറപ്പാടു്: "നിങ്ങൾ ഭയപ്പെടേണ്ടാ, സകല ജനങ്ങൾക്കും അത്യാനന്ദകരമായ ഒരു സദ്വാർത്ത ഇതാ ഞാൻ കൊണ്ടുവന്നിരിക്കുന്നു. ദാവീദിന്റെ ഈ പട്ടണത്തിൽ ഇന്നു നിങ്ങൾക്കു ഒരു രക്ഷകൻ പിറന്നിരിക്കുന്നു. അവനെ തിരിച്ചറിയുന്നതിനുള്ള അടയാളം ഇതാണു്. പിള്ളക്കച്ചയിൽ പൊതിഞ്ഞു് ഒരു പുൽത്തൊട്ടിയിൽ കിടത്തപ്പെട്ടിരിക്കുന്നതായി ആ ശിശുവിനെ നിങ്ങൾ കാണും" തൽക്ഷണം അനവധി മാലാഖമാരുടെ ഒരു ഗാനം ആ അന്തരീക്ഷത്തിൽ മുഴങ്ങി: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം." അവരുടെ സന്തോഷത്തിനതിരില്ലായിരുന്നു. പാവപ്പെട്ടവരും അക്ഷരാഭ്യാസമില്ലാത്തവരുമായിരുന്നെങ്കിലും അവർ മതഭക്തരായിരുന്നു. ഒരു രക്ഷകൻ വരുമെന്നുള്ള പ്രതീക്ഷയും രക്ഷകന്റെ വരവിനുവേണ്ടിയുള്ള പ്രാർത്ഥനയും അവരുടെ ഹൃദയങ്ങളെ ഉത്തേജിപ്പിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു തൽക്ഷണം അവർ തീരുമാനിച്ചു: "വരുവിൻ, നമുക്കു ബെത്‌ലേഹമിൽപോയി ദൈവം നമുക്കു വെളിപ്പെടുത്തിയ സംഭവങ്ങൾ നേരിൽ കാണാം."

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ, ഇതാ നോമ്പുകാലം ഒരു മാലാഖയെപ്പോലെ നിങ്ങളെ സമീപിച്ചിരിക്കുന്നു. ബെത്‌ലേഹമിൽ പിറന്ന ഉണ്ണീശോയിലേക്കു ആ നല്ല മാലാഖ നിങ്ങളെ ക്ഷണിക്കുന്നു. രക്ഷകനെ കാണുവാൻ വിനീതരായി, പാപത്തെപ്പറ്റി അനുതാപമുള്ളവരായി, പ്രായശ്ചിത്തം ചെയ്യുന്നതിനു സന്നദ്ധതയുള്ളവരായി നിങ്ങൾ പുറപ്പെടണമെന്നാണു് ആ ക്ഷണത്തിന്റെ അർത്ഥം. നിർമ്മലരായ ആട്ടിടയന്മാരുടെ നിർമ്മലരായ കുട്ടികൾ ഉണ്ണീശോയെ സമീപിക്കുന്ന ചിത്രം നിങ്ങളുടെ മനസ്സിൽ തെളിഞ്ഞു പ്രകാശിക്കട്ടെ. നിർമ്മലതനിറഞ്ഞ ഒരു ഹൃദയം നമുക്കുണ്ടെങ്കിൽ ഉണ്ണീശോയുമായുള്ള നമ്മുടെ സമ്പർക്കം ആനന്ദപൂരിതമായിരിക്കും. നിങ്ങൾ എല്ലാവരും പിറവിത്തിരുനാളിനു ശ്രദ്ധാപൂർവ്വം ഒരുങ്ങുവിൻ. ഇക്കൊല്ലത്തെ പിറവിത്തിരുനാൾ അതിന്റെ പരിപൂർണ്ണഫലം നിങ്ങളിൽ പുറപ്പെടുവിക്കുവാൻ ഇടയാകട്ടെ!

വല്യേട്ടൻ

### 143-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെപേർ—ചന്ദ്രൻ

### പ്രശ്നം നമ്പർ 144

(ടി. എം. ലാസർ Reg. No. 98)

മാനവസമുദായത്തിന്റെ അഭിവൃദ്ധിക്കു അത്യാവശ്യം വേണ്ട ഒരു ഘടകമാണു് ഞാൻ. എന്നെക്കൂടാതെ പുരോഗതിയുണ്ടാവുകയില്ല; പല പല കുഴപ്പങ്ങളും പൊട്ടിപ്പുറപ്പെടുകയും ചെയ്യും. എന്റെപേരിനു അഞ്ചക്ഷരമുണ്ടു്. ഒന്നുംമൂന്നും അക്ഷരങ്ങൾ നീക്കിയാൽ ഞാൻ കണക്കുശാസ്ത്രത്തിലെ ഒരു പ്രക്രിയയുടെ പേരാകും. മൂന്നും നാലും അഞ്ചും അക്ഷരങ്ങൾ ചേർത്താൽ പ്രവൃത്തി എന്നർത്ഥം കിട്ടും, അതു ശരീരത്തിലെ ഒരു ഭാഗവുമാകും. നാലും അഞ്ചും അക്ഷരങ്ങൾ ചേർന്നാൽ യുദ്ധമാകും. ഒന്നാമത്തെ അക്ഷരം വസന്തത്തിലുണ്ടു്, രണ്ടാമത്തേതു് ഹരിശ്രീയിലുണ്ടു്, മൂന്നാമത്തേതു് കുഴകനിലുണ്ടു്, നാലാമത്തേതു് അപരനിലുണ്ടു്; അവസാനഅക്ഷരം പണത്തിലുണ്ടു്. എന്റെ പേരുപറയാമോ?

(ഉത്തരം അടുത്തതിൽ)

## കത്തോ. വിദ്യാർത്ഥി സംഘടനകളുടെ ആവശ്യകത

(ഔസേപ്പ് ഒ. കാളാരൻ Reg. No. 15)

(നവമ്പർ 24-ാംനു കോട്ടയത്തു "മാമൻമാപ്പിള മെമ്മോറിയൽ ഹാളി"ൽവച്ചു നടത്തപ്പെട്ട കോട്ടയം-വിജയപുരം രൂപതകളിലെ പൊതുഉപന്യാസമത്സരത്തിൽ ഒന്നാംസമ്മാനത്തിനർഹമായതു്)

ആധുനികകാലം സംഘടനകളുടെ ഒരു കാലമാണെന്നുതന്നെ പറയാം. ഇന്നു നാം എവിടെനോക്കിയാലും സംഘടനകളേയും സംഘടിതമായ പ്രവർത്തനങ്ങളേയും കാണാൻ കഴിയും. ജീവിതത്തിന്റെ എല്ലാ തുറയിലുമുള്ള ആളുകൾക്കും സംഘടനകളുണ്ടു്. തൊഴിലാളികൾക്കു് തൊഴിലാളിസംഘടനകളുണ്ടു്. മുതലാളികൾക്കു് മുതലാളിസംഘടനകളുണ്ടു്. അദ്ധ്യാപകർക്കു് അദ്ധ്യാപകസംഘടനകൾ, വിദ്യാർത്ഥികൾക്കു് അവരുടേതായ സംഘടനകൾ, യുവാക്കൾക്കു് സംഘടനകൾ, സ്ത്രീസംഘടനകൾ എന്നുവേണ്ട നാനാജാതിമതസ്ഥർക്കും നാനാതുറകളിൽ ഉള്ളവർക്കും സംഘടനകൾ ഉണ്ടു്. എന്താണിവയുടെയെല്ലാം ആവശ്യം? ഏതുകാര്യത്തിലും ഒറ്റയായിനിന്നുള്ള പ്രവർത്തനത്തേക്കാൾ ഗുണപ്രദവും അഭികാമ്യവുമായിട്ടുള്ളതു് സംഘടിതമായ പ്രവർത്തനങ്ങളാണെന്നുള്ളതിൽ പക്ഷാന്തരമില്ല. അതുകൊണ്ടാണു് പ്രവർത്തനങ്ങളുടെ കാലമായിരിക്കുന്ന ആധുനികകാലത്തു് ഇത്രയധികം സംഘടനകളെ നമുക്കു് കാണുവാൻ സാധിക്കുന്നതു്. അതിൽ അത്ഭുതപ്പെടാനില്ല.

മേല്പറയപ്പെട്ട ചില സംഘടനകളിൽ വിദ്യാർത്ഥിസംഘടനകളെപ്പറ്റിയും സൂചിപ്പിച്ചല്ലോ. വിദ്യാർത്ഥിസംഘടനകളിൽത്തന്നെ മതസംഘടനകളും മതേതരസംഘടനകളും ഉണ്ടു്. എ സി സി, എൻ സി സി മുതലായവ മതേതരസംഘടനകളാണു്. എന്നാൽ വൈ എം എ സി, എം സി എസ് എൽ, സി എസ് യു മുതലായവ കത്തോലിക്കാവിദ്യാർത്ഥികൾക്കുവേണ്ടിയുള്ള മതസംഘടനകളാണു്. ഇങ്ങനെയുള്ള കത്തോലിക്കാവിദ്യാർത്ഥി സംഘടനകളുടെ ആവശ്യകതയെപ്പറ്റിയും അവകളുടെ പ്രവർത്തനങ്ങളെപ്പറ്റിയും പരിചിന്തനംചെയ്യാം.

വിദ്യാലയമാണു്, നാളത്തെ പൗരന്മാരാക്കി വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതു്. ഒരുവന്റെ പ്രവൃത്തികളിൽനിന്നും അവൻ അഭ്യസനം ചെയ്ത സ്കൂൾ ഏതെന്നു് അല്ലെങ്കിൽ എങ്ങനെയുള്ളതെന്നു മനസ്സിലാക്കാം. അഥവാ ഒരുവൻ പഠിച്ച വിദ്യാലയം ഏതെന്നു പറഞ്ഞാൽ അവൻ എങ്ങനെയുള്ളവനാണു് അല്ലെങ്കിൽ എങ്ങനെയുള്ളവനായിത്തീരും എന്നു നിശ്ചയിക്കുവാൻ സാധിക്കും. ഈ വസ്തുത പല മഹാന്മാരും എടുത്തെടുത്തു പറഞ്ഞിട്ടുള്ളതാണു്. അതുകൊണ്ടു് വിദ്യാലയത്തിൽവച്ചു കുട്ടികൾ എപ്രകാരം പരിശീലിപ്പിക്കപ്പെടുന്നുവോ അതേമാനദണ്ഡത്തിന്മേലായിരിക്കും അവരുടെ ഭാവിജീവിതത്തിന്റെ കടിഞ്ഞാൺ നിയന്ത്രിക്കപ്പെടുന്നതു്. വിദ്യാർത്ഥികളെ ഉത്തമപൗരന്മാരാക്കിത്തീർക്കുന്നതിനും സമുദായമദ്ധ്യത്തിൽ ഉത്തമപൗരന്മാരായി ജീവിക്കുവാൻ അഭ്യസിപ്പിക്കുന്നതിനും മററുമായി വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്കായി അനവധി സംഘടനകൾ സ്ഥാപിച്ചു നടത്തിവരുന്നു. അവയിൽ കത്തോലിക്കരുടേതായ പ്രൈവററു വിദ്യാലയങ്ങളിൽ കത്തോലിക്കാ സംഘടനകൾ സ്ഥാപിച്ചു പ്രവർത്തനം നടത്തുന്നു. അവയിൽ പ്രധാനപ്പെട്ടവയുടെ പേരുകൾ മുൻ പ്രസ്താവിച്ചുവല്ലോ.

എന്താണിവയുടെ ആവശ്യം? പൊതുവായിപ്പറഞ്ഞാൽ കുട്ടികളിൽ സാമൂഹ്യബോധം ഉളവാക്കുന്നതിനും, വിശാലമായ വീക്ഷണഗതിയുള്ളവരാക്കിത്തീർക്കുന്നതിനും വിദ്യാർത്ഥികളിൽ ഒളിഞ്ഞുകിടക്കുന്ന കലാവാസനകളെ പരിപുഷ്ടമാക്കുന്നതിനും മററുമായാണു് വിദ്യാർത്ഥിസംഘടനകൾ സ്ഥാപിച്ചുനടത്തുന്നതു്. ബാല്യംമുതൽക്കേ ഒറ്റയായി വേർതിരിഞ്ഞു ജീവിച്ചുവരുന്ന കുട്ടികളുടെ ഭാവി ഇരുളടഞ്ഞതായിരിക്കും. അങ്ങനെയുള്ളവരെക്കൊണ്ടു് സമുദായത്തിനോ സഭയ്ക്കോ യാതൊരു ഗുണവും ഉണ്ടാകയില്ല. അതുകൊണ്ടു കുട്ടികൾ ചെറുപ്പംമുതൽക്കേ

(ശേഷം 7-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Mamorial Press,
Ernakulam-1